www.malankaralibrary.com

# യാക്കോബിന്റെ വഴി:
## തീർത്ഥാടന കുറിപ്പുകൾ

ഫാ. മാത്യു ചാർത്താക്കുഴിയിൽ



LIFEDAY

www.malankaralibrary.com

# യാക്കോബിന്റെ വഴി
# തീർത്ഥാടന കുറിപ്പുകൾ

ഡോ. ഫാ. മാത്യു ചാർത്താക്കുഴിയിൽ

LIFEDAY BOOKS

www.malankaralibrary.com

## പ്രസാധക കുറിപ്പ്

ഡോ. ഫാ. മാത്യു ചാർത്താക്കുഴിയുടെ 'യാക്കോബിന്റെ വഴി: തീർത്ഥാടന കുറിപ്പുകൾ' പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിൽ ലൈഫ്ഡേ - യ്ക്ക് ഏറെ സന്തോഷമുണ്ട്. വായനക്കാർക്ക് ദൈവത്തെ കണ്ടെത്താനുള്ള ഒരിടമാകട്ടെ ഈ പുസ്തകം എന്ന് ആശംസിക്കുന്നു.

**Lifeday**

ദിവ്യകാരുണ്യ മിഷനറി സഭയുടെ എമ്മാവൂസ് പ്രൊവിൻസിന്റെ സമഗ്ര ക്രിസ്ത്യൻ ഓൺലൈൻ പോർട്ടലായ www.lifeday.in -ന്റെ പുസ്തക പ്രസിദ്ധീകരണ വിഭാഗമാണ് Lifeday Books.

Malayalam
Yackobinte Vazhi: Theerthadana Kurippukal
(Travelogue)

| | |
|---|---|
| Author | : Dr. Fr. Mathew Charthakuzhiyil |
| © | : Lifeday Books |
| First impression | : October, 2019 |
| Publishers | : Lifeday Books, Kottayam - 04 |
| Printed at | : Apple Graphics, Changanacherry |
| Type Setting & Cover | : Maggi Jerry Francis |
| Price | : Rs. 150/- |
| Copies availabe at | : www.lifeday.in |

www.malankaralibrary.com

## അവതാരിക



യാത്രകൾ ഇഷ്ടപ്പെടാത്തവരായി ആരും തന്നെയില്ല. ആഘോഷത്തിനും പരിവേഷണത്തിനും തീർത്ഥാടനത്തിനുമായി പലതരം യാത്രകൾ നാം നടത്താറുണ്ട്. ഉല്ലാസയാത്രകൾ നമ്മുടെ ശരീരത്തിനും മനസ്സിനും കുളിർമ്മയേകുന്നവയാണ്. എന്നാൽ തീർത്ഥാടനയാത്രകളാകട്ടെ, തപശ്ചര്യകളുടെയും ദൈവാനുഭവത്തിന്റെയും മാനവീകതയുടെയും ആത്മീയാനന്ദമാണ് നമുക്ക് പ്രദാനം ചെയ്യുന്നത്.

ക്രൈസ്തവ കാഹളത്തിൽ പ്രസിദ്ധീകരിച്ച മാത്യു ചാർത്താക്കുഴിയിലച്ചന്റെ തീർത്ഥാടന കുറിപ്പുകൾ വായിച്ചപ്പോൾ അലൗകീകമായ ദിവ്യാനുഭൂതിയാണ് എനിക്കുണ്ടായത്. നിത്യജീവിതത്തിലെ വലിയ തിരക്കുകൾ മൂലം എനിക്ക് പ്രാവർത്തികമാക്കാൻ കഴിയാതെ പോയ തീർത്ഥാടന വഴികളിലൂടെ സഞ്ചരിക്കുവാനുള്ള സുവർണ്ണാവസരമാണ് ഈ യാത്രാക്കുറിപ്പുകൾ വായിച്ചതിലൂടെ എനിക്ക് ലഭിച്ചത്. ഒരു തീർത്ഥാടകന്റെ സമർപ്പണ മനോഭാവവും വിശാല ചിന്താഗതിയും ത്യാഗമനഃസ്ഥിതിയും ഓരോ വാക്കിലും തെളിഞ്ഞു കാണാം. നൈമിഷിക സുഖങ്ങളുടെയും സ്വാർത്ഥ താൽപര്യങ്ങളുടെയും പിന്നാലെ പായുന്ന ആധുനിക മനുഷ്യൻ, ശാന്തിയും സമാധാനവും കൈവരിക്കാൻ പല മാർഗ്ഗങ്ങളും തേടാറുണ്ട്. കാനന

www.malankaralibrary.com

പാതകളും കടൽത്തീരങ്ങളും താണ്ടിയുള്ള ഈ യാത്രാനുഭവങ്ങൾ ശാന്തിയുടെയും സമാധാനത്തിന്റെയും നവചൈതന്യമാണ് നമുക്ക് നൽകുന്നത്. ഇതിലെ ചിന്തോദ്ദീപകങ്ങളായ പല വാക്കുകളും ആത്മീയ ഉണർവ്വുകളുടെ മകുടോദാഹരണങ്ങളാണ്.

യാക്കോബിന്റെ വഴി എന്ന ഭാഗത്ത്, "ദൈവം ശാന്തതയുടെ സ്നേഹിതനാണെന്നും എന്റെ മനസ്സിനെ ശാന്തമാക്കിയപ്പോഴാണ് ദൈവം എന്നോട് സംസാരിക്കുന്നുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞത്" എന്നുമുള്ള അച്ചന്റെ പരാമർശം എന്നെ ഏറെ ചിന്തിപ്പിച്ചു. തീർത്ഥാടനത്തിന്റെ വഴികളിൽ ഈ പ്രപഞ്ചം മുഴുവനും തീർത്ഥാടകനോട് സംവദിക്കുന്നു എന്നതിന്റെ സാക്ഷ്യപ്പെടുത്തലാണ് ഈ വരികൾ.

തീർത്ഥാടനത്തിലൂടെ ഒരുവൻ നേടിയെടുക്കുന്ന ലാളിത്യം, ആത്മീയാനന്ദം, പുണ്യം, ആസ്വാദനം ഇവയൊക്കെ വായനയിലൂടെ ഞാൻ അനുഭവിച്ചറിയുകയായിരുന്നു. സാന്റിയാഗോ കത്തീഡ്രലിന്റെ ഉൾഭാഗവും കല്ലുപാകിയ അതിവിശാലമായ മുറ്റവുമൊക്കെ ഈ പുസ്തകത്തിൽ അച്ചൻ വിവരിക്കുമ്പോൾ അവയൊക്കെ നേരിട്ടു കാണുന്നതു പോലെയുള്ള അനുഭവമാണ് എനിക്കുണ്ടായത്. അറിവിന്റെ പുതിയ വിഹായസ്സുകളും കാണാക്കാഴ്ചകളും വായനയിലൂടെ ദർശിക്കാൻ എനിക്ക് കഴിഞ്ഞുവെന്നത് എന്നെ ഏറെ സന്തോഷിപ്പിക്കുന്നു. ഓരോ വരിയും, വരികൾക്കിടയിലെ ആശയപ്രപഞ്ചവും വിരസതയില്ലാത്ത ആകാംക്ഷയുണർത്തുന്ന തരത്തിലുള്ള വായനാനുഭവങ്ങളിലേയ്ക്ക് എന്നെ നയിച്ചു.

തീർത്ഥാടന കുറിപ്പുകൾ കോർത്തിണക്കി ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു. യാത്രകളെ സ്നേഹിക്കുകയും, തീർത്ഥാടനത്തെ അനുഭവമാക്കുകയും, വായനയെ ആസ്വദിക്കുകയും ചെയ്യുന്ന ഏവർക്കും ഈ പുസ്തകം പ്രയോജനപ്രദമാണ്. ബഹു. അച്ചന്റെ ഈ സംരംഭത്തിന് എന്റെ എളിയ വാക്കുകൾ പ്രചോദനവും ആത്മവിശ്വാസവും പകരട്ടെയെന്ന് ആശംസിക്കുന്നു. അതോടൊപ്പം സമൂഹത്തെ ഗുണപരമായി പരിവർത്തിപ്പിക്കാനുള്ള അച്ചന്റെ പരിശ്രമങ്ങൾ യാഥാർത്ഥ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

പുസ്തകത്തിൽ ഒരിടത്ത് അച്ചൻ എഴുതുന്നു: "തീർത്ഥാടനം ചിലർക്ക് ദൈവത്തെ കണ്ടെത്താനുള്ള പരിശ്രമമാണ്. മറ്റു ചിലർക്കാകട്ടെ, സഹജീവികളെ തിരിച്ചറിയാനുള്ള അന്വേഷണവും വേറെ ചിലർക്ക് സ്വയം കണ്ടെത്താനുള്ള ഗവേഷണവും." ഈ പുസ്തക വായന ഇതിന് പര്യാപ്തമാകട്ടെയെന്ന് ഞാൻ ഹൃദയപൂർവ്വം ആശംസിക്കുന്നു!

**ഫാ. ജോർജ്ജ് മാത്യു കരൂർ**

*പ്രിൻസിപ്പൽ, സർവ്വോദയ വിദ്യാലയ, തിരുവനന്തപുരം*

www.malankaralibrary.com

# ആമുഖം

"The boat is safer anchored at the port; but that is not the aim of the boats" - Paulo Coelho, *The Pilgrimage.*



പുണ്യസങ്കേതമായ ജറുസലേം ദൈവാലയത്തിലേക്ക് തീർത്ഥാടനത്തിനായി ഒരുങ്ങുന്ന വിശ്വാസിയുടെ വികാരങ്ങളെ സങ്കീർത്തകൻ വളരെ മനോഹരമായി വിവരിക്കുന്നുണ്ട്. "കർത്താവിന്റെ ആലയത്തിലേക്ക് നമുക്ക് പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ അതിയായി സന്തോഷിച്ചു" (122:1).

ഏതാണ്ട്, ഇതേ വികാരത്തോടു കൂടിയായിരുന്നു ഒരുപാടു നാളത്തെ പ്രാർത്ഥനക്കും ഒരുക്കത്തിനും ശേഷം 2014-ൽ യാക്കോബിന്റെ കബറിടം ലക്ഷ്യമാക്കി ഞാൻ തീർത്ഥാടനത്തിന് ഇറങ്ങിത്തിരിച്ചത്. ഒരു തവണ അത് വിജയകരമായി പൂർത്തിയാക്കിയത്, 2017-ൽ വീണ്ടും തീർത്ഥാടനം നടത്താനുള്ള പ്രലോഭനം എന്നിലുളവാക്കി. ഈ രണ്ട് യാത്രകളിലും ഒപ്പമുണ്ടായിരുന്ന ഇറ്റലിക്കാരനായ ജാംപൗളോ, ഒരോ തീർത്ഥാടാനത്തിനു ശേഷവും ഓരോ പുസ്തകങ്ങൾ ഇറ്റാലിയൻ ഭാഷയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

എന്റെ അനുഭവങ്ങൾ കോർത്തിണക്കി ആദ്യം, തിരുവനന്തപുരം മേജർ അതിരൂപതയുടെ പ്രസിദ്ധീകരണമായ ക്രൈസ്തവ കാഹളത്തിലും പിന്നീട് ദിവ്യകാരുണ്യ സഭയുടെ (MCBS)

www.malankaralibrary.com

നേതൃത്വത്തിലുള്ള www.lifeday.in -ലും പ്രസിദ്ധീകരിച്ചു. വായനക്കാരുടെ പ്രോത്സാഹനത്തിന്റെയും അഭിപ്രായത്തിന്റെയും വെളിച്ചത്തിലാണ് ഇങ്ങനെയൊരു പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കുന്നത്.

തീർത്ഥാടന നടത്തം പോലെ തന്നെ, എഴുത്തും വായനയും വേദന പ്രദാനം ചെയ്യുന്ന അനുഭവമാണ്. നല്ല വായനയുണ്ടെങ്കിലേ നന്നായി എഴുതാൻ സാധിക്കൂ. ഇതു രണ്ടും താപസ-സമാനമായ സമർപ്പണം എഴുത്തുകാരനിൽ നിന്നും ആവശ്യപ്പെടുന്നു. 'യാക്കോബിന്റെ വഴി' യിലെ പ്രത്യേകതകളും ചരിത്രപ്രാധാന്യവും കണ്ടുമുട്ടിയ സഹയാത്രികരുടെ ജീവിതാനുഭവങ്ങളുമൊക്കെ ചേർത്താണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. സ്ഥലനാമങ്ങളും അനുഭവകഥകളും ഒരു മാറ്റവും കൂടാതെ അതുപോലെ തന്നെ വിവരിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിൽ സഹയാത്രികരുടെ പേരിന് മാറ്റം വരുത്തി ഉപയോഗിച്ചിട്ടുണ്ട്. അത് അവരുടെ വ്യക്തിസ്വാതന്ത്ര്യത്തെയും രഹസ്യാത്മകതയെയും മാനിക്കുന്നതിനു വേണ്ടിയിട്ടാണ്. ഒരു ആത്മീയാനുഭവം വായനക്കാരനു നൽകുക എന്നത് എന്റെ ലക്ഷ്യമാണ്. ആത്മപ്രശംസയുടെ അംശങ്ങൾ ഇല്ലാതെ ദൈവനാമ മഹത്വത്തിനായിട്ടാണ് ഈ വരികളത്രയും കുറിച്ചിരിക്കുന്നത്. ഇതിനു വിപരീതമായി എന്തെങ്കിലും എന്റെ വിവരണത്തിൽ നിന്നും തോന്നിയാൽ സദയം ക്ഷമിക്കുക.

എന്റെ യാത്രക്കുള്ള അനുവാദവും പുസ്തക പ്രസിദ്ധീകരണത്തിനുള്ള ആശിർവാദവും തന്നനുഗ്രഹിച്ചത് പരിശുദ്ധ ബസേലിയോസ് ക്ലിമീസ് ബാവാ തിരുമേനിയാണ്. ഈ പുസ്തകത്തിനു തന്ന ബാവാ തിരുമേനിയുടെ മനോഹരമായ അനുഗ്രഹാശംസകൾക്ക് വലിയ നന്ദി. പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുൻ പ്രധാന അധ്യാപകനും മാതൃകാ അധ്യാപകനുള്ള ദേശീയ അവാർഡ് ജേതാവുമായ ബഹു. ജോർജ്ജ് മാത്യു കരൂർ അച്ചൻ ഹൃദയസ്പർശിയായ അവതാരിക കൊണ്ട് ഈ ഗ്രന്ഥത്തിന്റെ ഭംഗി വർദ്ധിപ്പിച്ചിരിക്കുന്നതിന് ഒത്തിരി നന്ദി. കാഹളത്തിന്റെ ചീഫ് എഡിറ്റർ ബഹു. ബോവാസ് മാത്യു അച്ചനും, ലൈഫ് ഡേ ഡയറക്ടർ ബഹു. ജി. കടൂപ്പാറയിൽ അച്ചനും അവരുടെ സഹപ്രവർത്തകർക്കും

www.malankaralibrary.com

എന്റെ ഹൃദയം നിറഞ്ഞ നന്ദി. ഇതിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നത് ആപ്പിൾ ഗ്രാഫിക്സ്, ചങ്ങനാശ്ശേരി ആണ്. അവർക്കും ഏതെങ്കിലും വിധത്തിൽ എന്നെ സഹായിച്ച എല്ലാവർക്കും നന്ദി.

എനിക്ക് തീർത്ഥാടനത്തിലൂടെ ലഭിച്ച ആത്മീയാനുഗ്രഹത്തിന്റെ അംശം ഈ പുസ്തക വായനയിലൂടെ നിങ്ങൾക്കും ലഭിക്കട്ടെ എന്നു ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**ഫാ. മാത്യു ചാർത്താക്കുഴിയിൽ**



## സമർപ്പണം

അറിവിന്റെയും വലിയ ജീവിതാനുഭവങ്ങളുടെയും ലോകത്തിലേയ്ക്ക് തുറന്നിരുന്ന വാതായനത്തിലൂടെ എന്നെ കൈപിടിച്ചു കടത്തിവിട്ട മോറാൻ മോർ സിറിൾ ബസേലിയോസ് കാതോലിക്കാ ബാവായുടെ പാവന സ്മരണയ്ക്ക്...

www.malankaralibrary.com

## ഉള്ളടക്കം


1. ചരിത്രപശ്ചാത്തലം 11

2. എന്നെ തീർത്ഥാടനത്തിന് പ്രേരിപ്പിച്ച ഘടകങ്ങൾ 19

3. ശാരീരിക പരിശീലനം 27

4. തീർത്ഥാടനം ആരംഭിക്കുന്നു 36

5. പ്രശസ്തമായ റോൺസസ്വാലസ് 45

6. ഫ്രാൻസിസ്കൻ ആശ്രമാനുഭവങ്ങൾ 56

7. വടക്കൻ തീർത്ഥാടനം ആരംഭിക്കുന്നു 68

8. സാന്റില്ലാനയിലെ മിണ്ടാമഠവും മലയാളി സിസ്റ്റേഴ്സും 77

9. മരണത്തെക്കുറിച്ചൊരു വിചിന്തനം 87

10. എല്ലാ വഴികളും സാന്റിയാഗോയിൽ സന്ധിക്കുന്നു 97

11. തീർത്ഥാടനം ഭൂമിയുടെ അതിർത്തിയിൽ അവസാനിക്കുന്നു 107

12. ചിത്രങ്ങൾ നിറങ്ങളിൽ 117

www.malankaralibrary.com

www.malankaralibrary.com

# 1 ചരിത്ര പശ്ചാത്തലം

ഭൂമിയിൽ ചുരുങ്ങിയ കാലത്തെ തീർത്ഥാടനത്തിനു വന്നിരിക്കുന്നവരാണ് മനുഷ്യർ എന്ന ചിന്ത ക്രിസ്തീയ പ്രബോധത്തിന്റെ ഭാഗമാണ് (1 പത്രോ. 2:11; ഫിലി. 3:20). മനുഷ്യന്റെ ചരിത്രം ആരംഭിക്കുന്നിടത്തു നിന്നും തീർത്ഥാടന ചരിത്രവും ആരംഭിക്കുന്നു. ദൈവത്തെ കണ്ടെത്തുവാനും ആത്മീയോന്നതി പ്രാപിക്കുവാനുമുള്ള മാർഗ്ഗമെന്ന നിലയിൽ ലോകത്തിലെ പ്രധാന മതങ്ങളെല്ലാം തന്നെ തീർത്ഥാടനത്തെ പ്രോത്സാഹിപ്പിക്കുന്നു. ദൈവിക സാന്നിധ്യമുള്ള പുണ്യസങ്കേതങ്ങൾ സന്ദർശിക്കുന്നതു വഴി അവിടെയുള്ള വിശുദ്ധിയുടെ അംശം തനിക്കും ലഭിക്കണമെന്നും തീർത്ഥാടകൻ ആഗ്രഹിക്കുന്നു.

2010 നവംബർ മാസത്തിൽ സ്പെയിനിലെ സാന്റിയാഗോ കത്തീഡ്രൽ സന്ദർശിച്ച വേളയിൽ ബെനഡിക്ട് 16-ാമൻ മാർപാപ്പ തീർത്ഥാടനത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞു: ''തീർത്ഥാടനത്തിനു പോവുകയെന്നാൽ, പ്രത്യേക പ്രകൃതിസൗന്ദര്യവും ചരിത്രപ്രാധാന്യവുമുള്ള സ്ഥലങ്ങൾ അന്വേഷിക്കുകയെന്നല്ല. പിന്നെയോ, ഒരുവൻ തന്നിൽ നിന്നു

www.malankaralibrary.com
തന്നെ പുറത്തുവന്ന് വിവിധങ്ങളായ വിധത്തിൽ മനുഷ്യന് വെളിപ്പെടുത്തുന്ന ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുകയും അതിനുശേഷം ശോഭയോടെ, കണ്ടെത്തിയ ദൈവകൃപ വെളിപ്പെടുത്തുകയും മാനസാന്തരത്തിലൂടെ വിശുദ്ധി പ്രാപിച്ച് നന്മയുടെ സത്ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുക" എന്നതാണ്.

ക്രിസ്തീയജീവിതത്തിൽ, തീർത്ഥാടനത്തിന് വലിയ പ്രാധാന്യമാണ് ഇന്നുള്ളത്. വിശുദ്ധരുടെ കബറിടം പ്രത്യേക ദൈവസാന്നിധ്യമുള്ള സ്ഥലമായതിനാൽ അവിടേയ്ക്ക് നല്ല ഒരുക്കത്തോടെ തീർത്ഥാടനം നടത്തുന്നവർക്ക് ജീവിതത്തിൽ വലിയ ശാന്തിയും സമാധാനവും സമ്മാനമായി ലഭിക്കുന്നു. നമ്മുടെ കർത്താവിന്റെ രക്ഷണീയ കർമ്മങ്ങൾക്ക് വേദിയായ വിശുദ്ധ നാട്ടിലേയ്ക്കുള്ള ക്രൈസ്തവരുടെ തീർത്ഥാടാനങ്ങൾക്ക് രണ്ട് സഹസ്രാബ്ദത്തിന്റെ അനുഭവ കഥയാണ് പറയാനുള്ളത്.

റോമാ സാമ്രാജ്യത്തിലെ ആദ്യത്തെ ക്രൈസ്തവ ചക്രവർത്തിയായിരുന്ന കോൺസ്റ്റൻന്റീന്റെ അമ്മ വി. ഹെലനാ രാജ്ഞി നാലാം നൂറ്റാണ്ടിൽ വിശുദ്ധ നാട്ടിലേയ്ക്ക് നടത്തിയ തീർത്ഥാടനം (എ.ഡി. 326- 328) വളരെ പ്രസിദ്ധമാണ്. അവിടെ നമ്മുടെ കർത്താവിന്റെ കുരിശ് കണ്ടെത്തുകയും വിവിധ ദൈവാലയങ്ങൾ നിർമ്മിക്കുകയും ചെയ്തു. വിശുദ്ധ നാട്ടിൽ കണ്ടെത്തിയ പല തിരുശേഷിപ്പുകളും ഹെലനാ രാജ്ഞി റോമിൽ കൊണ്ടുവന്ന് വിവിധ ദൈവാലയങ്ങൾ നിർമ്മിച്ച് അതിൽ സ്ഥാപിച്ചു.

തീർത്ഥാടകന്റെ വേദനകളിൽ നിന്നായിരുന്നു മദ്ധ്യകാലയുഗത്തിലെ കുരിശുയുദ്ധങ്ങളുടെ ആരംഭം. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണത്തിനും രക്തസാക്ഷിത്വത്തിനും വേദിയായ റോമാ നഗരം ക്രൈസ്തവരുടെ രണ്ടാമത്തെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ്. ആദിമ ക്രൈസ്തവരുടെ രക്തസാക്ഷിത്വത്തോടു കൂടിയ സുവിശേഷ സാക്ഷ്യം പിന്നീടുവന്ന അനേക തലമുറകളുടെ വിശ്വാസത്തെ തകരാതെ പിടിച്ചുനിർത്താൻ സഹായിച്ചു. അങ്ങനെ അവർ ജീവിച്ചു-മരിച്ച സ്ഥലങ്ങളൊക്കെ തീർത്ഥാടനകേന്ദ്രങ്ങളായി പരിണമിച്ചു.

www.malankaralibrary.com

ക്രൈസ്തവ വിശ്വാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്നാമത്തെ തീർത്ഥാടന കേന്ദ്രമാണ് സ്പെയിനിലെ സാന്റിയാഗോയിലുള്ള വി. യാക്കോബിന്റെ കബറിടം. ആ കബറിടത്തിനു മുകളിലായിട്ടാണ് പ്രധാന അൾത്താര. ആ അൾത്താര കേന്ദ്രബിന്ദുവാക്കിയാണ് കത്തീഡ്രൽ ദൈവാലയവും അവിടുത്തെ നഗരവും തന്നെ നിർമ്മിച്ചിരിക്കുന്നത്. മദ്ധ്യകാല യുഗത്തിൽ യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് തീർത്ഥാടകർ പദയാത്ര ചെയ്ത് ഇവിടെ എത്തിയിരുന്നു. പിന്നീട് യൂറോപ്പിലാകെ പടർന്നുപിടിച്ച പ്ലേഗ് പോലുള്ള മാരക രോഗങ്ങളാലും യുദ്ധങ്ങളാലും തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു.

എന്നാൽ, കഴിഞ്ഞ ഏതാനും ദശകങ്ങളായി സാന്റിയാഗോയിലേയ്ക്ക് പദയാത്ര നടത്തിയെത്തുന്ന തീർത്ഥാടകരുടെ എണ്ണത്തിൽ വലിയ വർദ്ധനവാണുണ്ടായിരിക്കുന്നത്. 2016-ൽ രണ്ടുലക്ഷത്തി എൺപതിനായിരവും, 2017-ൽ മൂന്നുലക്ഷത്തി മുപ്പത്തി ആറായിരവും, 2018-ൽ മൂന്നുലക്ഷത്തി ഇരുപത്തി ഏഴായിരത്തി നാൽപ്പത്തിരണ്ടും തീർത്ഥാടകർ പദയാത്രികരായും സൈക്കിൾ യാത്രികരായും സാന്റിയാഗോയിലെത്തി.

## യാക്കോബ്ശ്ലീഹായും യാക്കോബിന്റെ വഴിയും

സെബദിയുടെയും സലോമിയുടെയും മകനായിരുന്നു അപ്പസ്തോലനായ വി. യാക്കോബ്. അദ്ദേഹത്തിന്റെ സഹോദരനായിരുന്നു കർത്താവിന്റെ മറ്റൊരു ശിഷ്യനായ വി. യോഹന്നാൻ. സലോമി യേശുവിന്റെ കുരിശുമരണ സമയത്ത് അവിടെയുണ്ടായിരുന്നതായി സുവിശേഷം സാക്ഷിക്കുന്നു (മത്താ. 27:55-56; മർക്കോ. 15:40-41). തങ്ങളുടെ പിതാവായ സെബദിയോടൊത്ത് ഗലീലി കടൽത്തീരത്ത് വല നന്നാക്കിക്കൊണ്ടിരുന്നപ്പോഴാണ് യാക്കോബിനെയും യോഹന്നാനെയും യേശു വിളിക്കുന്നത് (മർക്കോ. 1:19-21; ലൂക്കാ 5:1-11). രൂപാന്തരീകരണം ഉൾപ്പെടെയുള്ള യേശുവിന്റെ ജീവിതത്തിലെ ചില സുപ്രധാന സംഭവങ്ങളുടെ സാക്ഷി കൂടിയാണ് യാക്കോബ്ശ്ലീഹാ.

ജറുസലേമിലെ സഭയുടെ തലവനായ യാക്കോബിന്റെ രക്തസാക്ഷിത്വം അപ്പസ്തോല പ്രവർത്തനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (12:1-2). അദ്ദേഹം ഐബീരിയായിൽ (സ്പെയിൻ)

www.malankaralibrary.com

സുവിശേഷം പ്രസംഗിച്ചതായും മരണശേഷം അദ്ദേഹത്തിന്റെ ഭൗതികശരീരം സാന്റിയോഗോയിൽ അടക്കം ചെയ്തതായും പാരമ്പര്യം സാക്ഷിക്കുന്നു.

9-ാം നൂറ്റാണ്ട് മുതലാണ് സാന്റിയാഗോ തീർത്ഥാടനം ആരംഭിക്കുന്നത്. ഏതാണ്ട് പന്ത്രണ്ടോളം വഴികൾ യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സാന്റിയാഗോയിലേയ്ക്ക് നയിക്കപ്പെടുന്നുണ്ട്. ഒരിക്കൽ മുസ്ലീം ആധിപത്യത്തിൻ കീഴിൽവന്ന സ്പെയിനിനെ 9-ാം നൂറ്റാണ്ടോടു കൂടിയാണ് വീണ്ടും ക്രിസ്തീയ ഭരണത്തിലാക്കിയത്. വി. യാക്കോബിന്റെ സഹായത്താലാണ് അങ്ങനെ സംഭവിച്ചത് എന്ന് സ്പെയിൻകാർ വിശ്വസിക്കുകയും അങ്ങനെ വീണ്ടുമൊരു മുസ്ലീം അധിനിവേശം ഉണ്ടാകാതിരിക്കാൻ തീർത്ഥാടനം ആരംഭിക്കുകയും ചെയ്തുവെന്നും വിശ്വസിക്കുന്നവർ ധാരാളം. "മൂർ സംഹാരകൻ" (Moor Killer) എന്ന അപരനാമത്തിലും അദ്ദേഹം സ്പെയിനിൽ അറിയപ്പെടുന്നുണ്ട്.

എ.ഡി. 1122-ൽ കലിസ്റ്റസ് 2-ാമൻ മാർപ്പാപ്പ, പ്രത്യേക ജൂബിലി വർഷം പ്രഖ്യാപിക്കുകയും ആ വർഷം യാക്കോബ് ശ്ലീഹായുടെ കബറിടം സന്ദർശിക്കുന്നവർക്ക് സവിശേഷ ദണ്ഡ വിമോചനം വാഗ്ദാനം ചെയ്യുകയും ചെയ്തു. പിന്നീട് യാക്കോബ് ശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ 25, ഞായറാഴ്ചയിൽ വരികയാണെങ്കിൽ ആ വർഷം ജൂബിലി വർഷമായി ആചരിക്കണമെന്ന് അലക്സാണ്ടർ 3-ാമൻ മാർപ്പാപ്പ ഒരു തിരുവെഴുത്തിലൂടെ കൽപ്പിക്കുകയും ചെയ്തു. സാന്റിയാഗോ കത്തീഡ്രലിന്റെ പ്രധാനകവാടം തീർത്ഥാടകർക്കായി ആ വർഷത്തിൽ തുറന്നു കൊടുക്കുകയും പ്രാർത്ഥനാപൂർവ്വം അവിടെയെത്തുന്നവർക്ക് പ്രത്യേക അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്യുന്നു.

ഈ അടുത്ത കാലത്ത് 1999, 2010, 2014 വർഷങ്ങളിൽ യാക്കോബ് ശ്ലീഹായുടെ തിരുനാൾ ഞായറാഴ്ചകളിൽ ആയിരുന്നു. ഇങ്ങനെ വരുന്ന ജൂബിലി വർഷങ്ങളിൽ പതിവിലും കൂടുതൽ തീർത്ഥാടകർ സാന്റിയാഗോയിൽ എത്താറുണ്ട്. ഇനിയും 2021-ലാണ് യാക്കോബ് ശ്ലീഹായുടെ തിരുനാൾ ജൂബിലി വർഷമായി മാറുന്നത്.

www.malankaralibrary.com

## തീർത്ഥാടന അടയാളങ്ങളും പ്രതീകങ്ങളും

സാന്റിയാഗോ തീർത്ഥാടകരെല്ലാം തന്നെ ഒരു സാക്ഷ്യ പത്രം (Cerificate) കയ്യിൽ കരുതിയിരിക്കണം. തീർത്ഥാടനം ആരംഭിക്കുന്ന സ്ഥലങ്ങളിലെ കടകളിൽ നിന്നോ, സത്രങ്ങളിൽ നിന്നോ ഈ സാക്ഷ്യപത്രം വാങ്ങാവുന്നതാണ്. എവിടെ നിന്നാണ് യാത്ര ആരംഭിക്കുന്നതെന്നും അതിൽ രേഖപ്പെടുത്തിയിരിക്കണം. പിന്നീട് പോകുന്ന വഴികളിലുള്ള താമസ സ്ഥലങ്ങളിൽ എല്ലാംതന്നെ, അവിടെയെത്തുന്ന തീയതി രേഖപ്പെടുത്തി അവിടുത്തെ പ്രത്യേക സീലും (Seal) അതിൽ പതിക്കുന്നു. ഈ രേഖയ്ക്ക് "തീർത്ഥാടന പാസ്പോർട്ട്" എന്നാണ് പറയുന്നത്.

തീർത്ഥാടന പാതയിലെ പ്രമുഖ ദൈവാലയങ്ങളിൽ നിന്നും ഭക്ഷണശാലകളിൽ നിന്നുമൊക്കെ ഇത്തരത്തിലുള്ള സീലുകൾ പതിക്കുന്നത് പതിവാണ്. മാത്രമല്ല, മിക്ക സ്ഥലങ്ങളിലും തീർത്ഥാടകർക്കായി ഒരുക്കിയിരിക്കുന്ന ചിലവു കുറഞ്ഞ താമസ സൗകര്യം ലഭ്യമാകണമെങ്കിൽ തീർത്ഥാടന പാസ്പോർട്ടും മറ്റ് തിരിച്ചറിയൽ രേഖകളും കാണിക്കേണ്ടതാണ്. ഇങ്ങനെ മുദ്ര ചെയ്തു വാങ്ങുന്ന സാക്ഷ്യപത്രം സാന്റിയാഗോ കത്തീഡ്രലിലെ തീർത്ഥാടന ഓഫീസിൽ നൽകിയെങ്കിൽ മാത്രമേ പ്രസിദ്ധമായ തീർത്ഥാടന രേഖ (Compostela - Pilgrimage Certificate) ലഭിക്കുകയുള്ളൂ. 18-ാം നൂറ്റാണ്ടു വരെ കുമ്പസാരിച്ച് കുർബാന സ്വീകരിക്കുന്നവർക്കു മാത്രമേ ഇത്തരത്തിലുള്ള രേഖ നൽകിയിരുന്നുള്ളൂ.

കയ്യിൽ കരുതുന്ന തീർത്ഥാടന പാസ്പോർട്ട് കൂടാതെ, തീർത്ഥാടകർക്ക് കൊണ്ടുനടക്കാവുന്ന ചില അടയാളങ്ങളുമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കക്കയുടെ ചിപ്പി (Scallop Shell). അനേകം ഐതീഹ്യങ്ങൾ ഈ അടയാളവുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വത്തിനു ശേഷം അദ്ദേഹത്തിന്റെ ഭൗതികശരീരം ശിഷ്യന്മാർ കപ്പലിൽ സ്പെയിനിലേയ്ക്ക് കൊണ്ടുവന്നു. യാത്രാമധ്യേ, കാറ്റിലും കോളിലുമകപ്പെട്ട കപ്പൽ പൂർണ്ണമായും നശിച്ചു. എന്നാൽ, യാക്കോബ് ശ്ലീഹായുടെ ശരീരം ചിപ്പികളാൽ പൊതിഞ്ഞ് തീരത്ത് പ്രത്യക്ഷപ്പെട്ടു. അത് പിന്നീട് സാന്റിയാഗോയിൽ അടക്കം ചെയ്യുകയും ചെയ്തു.

www.malankaralibrary.com

ഈ ഐതീഹ്യത്തെക്കാൾ, ചിപ്പിയുടെ പ്രായോഗികമായ ആവശ്യകത കൊണ്ടാണ് ഇത് തീർത്ഥാടനത്തിന്റെ അടയാള മായി മാറിയത്. സ്പെയിനിന്റെ കടൽത്തീരങ്ങളിൽ ധാരാള മായി പല തരത്തിലുള്ള ചിപ്പികൾ ലഭ്യമാണ്. പോകുന്ന വഴി കളിൽ അരുവികളിൽ നിന്നും മറ്റും വെള്ളം കോരിയെടുക്കു ന്നതിന് ഇത് സഹായകരമായിരുന്നു. ചിപ്പിയുടെ പുറത്ത് ധാരാളം നേർരേഖകൾ കാണാം. ഇതെല്ലാം സന്ധിക്കുന്നത് ഒരു കേന്ദ്രത്തിലാണ്. അതുപോലെ തന്നെ വിവിധ സ്ഥലങ്ങ ളിൽ നിന്നും ആരംഭിക്കുന്ന തീർത്ഥാടനങ്ങളെല്ലാം അവസാനം സാന്റിയാഗോയിൽ ഒന്നിക്കുന്നു.

ഇന്നത്തെ തീർത്ഥാടകർക്ക്, തങ്ങളുടെ തീർത്ഥാടനം ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതു വരെ വഴികാട്ടി മുന്നോട്ട് നയിക്കുന്നത് തീർത്ഥാടനപാതയിൽ ഉടനീളമുള്ള ചിപ്പിയുടെ അടയാളമാണ്. മഞ്ഞയും നീലയും കലർന്ന ചിപ്പി യുടെ അടയാളങ്ങൾ പോകുന്ന വഴികളിലും, കെട്ടിടങ്ങളിലും, മൈൽ കുറ്റികളിലും, മരങ്ങളിലും അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ, വെള്ളം കുടിക്കാനുപയോഗിക്കുന്ന ചുരയ്ക്ക യുടെ തോടും (Gourd) കുത്തിനടക്കാൻ ഉപയോഗിക്കുന്ന വടിയും യാക്കോബിന്റെ രക്തസാക്ഷിത്വത്തെ സൂചിപ്പിക്കുന്ന പ്രത്യേക കുരിശും തീർത്ഥാടകന്റെ അടയാളങ്ങളാണ്.

## വീണ്ടും പഴയ പ്രതാപത്തിലേയ്ക്ക്

ഈ അടുത്തകാലത്ത് സാന്റിയാഗോ തീർത്ഥാടനം പഴയ പ്രതാപത്തലേയ്ക്കുയരുന്നതിന് ധാരാളം കാരണങ്ങളുണ്ട്. 1980-കളിൽ സ്പെയിനിലെ ചില വൈദികർ തങ്ങളുടെ ഇട വകകളിൽ നിന്നും സാന്റിയാഗോയിലേയ്ക്ക് പദയാത്രകൾ ആരംഭിച്ചു. 1987-ൽ യൂറോപ്യൻ കൗൺസിൽ, ഫ്രാൻസിൽ നിന്നും ആരംഭിക്കുന്ന തീർത്ഥാടനപാത യൂറോപ്പിലെ ആദ്യ ത്തെ സാംസ്കാരിക പാതയായി പ്രഖ്യാപിച്ചു. യുനെസ്കോ (UNESCO) അതിന് ലോകപൈതൃക പദവി നൽകുകയും ചെയ്തു. പ്രശസ്തരായ പല എഴുത്തുകാരും തങ്ങളുടെ തീർത്ഥാടന അനുഭവങ്ങൾ കോർത്തിണക്കി സാഹിത്യ കൃതികൾ രചിച്ചു. ഈ ശ്രേണിയിലെ ഏറ്റവും പ്രശസ്തമായ കൃതിയാണ് ബ്രസീലിയൻ സാഹിത്യകാരനായ പൗലോ

www.malankaralibrary.com

കൊയ്‌ലോയുടെ തീർത്ഥാടനം (Pilgrimage). 1987-ൽ പ്രസിദ്ധീകരിച്ച ഈ നോവൽ, ആത്മകഥാരൂപേണ എഴുതിയിരിക്കുന്നതാണ്. തീർത്ഥാടനം മൂലം ശാരീരകവും ആത്മീയവുമായി തന്നിലുണ്ടായ മാറ്റങ്ങളെ വൈകാരികതയോടെ അവതരിപ്പിച്ചിരിക്കുന്ന ഒരു കൃതിയാണിത്.

2010-ൽ അമേരിക്കൻ ചലച്ചിത്ര താരം മാർട്ടിൻ ഷീൻ പ്രധാന കഥാപാത്രമായി അഭിനയിച്ച "വഴി" (The Way) എന്ന പേരിൽ ഒരു സിനിമ നിർമ്മിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മകൻ എമിലിയോ എസ് തേവസ് എഴുതി സംവിധാനം ചെയ്തു നിർമ്മിച്ച ഈ സിനിമ വലിയ വിജയമായിരുന്നു. സാന്റിയാഗോ തീർത്ഥാടനത്തിനായി വീട്ടിൽ നിന്നും ഇറങ്ങിത്തിരിച്ച മകൻ ഡാനിയേൽ (എമിലിയോ) യാത്രയുടെ ആരംഭത്തിൽ പിരനീസ് മലനിരകളിൽ പ്രകൃതിക്ഷോഭത്തിലകപ്പെട്ട് അകാലചരമം പ്രാപിക്കുന്നു. നേത്രരോഗ വിദഗ്ദനായ ഡോ. തോമസ് ആവ്റി (മാർട്ടിൻ ഷീൻ) മകന്റെ മൃതശരീരം വീണ്ടെടുക്കുന്നതിനായി എത്തുന്നു. എന്നാൽ, മകനോടുള്ള ആദരവും സ്നേഹവും പ്രകടിപ്പിക്കുന്നതിനായി, ഡാനിയേലിന് പൂർത്തിയാക്കാൻ സാധിക്കാതിരുന്ന യാത്ര ഡോ. തോമസ് ആവ്റി തുടരുന്നു. മകന്റെ ഭൗതികശരീരം ദഹിപ്പിച്ച ചിതാഭസ്മവുമായി വികാരവായപ്പോടു കൂടി ഒരു പിതാവ് നടത്തുന്ന യാത്രയാണ് ഈ സിനിമയുടെ ഇതിവൃത്തം. മകന്റെ മരണത്തിന്റെ ആഘാതത്തിൽ നിന്നും വിമോചിതനായി ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുപറ്റാനുള്ള അഭിനിവേശത്തോടൊയാണ് ഡോ. തോമസ് തന്റെ തീർത്ഥാടനം അവസാനിപ്പിക്കുന്നത്.

ഡോൺ ഏലിയാസ് (1929-1989 Don Elias Valina Sampedro), ഒ ചെബ്രയ്റോ (O' Cebreiro) എന്ന ചെറുഗ്രാമത്തിലെ പള്ളിയിൽ ദീർഘകാലം സേവനമനുഷ്ഠിച്ച വൈദികനാണ്. സ്പെയിനിലെ സലമാങ്ക യൂണിവേഴ്സിറ്റിയിൽ നിന്നും യാക്കോബിന്റെ വഴിയെക്കുറിച്ച് പഠിച്ച് ഡോക്ടറേറ്റ് നേടിയ ഈ വൈദികൻ ഈ തീർത്ഥാടനത്തിലെ ഏറ്റവും പ്രധാനവഴിയായ "ഫ്രഞ്ചു പാത" (The French Way) പുനരുദ്ധരിക്കാൻ തീരുമാനിച്ചു. അങ്ങനെ ആദ്യമായി 1984-ൽ ഈ വഴി മുഴുവൻ മഞ്ഞച്ചായം കൊണ്ട് അടയാളപ്പെടുത്തി തീർത്ഥാടകർക്ക് സാന്റിയാഗോയിലേയ്ക്കുള്ള യാത്ര എളുപ്പമാക്കിത്തീർത്തു.

www.malankaralibrary.com

കൂടാതെ, യൂറോപ്പിലെ പ്രശസ്തമായ സർവ്വകലാശാലകളിൽ സാന്റിയാഗോ വഴിയുടെ ചരിത്രപ്രാധാന്യത്തെക്കുറിച്ചും വിവിധ സംസ്കാരങ്ങളെ സമന്വയിപ്പിക്കാനുള്ള ഉപാധിയാക്കുന്നതിനെക്കുറിച്ചും അദ്ദേഹം ക്ലാസ്സുകൾ നയിച്ചു. അങ്ങനെ യൂറോപ്പിലെ പുതുതലമുറയ്ക്ക് സാന്റിയാഗോ തീർത്ഥാടനം വീണ്ടും ആകർഷകമായിത്തീർന്നു. ആധുനിക സാങ്കേതിക വിദ്യകളും നവീന യാത്രാമാർഗ്ഗങ്ങളും സാന്റിയാഗോ തീർത്ഥാടനത്തിന്റെ പ്രാധാന്യവും പ്രശസ്തിയും ലോകത്തിന്റെ നാലുകോണുകളിലും സാന്റിയാഗോയെ പ്രശസ്തമാക്കിതീർത്തു.

www.malankaralibrary.com

# 2

# എന്നെ തീർത്ഥാടനത്തിന് പ്രേരിപ്പിച്ച ഘടകങ്ങൾ

സാന്റിയാഗോ തീർത്ഥാടനം പഴയ പ്രതാപത്തിലേയ്ക്ക് തിരികെ എത്തുന്നതിന് നേരത്തെ വിവരിച്ച രണ്ട് കാരണങ്ങൾ, ഇങ്ങനെ ഒരു തീർത്ഥാടനത്തിനുള്ള പ്രലോഭനം എന്നിലും ഉളവാക്കി. പൗലോ കൊയ്‌ലോയുടെ തീർത്ഥാടനം (Pilgrimage) എന്ന കൃതി ജീവിതത്തിന്റെ ലാളിത്യത്തിലേയ്ക്കുള്ള ഉൾക്കാഴ്ച ലഭിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഭാഗമായിരുന്നു. അദ്ദേഹത്തിന്റെ യാത്രയിൽ സഹായിയായി കൂടെ നടന്ന പേത്രൂസ്, സ്നേഹത്തിന്റെ വിവിധ ഭാവങ്ങൾ പൗലോ കൊയ്‌ലോയെ പഠിപ്പിക്കുന്നു. യാത്രയുടെ ഭാഗമായി ഉൾക്കൊള്ളേണ്ടി വന്ന ലളിത ജീവിതശൈലിയും മറ്റ് ഉപാധികളും അദ്ദേഹത്തിന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തി. അതുപോലെ തന്നെ മകന്റെ അകാലമരണം മൂലം ആകസ്മികമായി തീർത്ഥാടകനാകേണ്ടി വന്ന ഡോ. തോമസ് ഏവ്രിയുടെ (മാർട്ടിൻ ഷീൻ) കഥ പറയുന്ന ''വഴി'' എന്ന ചലച്ചിത്രം കണ്ടതും എന്റെ തീർത്ഥാടനത്തിനുള്ള തീരുമാനത്തെ സ്വാധീനിച്ചു. യാത്രയുടെ അന്ത്യത്തിൽ ജീവിതത്തിലെ പുത്തൻ യാഥാർത്ഥ്യങ്ങളെ ഉൾ

www.malankaralibrary.com
ക്കൊള്ളുവാനുള്ള കരുത്തുമായാണ് ഡോ. തോമസ് ഏവ്റി തന്റെ ജീവിതത്തിലേയ്ക്ക് തിരികെ നടക്കുന്നത്.

മുകളിൽ പറഞ്ഞ നോവലും സിനിമയും കൂടാതെ, എന്റെ അടുത്ത രണ്ട് സുഹൃത്തുക്കളുടെ, സാന്റിയാഗോ തീർത്ഥാടനം നടത്തിയതിന്റെ അനുഭവസാക്ഷ്യങ്ങളും യാക്കോബിന്റെ വഴിയിലൂടെ നടക്കുവാൻ എന്നെ പ്രചോദിപ്പിച്ചു. ശാശ്വതനഗരത്തിലെ (Eternal City) പഠനാർത്ഥമുള്ള എന്റെ താൽക്കാലിക വാസകാലത്ത് പാഷനിഷ്റ്റ് സന്യാസ സമൂഹത്തിന്റെ ജനറലേറ്റിൽ (Casa Generalalizia ei Passionisti) താമസിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി.

മധ്യകാലഘട്ടം മുതൽ റോമൻ നഗരത്തിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്ന കൊളോസിയത്തിന്റെ പിന്നിലുള്ള ചേലിയോ (Celio) കുന്നിലുള്ള മനോഹരമായ ഒരു ഭവനമാണിത്. ഇവുടത്തെ ജനറലേറ്റിലെ റെക്ടറായ ഫാ. മത്തേയോ നൊനിനി, തന്റെ തിരക്കേറിയതും ആയാസമേറിയതുമായ ഉത്തരവാദിത്വങ്ങൾ അനായാസമായി കൈകാര്യം ചെയ്യുന്നത് അത്ഭുതത്തോടെ ഞാൻ നോക്കിനിന്നിട്ടുണ്ട്. അസാധാരണമായ സന്തോഷവും ആത്മീയ സമർപ്പണവും അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയുടെ ഭാഗമായിരുന്നു. അറുപതോളം വൈദികർ താമസിക്കുന്ന ആ സന്യാസഭവനത്തിന്റെ ഉത്തരവാദിത്വങ്ങളും അടുത്തുള്ള സൈനികാശുപത്രിയിലെ ചാപ്ലെന്റെ ജോലിയും അദ്ദേഹം ഭംഗിയായി കൈകാര്യം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ആത്മീയശക്തിയുടെ ഒരു രഹസ്യം, രണ്ട് വർഷത്തിലൊരിക്കൽ ഒരു മാസമെടുത്തു നടത്തുന്ന സാന്റിയാഗോ തീർത്ഥാടനമായിരുന്നു.

പാഷനിസ്റ്റ് സന്യാസ സമൂഹത്തിലെ തന്നെ മറ്റൊരു വൈദികനായിരുന്നു റോമിൽ പെറി. പഠനാർത്ഥമെത്തിയ കൊറിയാക്കാരനായ ഫാ. ഡൊമിനിക്ക് ജയോൻ ചിൻ. അത്യാവശ്യം മർമ്മാണി ചികിത്സയും തിരുമ്മലും വൈദ്യവുമൊക്കെ വശമായിരുന്ന അദ്ദേഹം 2014-ലെ റോമൻ മാരത്തോണിലും പങ്കെടുത്തിട്ടുണ്ട്. എപ്പോഴും ഊർജ്ജസ്വലനും പ്രസന്നവാനുമായിട്ടേ അദ്ദേഹത്തെ കാണാൻ സാധിക്കുമായിരുന്നുള്ളൂ.

വിശ്വസാഹിത്യകാരനായ ഷേക്സ്പിയറിന്റെ പ്രശസ്ത

www.malankaralibrary.com

കൃതികളിലൊന്നായ "ഒഥല്ലോ" യിലെ നായകൻ, യുദ്ധത്തിൽ പങ്കെടുത്തതിന്റെ വീരകഥകൾ കേട്ട് ഡെസ്നിമോണ എന്ന നായിക അദ്ദേഹത്തിൽ അനുരാഗയുക്ത ആയതുപോലെ ഡൊമിനിക് അച്ചന്റെയും, മത്തേയോ അച്ചന്റെയും തീർത്ഥാടന വിവരണങ്ങൾ ഒരു സാന്റിയാഗോ പദയാത്രയ്ക്ക് എന്നെയും പ്രലോഭിപ്പിച്ചു കൊണ്ടേയിരുന്നു.

## തീർത്ഥാടനത്തിനുള്ള മുന്നൊരുക്കം

പ്രധാനമായും രണ്ട് വിധത്തിലുള്ള ഒരുക്കങ്ങൾ തീർത്ഥാടനത്തിനായി ഞാൻ നടത്തി. ഒന്നാമത്തേത് ആത്മീയതലത്തിലും രണ്ടാമത്തേത് ശാരീരിക-ഭൗതിക തലത്തിലുള്ളതുമായിരുന്നു. വിവിധ മാനങ്ങളുണ്ടായിരുന്ന ആത്മീയ ഒരുക്കത്തെക്കുറിച്ച് ഇവിടെ വിവരിക്കാം.

വലുതായ ആത്മീയ ഒരുക്കം നല്ല തീർത്ഥാടനത്തിന് അനിവാര്യമായിരുന്നു. ഒരുക്കമില്ലാതെ നടത്തുന്ന തീർത്ഥാടനത്തിൽ നിന്നും ലഭിക്കുന്ന അനുഗ്രഹത്തിന്റെ അളവും കുറഞ്ഞിരിക്കും. എന്നും ഏതെങ്കിലും രീതിയിലൊക്കെ എന്റെ ദൈവത്തോട് ഞാൻ സംവദിക്കുന്നുണ്ടായിരുന്നു. എന്നാൽ, പലരോടും സംസാരിക്കുന്ന കൂട്ടത്തിൽ ഒരു സംവേദനം മാത്രമായി അത് പരിണമിച്ചിട്ടുണ്ട്. അതിനാൽ എന്റെ ദൈവവും ഞാനുമായുള്ള ബന്ധത്തിൽ അൽപം കൂടി ആഴപ്പെടണമെന്ന ചിന്ത എന്നെ പലപ്പോഴും ഇത്തരത്തിലുള്ള ഒരു ഉദ്യമത്തിന് പ്രേരിപ്പിച്ചിട്ടുണ്ട്. ആരും കാണാതെ, മറ്റൊന്നിലും മനസ്സ് പതറാതെ ഒരിക്കൽ സ്നേഹബന്ധത്തേലേർപ്പെട്ട ദൈവവും ഞാനുമായി അനന്തമായി സംസാരിക്കാൻ ഞാനാഗ്രഹിച്ചു.

ഞങ്ങൾ തമ്മിലുള്ള വ്യക്തിബന്ധത്തിന്റെയും സ്നേഹത്തിന്റെയും അർത്ഥതലങ്ങൾ കണ്ടെത്തി എന്റെ വൈദിക ജീവിതം കുറേക്കൂടി ആനന്ദകരമാക്കാനുള്ള ഒരു അഭിനിവേശത്തിലായിരുന്നു ഞാൻ. കാണാതെ പഠിച്ച ഒരുപാട് പ്രാർത്ഥനകൾ, അറിഞ്ഞും അറിയാതെയും ഉരുവിട്ടപ്പോഴും ഇനിയും പഠിക്കാനുള്ള - ഇനിയും ചൊല്ലാനുള്ള പ്രാർത്ഥനകൾ കണ്ടെത്താനുള്ള ഒരു തീർത്ഥാടനത്തിന് എന്റെ ശരീരത്തിനു മുന്നേ എന്റെ മനസ്സിനെ ഞാൻ പറഞ്ഞയച്ചു.

www.malankaralibrary.com

തീർത്ഥാടനം ആരംഭിക്കുന്നതിന് മാസങ്ങൾക്കു മുമ്പു തന്നെ യാത്രയിലെ ഓരോ ദിവസത്തെയും നിയോഗങ്ങൾ എഴുതി തയ്യാറാക്കി. ചില പൊതുവായ നിയോഗങ്ങളെയും എന്റെ വ്യക്തിപരമായ നിയോഗങ്ങളെയും മറ്റുള്ളവർ പ്രാർത്ഥിക്കണമെന്ന് എന്നോട് ആവശ്യപ്പെട്ട നിയോഗങ്ങളുമെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു. അലസത കൊണ്ടും അനാസ്ഥ കൊണ്ടും പ്രാർത്ഥനാജീവിതത്തിലുണ്ടായ കുറവുകൾക്ക് പരിഹാരം ചെയ്യാനുള്ള അവസരവുമായിരുന്നു എനിക്ക്, ഞാൻ നടത്തിയ തീർത്ഥാടനം. പ്രാർത്ഥിക്കാമെന്ന് പലരോടും വാഗ്ദാനം ചെയ്തിട്ട് മറന്നുപോയതിനുള്ള പരിഹാര പ്രാർത്ഥനകളും എന്റെ തീർത്ഥാടന ലക്ഷ്യമായിരുന്നു. വ്യക്തിജീവിതത്തിലെ വീഴ്ചകൾക്കും കുറവുകൾക്കും പരിഹാരമനുഷ്ഠിച്ച് നടത്തുന്ന പ്രാർത്ഥന ഫലം ചെയ്യുമെന്ന് ഞാൻ തിരിച്ചറിഞ്ഞു.

എഴുതി തയ്യാറാക്കി കൂടെ കൊണ്ടുനടന്ന യാത്രാലക്ഷ്യങ്ങളിൽ പ്രസക്തമെന്നും ഉപകാരപ്രദമെന്നും തോന്നിയതുമായ ചിലതു മാത്രം താഴെ കുറിക്കുന്നു:

## ഉദ്ദേശലക്ഷ്യങ്ങൾ

1. ഒരിക്കലും മുടങ്ങാതെ, എനിക്കുവേണ്ടി എന്നും കിഴക്കുദിക്കുന്ന സൂര്യനെ കുറേ ദിവസം മുടങ്ങാതെ അതിരാവിലെ കാണാനും അതിനെ സ്വാഗതം ചെയ്ത് വിടരുന്ന പൂക്കളുടെ സൗന്ദര്യം ആസ്വദിക്കാനും ഞാൻ ആഗ്രഹിച്ചു.

2. തീർത്ഥാടനപാതയിലെ ഗ്രാമങ്ങളിലുള്ള കൊച്ചുപള്ളികളിലെയും പട്ടണങ്ങളിലെ ബസിലിക്കകളിലെയും പള്ളിമണികൾ ദൈവസാന്നിധ്യം അനുസ്മരിപ്പിക്കാൻ ദിവസത്തിൽ പലനേരം മുഴങ്ങുന്നത് കേൾക്കാൻ ഞാൻ ഇഷ്ടപ്പെട്ടു.

3. എനിക്കറിയാത്ത ഭാഷകൾ കേൾക്കാനും ഭാഷയില്ലാതെ മറ്റുള്ളവരുമായി സല്ലപിക്കാനും ഞാനൊരുങ്ങി.

4. മറ്റ് തീർത്ഥാടകർ തങ്ങളുടെ ജീവിതഭാരം കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന് കണ്ടുപഠിക്കാൻ ഞാൻ കൊതിച്ചു.

5. തീർത്ഥാടനപാതയിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളിൽ നിന്ന് കഥകളും കടങ്കഥകളും കേൾക്കാൻ ഞാൻ അഭിലഷിച്ചു.

www.malankaralibrary.com

6. മുമ്പേ നടന്ന തീർത്ഥാടകരുടെ പാദങ്ങളെ പിഞ്ചെന്ന് അവർ നടന്ന മലകളും വനങ്ങളും മുറിച്ചുകടന്ന അരുവികളും അനുധാവനം ചെയ്യാനും അവർക്കായി പാടിയ കിളികളുടെ സംഗീതത്തിന്റെ പ്രതിധ്വനികൾ കേൾക്കാനും തീരുമാനിച്ചു.

7. അനേക വിശുദ്ധർ നടന്ന പാവനപാതയിലെ പരിശുദ്ധിയുടെ ഗന്ധം ശ്വസിക്കുവാനും അനേകം പാപികൾ നടന്നു പരിഹാരം ചെയ്ത നന്മപ്രവർത്തികൾ ആവർത്തിക്കുവാനും എനിക്ക് സാധിക്കണം.

8. ഞാൻ ചുമക്കുന്ന എന്റെ പാപത്തിന്റെ ഭാണ്ഡങ്ങൾ തിരിച്ചറിയണമെന്നും തീർത്ഥാടനാനന്തരം ചിലതൊക്കെ ഇറക്കി വയ്ക്കുന്നതിനുള്ള ശക്തി സംഭരിക്കണമെന്നും ആഗ്രഹിച്ചു.

9. ജീവിതസന്തോഷം അന്വേഷിച്ച് മിഥ്യകളുടെ പിന്നാലെ അലയാതെ ദൈവത്തിലും ദൈവസാന്നിധ്യത്തിലുമായിരിക്കുന്നതിന്റെ ആത്മീയാനന്ദം തിരിച്ചറിയുക.

10. ലോകത്തോട് ഒന്നും സംസാരിക്കാതെ ദൈവത്തോടു മാത്രം സംസാരിക്കുക. പ്രാർത്ഥന ചൊല്ലി ശ്വസിക്കുവാനും അങ്ങനെ പ്രാർത്ഥനയാകാനും പരിശ്രമിക്കുക.

11. ശരീരത്തിലും മനസ്സിലുമുള്ള ദുർമേദസ്സ് ഇല്ലാതാക്കി ആത്മീയവളർച്ചയ്ക്കുള്ള പുതിയ മേഖലകൾ കണ്ടെത്തുക.

12. ആത്മീയജീവിതം അൽപം കൂടി ആഴപ്പെടുത്തുന്നതിന് തന്നെത്തന്നെ അൽപം അറിയാൻ പരിശ്രമിക്കുക. തന്നെ അറിയുന്നതിലൂടെ ദൈവത്തെ കൂടുതൽ അറിയുക.

13. വഴിയിൽ കണ്ടുമുട്ടുന്ന യാത്രികരെ കേൾക്കുക, സഹായിക്കുക, അവർ ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരിച്ച് ആദരിക്കുക.

14. ഞാൻ തനിയെ നടക്കുമ്പോൾ ആരുമറിയാതെ എന്റെ മനസ്സിലേയ്ക്ക് കടന്നുവരുന്നവർ ആരൊക്കെയാണ്? അവരുമായുള്ള എന്റെ ബന്ധം എന്താണ്? എന്തുകൊണ്ടാണ് അവരൊക്കെ എന്റെ ജീവിതത്തിന്റെ ഭാഗമായതെന്ന് ചിന്തിക്കുക.

www.malankaralibrary.com

15. ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്ന എന്റെ ആഗ്രഹത്തിന് സഹായകമായി എന്തെല്ലാം പുതുതായി ചെയ്യാൻ സാധിക്കുമെന്ന് ചിന്തിക്കുക.

16. അഹങ്കാരത്തിന്റെ അംശങ്ങളെ ജീവിതത്തിൽ നിന്നും ഇല്ലാതാക്കി എളിമയോടെ ജീവിക്കാനുള്ള വഴികൾ കണ്ടെത്തുക.

17. ദൈവസൃഷ്ടിയെ പ്രത്യേകിച്ച്, പ്രകൃതിയെയും മറ്റ് ജീവജാലങ്ങളെയും അടുത്തറിയുവാനും അതായിരിക്കുന്ന അവസ്ഥയിൽ സ്നേഹിച്ച് വളർത്താനുമുള്ള വഴികൾ അന്വേഷിക്കുക.

18. എന്റെ പ്രാർത്ഥന വഴിയായി അനേകം ജീവിതങ്ങളിൽ ദൈവം അത്ഭുതം പ്രവർത്തിക്കാൻ ആഗ്രഹിക്കുക. ഞാനറിയാതെ എന്റെ ജീവിതവുമായി ബന്ധപ്പെട്ടു നടക്കുന്ന എല്ലാ കാര്യങ്ങളിലും ദൈവം ഇടപെടാൻ പ്രാർത്ഥിക്കുക.

19. ശരീരത്തിൽ വലുതായ വേദനയും സഹനങ്ങളും ഏറ്റുവാങ്ങുക. ആ വേദനകൾ കർത്താവിന്റെ കുരിശോട് ചേർത്തുവച്ച് സൗഖ്യത്തിന്റെ ആനന്ദം അനുഭവിക്കുക.

20. തീർത്ഥാടനാനുഭവങ്ങൾ മറ്റുള്ളവരുടെ ആത്മീയ ഉന്നതിക്ക് ഉതകുംവിധം പങ്കുവയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കുക. അങ്ങനെയെങ്കിൽ അതിനായി വഴികൾ കണ്ടെത്തുന്നതിനെക്കുറിച്ചും തീർത്ഥയാത്രയിൽ വിചിന്തനം ചെയ്യുക.

എഴുതാനും വായിക്കാനും സുഖമുള്ള കാര്യങ്ങളാണ് അക്ഷര രൂപത്തിൽ എന്റെ മനസ്സിൽ നിന്നും പുറത്തുവന്നത്. പ്രലോഭനപൂരിതമായ സാധാരണ മനുഷ്യജീവിതത്തിൽ അതിന്റെ പ്രായോഗികതയെക്കുറിച്ച് സംശയം തോന്നാം. കാലത്തിനു മാത്രമേ, തീരുമാനങ്ങളിൽ ഉറച്ചുനിന്ന് ഒരാൾക്ക് വിജയിക്കുവാൻ സാധിച്ചോ എന്ന് തെളിയിക്കുവാൻ സാധിക്കൂ. എങ്കിലും, ഇങ്ങനെ വല്ലപ്പോഴും നടത്തുന്ന ചെറിയ തീർത്ഥാടനങ്ങൾ ജീവിതമാകുന്ന വലിയ തീർത്ഥാടനത്തിന് ശക്തി പകരുമെന്ന കാര്യത്തിൽ എനിക്ക് തെല്ലും സംശയമില്ല.

www.malankaralibrary.com

## പ്രാർത്ഥനാസഹായം

വളരെ അടുപ്പമുള്ള എന്റെ ചില സുഹൃത്തുക്കളുടെ പ്രാർത്ഥനാസഹായം തീർത്ഥാടനത്തിന്റെ വിജയത്തിനായി ഞാൻ അപേക്ഷിച്ചു. മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ അവർക്ക് അനുഗ്രഹം ലഭിക്കുമെന്ന് നാം വിശ്വസിക്കുന്നു. അതിന്റെ കാരണം, നമ്മുടെ പ്രാർത്ഥനയുടെ ശക്തിയെക്കാൾ അതിന് ഉത്തരം നൽകുന്ന ദൈവത്തിൽ നാം ആശ്രയിക്കുന്നു എന്നതാണ്. അങ്ങനെ ആത്മീയമായി എന്റെ തീർത്ഥാടനത്തിന്റെ ഭാഗമാകാൻ തയ്യാറായവരോട് ചില നിർദ്ദേശങ്ങൾ ഞാൻ അറിയിച്ചു. അവയിൽ ചിലത് താഴെ കുറിക്കുന്നു.

1. എല്ലാ ദിവസവും ഒരു ജപമാല രാവിലെയും വൈകുന്നേരവും ചൊല്ലുക. ഒരു തീർത്ഥാടകന് ഏറ്റവും എളുപ്പത്തിൽ ചൊല്ലാവുന്ന ഒരു പ്രാർത്ഥനയാണിത്.

2. ഒരുപക്ഷെ, എല്ലാ ദിവസവും പോകുന്ന സ്ഥലങ്ങളിൽ എനിക്ക് വിശുദ്ധ കുർബാന അർപ്പിക്കുന്നതിന് സാധിച്ചെന്നു വരില്ല. അതിനാൽ, ഈ നിയോഗം വച്ച് കുർബാനയിൽ സംബന്ധിക്കുകയോ കുർബാന ചൊല്ലിക്കുകയോ ചെയ്യുക.

3. വിശുദ്ധന്മാരുടെ ജീവചരിത്രമോ ആത്മീയ ഉന്നതിക്ക് സഹായിക്കുന്നതോ ആയ ഒരു പുസ്തകം ഈ തീർത്ഥാടനകാലത്ത് മുഴുവനായി വായിക്കുക.

4. വരുന്ന മുപ്പത് ദിവസത്തേയ്ക്ക് ബൈബിളിലെ ഓരോ അധ്യായം ഓരോ ദിവസവും വായിക്കുക. വചനത്തിലൂടെ ദൈവം സംസാരിക്കുന്നത് ശ്രദ്ധിച്ചു കേൾക്കുക.

5. മറ്റൊരാളുടെ നിയോഗത്തിലേയ്ക്ക് എല്ലാ ദിവസവും അൽപ സമയം പ്രാർത്ഥിക്കുക.

6. അധികം പരിചയമില്ലാത്ത ഒരാൾക്ക് ആരുമറിയാതെ എന്തെങ്കിലുമൊരു സഹായം ചെയ്യുക.

7. രമ്യതയിൽ അല്ലാതിരുന്ന ഒരു കുടുംബാഗവുമായോ സുഹൃത്തുമായോ രമ്യതയിലാകുന്നതിന് ആത്മാർത്ഥമായ പരിശ്രമം നടത്തുക.

www.malankaralibrary.com

മുകളിൽ പറഞ്ഞ കാര്യങ്ങളൊക്കെ ചിലർക്കെങ്കിലും അതിശയോക്തിപരമായോ അപ്രായോഗികമായോ തോന്നിയേക്കാം. എന്നാൽ, ഇതൊക്കെ ചെയ്യാൻ തയ്യാറുള്ളവരായി കുറെയേറെ നല്ല സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ആത്മീയ ഒരുക്കം കൂടാതെ ശാരീരികമായും ഭൗതികമായും തീർത്ഥാടനത്തിനായി ഒരുങ്ങേണ്ടതുണ്ട്. അതിനെക്കുറിച്ചും തീർത്ഥാടകന്റെ ഒരു സാധാരണ ദിവസത്തെക്കുറിച്ചും അടുത്ത അധ്യായത്തിൽ വിവരിക്കുന്നതാണ്.

www.malankaralibrary.com

# 3 ശാരീരിക പരിശീലനം

ആത്മീയ ഒരുക്കം പോലെ തന്നെ തീർത്ഥാടന വിജയത്തിന് ശാരീരികമായ പരിശീലനവും അനിവാര്യമാണ്. നാലാഴ്ച്ച കൊണ്ട് 800 കിലോമീറ്ററോളം മുടങ്ങാതെ നടക്കുകയെന്നത് ശാരീരികമായി വളരെ പ്രയാസമേറിയതാണ്. നല്ല ഒരുക്കത്തോടെ യാത്രയ്ക്കിറങ്ങുക എന്നതല്ലാതെ ഇതിന് യാതൊരു കുറുക്കുവഴികളുമില്ല. രണ്ട് തവണയും തീർത്ഥാടനത്തിനായി ഇറങ്ങിത്തിരിക്കുന്നതിനു മുമ്പായി അതിനു വേണ്ടുന്ന ശാരീരിക ഒരുക്കം നടത്തുന്നതിന് ഞാൻ ശ്രദ്ധിച്ചിരുന്നു. എന്നാൽ, എന്റെ തയ്യാറെടുപ്പുകളെല്ലാം തന്നെ അപര്യാപ്തമായിരുന്നുവെന്ന് യാത്ര തുടങ്ങി അധികമാകുന്നതിനു മുമ്പു തന്നെ ഞാൻ തിരിച്ചറിഞ്ഞു.

ആദ്യ യാത്രയുടെ രണ്ടാം ദിവസം വഴിയിൽ വച്ച് കണ്ടുമുട്ടിയ അയർലണ്ടുകാരനായ പാട്രിക്, കല്ലിൽ ചവിട്ടി മറിഞ്ഞുവീണ് കൈയ്യൊടിഞ്ഞ കഥ എന്നോട് വിവരിച്ചു. വലിയ ആവേശത്തോടെ ആരംഭിച്ച അദ്ദേഹത്തിന്റെ യാത്ര അവസാനിപ്പിച്ച് സങ്കടത്തോടെ തിരികെ പോകേണ്ടിവന്നു. കഴിഞ്ഞ പ്രാവശ്യം അവസാനിപ്പിച്ചിടത്തു നിന്നും വീണ്ടും

www.malankaralibrary.com

സാന്റിയാഗോ ലക്ഷ്യമാക്കി അദ്ദേഹം യാത്ര പുനരാരംഭിച്ചിരിക്കുകയാണ്. അതുപോലെ എന്റെ രണ്ടാം സാന്റിയാഗോ തീർത്ഥാടനത്തിന്റെ ആദ്യ ദിനം കണ്ടുമുട്ടിയ സ്പാനിഷുകാരായ രണ്ട് ചെറുപ്പക്കാർ അന്നു പെയ്ത ശക്തമായ മഴ മൂലം തങ്ങളുടെ തുടർയാത്ര അവസാനിപ്പിച്ച് തിരികെ പോയി. മൂന്ന് തീർത്ഥാടനങ്ങൾ വിജയകരമായി പൂർത്തിയാക്കി തന്റെ നാലാം തീർത്ഥാടനത്തിലായിരിക്കുന്ന 72 വയസ്സുള്ള ജപ്പാൻകാരനായ അമക്കാസു അകിറയെയും (Amakasu Akira) കണ്ടുമുട്ടാനും രണ്ടു ദിവസം ഒന്നിച്ചുനടക്കാനും എനിക്ക് ഭാഗ്യം ലഭിച്ചു. ഈ അനുഭവങ്ങളൊക്കെ വിശദമായി പിന്നീട് എഴുതുന്നതാണ്.

ശാരീരിക പരിശീലനത്തെക്കുറിച്ചും യാത്രയിലുണ്ടായ സഹനങ്ങളെക്കുറിച്ചും വിശദീകരിക്കുമ്പോഴും എന്റെ തീർത്ഥാടനത്തിന്റെ പരമമായ ലക്ഷ്യം ആത്മീയോന്നതി ആയതിനാൽ എന്റെ വിവരണങ്ങളിൽ ആത്മപ്രശംസയുടെ അംശങ്ങൾ കടന്നുവരുന്നത് അനഭിലഷണീയമാണെന്നറിയാം. ആയതിനാൽ അങ്ങനെയുള്ള കാര്യങ്ങൾ പരമാവധി ഒഴിവാക്കി യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ വിശദീകരിക്കാൻ ശ്രമിക്കുന്നതാണ്.

ഒരു പരിധി വരെ, നീണ്ട തീർത്ഥാടനത്തിനായി ഒരുങ്ങുന്ന ആളുകൾ നടത്തുന്ന പരിശീലനം മാത്രമേ ഞാനും നടത്തിയിട്ടുള്ളൂ. ഇനിയും ഏതെങ്കിലും വിധത്തിൽ തീർത്ഥാടനം നടത്താൻ ആഗ്രഹിക്കുന്നവർക്ക് ഈ വിവരണം പ്രയോജനപ്പെടുമെന്നും കരുതട്ടെ!

കുറഞ്ഞത് രണ്ടു മാസം മുമ്പെങ്കിലും ശാരീരിക പരിശീലനം ആരംഭിച്ചിരിക്കണമെന്നാണ് തീർത്ഥാടനത്തെക്കുറിച്ചുള്ള പല ഗ്രന്ഥങ്ങളിലും നിർദ്ദേശിച്ചിരിക്കുന്നത്. റോമിലെ പഠനകാലത്ത് തീർത്ഥാടന ഒരുക്കത്തിന്റെ ഭാഗമായി എല്ലായിടത്തും നടന്നുപോകാൻ ഞാൻ ശ്രദ്ധിച്ചു. പത്ത് കിലോമീറ്റർ ദൂരമുള്ള യാത്രയിൽ കഴിവതും പൊതുവാഹനങ്ങൾ ഒഴിവാക്കി. അതുകൊണ്ട് എത്തിച്ചേരേണ്ട ഇടങ്ങളിലെത്താൻ കൂടുതൽ സമയമെടുത്തുവെങ്കിലും ശാരീരികമായ മറ്റ് പ്രയോജനങ്ങളുണ്ടായി.

www.malankaralibrary.com

സാന്റിയാഗോ തീർത്ഥാടനത്തിലെ പോലെ തന്നെ, ഈ പരിശീലന നടത്തങ്ങളിലും പത്തു കിലോയോളം ഭാരമുള്ള സഞ്ചിയും ഞാൻ തോളിലെടുത്തിരുന്നു. ഇത്രയൊക്കെ ഒരുക്കങ്ങൾ നടത്തിയിരുന്നുവെങ്കിലും യാത്രയുടെ ആദ്യയാഴ്ച വളരെ കഠിനം തന്നെയായിരുന്നു. ഞാൻ യാത്രയ്ക്ക് എപ്പോഴാണ് ശരിയായി ഒരുങ്ങിയതെന്നു ചോദിച്ചാൽ എന്റെ ഉത്തരം, യാത്ര അവസാനിച്ച ദിവസം എന്നായിരിക്കും. പണ്ടുകാലത്ത് ലക്ഷക്കണക്കിന് തീർത്ഥാടകർ ഈ കുന്നും മലകളും പുഴയുമൊക്കെ – ഇന്നത്തെ സൗകര്യങ്ങളൊന്നുമില്ലാതിരുന്നിട്ടും എങ്ങനെ നടന്നുവെന്ന് ഞാൻ ആലോചിച്ചിട്ടുണ്ട്. ഒരുപക്ഷെ, പ്രകൃതിയിൽ അദ്ധ്വാനിച്ച് പ്രകൃതിയോട് ഇണങ്ങിച്ചേർന്ന അവരുടെ ശരീരം അതിന് കൂടുതൽ പാകമായിരുന്നിരിക്കണം.

## കയ്യിൽ കരുതേണ്ട അത്യാവശ്യ സാധനങ്ങൾ

തീർത്ഥാടനത്തിന് ആവശ്യമായ സാധനങ്ങൾ നേരത്തെ വാങ്ങുകയും പരിശീലനകാലത്തു തന്നെ അത് ഉപയോഗിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഞാൻ നേരത്തെ പരിചയപ്പെടുത്തിയ ഫാ. മത്തെയോ, അദ്ദേഹം തീർത്ഥാടനത്തിനായി ഉപയോഗിച്ച ചില സാധനങ്ങൾ എനിക്കു തന്നു. ഇത്തരം സാധനങ്ങളൊക്കെ വാങ്ങുന്ന ഒരു കടയിൽ കൊണ്ടുപോയി സാധനങ്ങൾ തിരഞ്ഞെടുക്കുന്നതിന് അദ്ദേഹം എന്നെ സഹായിക്കുകയും ചെയ്തു. തീർത്ഥയാത്രയിൽ ഏറ്റവും അത്യാവശ്യമായിരുന്ന പുറത്തു തൂക്കിയിടുന്ന വലിയൊരു ബാഗ് ഞങ്ങൾ വാങ്ങി. ഒരു മാസത്തെ യാത്രയിൽ അത്യാവശ്യം ഉപയോഗിക്കേണ്ട എല്ലാ സാധനങ്ങളും അതിൽ ഉൾക്കൊള്ളിക്കണമായിരുന്നു. ദുർഘട പാതയിലൂടെയുള്ള നടത്തത്തിന് നല്ല ഷൂസും സോക്സും അത്യാവശ്യമായിരുന്നു. എന്റെ രണ്ട് തീർത്ഥാടനത്തിലും ഈ സാധനങ്ങൾ തന്നെയാണ് ഉപയോഗിച്ചത്. മൂന്നാമതൊരു യാത്രയ്ക്ക് ആവശ്യമെങ്കിൽ ഉപയോഗിക്കുന്നതിന് ഞാൻ ഇപ്പോഴും ഇവയെല്ലാം ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുണ്ട്.

പുറത്തെ ബാഗിൽ 10 കിലോയിൽ കൂടുതൽ ഒരിക്കലും എടുക്കരുതെന്ന് അനുഭവസ്ഥർ എന്നെ ഉപദേശിച്ചു. ഒരു ജോഡി വസ്ത്രങ്ങൾ പ്രത്യേകിച്ചും, ഓരോ ദിവസത്തെ

www.malankaralibrary.com
യാത്രയ്ക്കു ശേഷവും കഴുകിയുണക്കാൻ സാധിക്കുന്നവ, രാത്രിയിൽ ഉറങ്ങുന്നതിനുള്ള പ്രത്യേക സ്ലീപ്പിംഗ് ബാഗ്, അത്യാവശ്യ പ്രഥമ ശുശ്രൂഷാ മരുന്നുകൾ, കുർബാന ചൊല്ലുന്നതിനുള്ള സാധനങ്ങളടങ്ങിയ ചെറിയൊരു കിറ്റ്, പ്രാർത്ഥനാ പുസ്തകങ്ങൾ എന്നിവയായിരുന്നു പ്രധാനമായും ഞാൻ കൈയ്യിൽ കരുതിയിരുന്നത്.

യാത്ര ആരംഭിച്ചതിനു ശേഷമാണ് മല കയറുന്നതിനും ഇറങ്ങുന്നതിനുമൊക്കെ സഹായിക്കുന്ന ഊന്നുവടി ആവശ്യമാണെന്നു തോന്നി, വഴിയിലുള്ള ഒരു കടയിൽ നിന്നും അത് വാങ്ങിയത്. പിന്നീടുള്ള എന്റെ യാത്രകളിലൊക്കെ സന്തത സഹചാരിയായിരുന്നു മടക്കി ഉപയോഗിക്കാവുന്ന ആ വടി. രണ്ടാം തീർത്ഥാടനത്തിന്റെ അവസാനം വിമാനത്താവളത്തിലെ സെക്യൂരിറ്റി ഉദ്യോഗസ്ഥൻ, വിമാനത്തിൽ ഇത് അനുവദനീയമല്ല എന്നുപറഞ്ഞ് എടുത്തുകളഞ്ഞു. ആവശ്യത്തിലധികം സാധനങ്ങൾ കരുതിയത് ഒന്നാം യാത്രയിൽ ക്ലേശങ്ങൾക്കു കാരണമായി. വഴിയിൽ കണ്ട ചില സഹയാത്രികർ വലിയ സഹതാപത്തോടെ നോക്കുന്നതും എന്റെ ശ്രദ്ധയിൽ പെട്ടു.

ഒരു മാസം, ഒരു ജോഡി വസ്ത്രം കൊണ്ട് ജീവിക്കുകയെന്നത് ഞാൻ വിചാരിച്ചതിലും എളുപ്പമായിരുന്നു. യാത്ര തുടങ്ങി ഏതാനും ദിവസത്തിനകം ഇത്തരത്തിലുള്ള അനുഭവങ്ങൾ ലളിതജീവിതത്തിനുള്ള ഒരു പാഠശാലയായി ഈ യാത്ര മാറ്റുന്നുവെന്ന തിരിച്ചറിവ് എനിക്ക് പകർന്നുതന്നു. മറ്റുള്ളവരെ പഠിപ്പിക്കാൻ എപ്പോഴും സന്നദ്ധനായിരുന്ന എന്നെ, ദൈവം ചില പാഠങ്ങൾ പരിശീലിപ്പിക്കുവാൻ ഒരുക്കിയ വേദിയായിരുന്നു എന്റെ തീർത്ഥാടനം. ആവശ്യത്തിൽ കൂടുതലായി കരുതുന്നതെന്തും യാത്രയെ ദുഷ്കരമാക്കുമെന്ന് ഞാൻ തിരിച്ചറിഞ്ഞു.

എന്റെ ജീവിതയാത്രയിൽ, ജനിച്ച നാൾ മുതൽ തലയിൽ കയറ്റിവച്ച ഭാരങ്ങൾ എന്റെ ജീവിതയാത്രയെ ക്ലേശകരമാക്കുമെന്ന തിരിച്ചറിവും എനിക്കുണ്ടായി. തീർത്ഥാടനത്തിന്റെ അവസാനം അവയിൽ ചിലതെങ്കിലും എടുത്തുകളയുവാൻ സാധിക്കുമോയെന്ന് ഞാൻ ചിന്തിച്ചു. വാങ്ങിക്കൂട്ടുന്ന വസ്തുക്കളെക്കാൾ ആർജ്ജിച്ചെടുക്കുന്ന നന്മകളാണ് ജീവിതവിജയത്തിന്

www.malankaralibrary.com

സഹായിക്കുക എന്നുള്ളത് എനിക്കറിയാമായിരുന്നു. പിന്നെ ന്തേ ആവശ്യമില്ലാത്തതൊക്കെ വീണ്ടുംവീണ്ടും ഞാൻ സ്വരുക്കൂട്ടുന്നത്.

പുറത്ത് കരുതിയ സഞ്ചിയുടെ ഭാരത്തെക്കാൾ ജീവിത ഭാരം താങ്ങാൻ കഴിയാതെ അതൊക്കെ ഒന്ന് ഇറക്കിവയ്ക്കണമെന്ന് അതിയായി ആശിച്ചുനടക്കുന്ന ഒരുപാട് മനുഷ്യജന്മങ്ങളെ വഴിയിൽ ഞാൻ കണ്ടുമുട്ടി. ഗ്രീക്ക് പുരാണകഥയിൽ, തന്റെ തലയിൽ ലോകത്തിന്റെ മുഴുവൻ ഭാരവും പേറി നിൽക്കാൻ വിധിക്കപ്പെട്ടവാനാണ് അതിശക്തനായ അറ്റ്ലസ്. അതുവഴി വന്ന ഹെർക്കുലീസ്, അറ്റ്ലസിനെ സഹായിക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹത്തിന്റെ തലയിൽ ഭാരമെല്ലാം വച്ചിട്ടുപോകാനുള്ള ഒരു വിഫലശ്രമം അറ്റ്ലസ് നടത്തുന്നുണ്ട്. മറ്റുള്ളവരെ സഹായിക്കാൻ ശ്രമിച്ച് അബദ്ധം പറ്റി കൂടുതൽ ഭാരം ചുമക്കുന്നവരെയും വഴിയാത്രയിൽ കണ്ടുമുട്ടാനും സംസാരിക്കാനും എനിക്ക് ഇടയായിട്ടുണ്ട്.

## തീർത്ഥാടകന്റെ ഒരു ദിവസം

സാധാരണയായി സാന്റിയാഗോ തീർത്ഥാടകരെല്ലാം തന്നെ അതിരാവിലെ യാത്ര ആരംഭിക്കുകയാണ് പതിവ്. എന്നാൽ, വളരെ വിരളമായി താമസിച്ചെഴുന്നേറ്റ് നടക്കുന്നവരെയും യാത്രയിൽ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. വളരെ വേഗത്തിൽ നടക്കുന്നവരും സാവധാനം നടക്കുന്നവരും അക്കൂട്ടത്തിലുണ്ട്. ഒരിക്കൽ രാവിലെ 4 മണിക്ക് ഉണർന്ന് ഉച്ചയ്ക്കു മുമ്പായി 40 കിലോമീറ്ററിലധികം നടക്കുന്ന ഫ്രഞ്ചുകാരനായ ഒരു തീർത്ഥാടകനെയും കാണാനിടയായി. ഓരോ ദിവസവും എത്ര കിലോമീറ്റർ നടക്കണമെന്നത് പല കാര്യങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത്. പ്രധാനമായും താമസസ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് യാത്രയുടെ നീളം കൂടുകയും കുറയുകയും ചെയ്യും. മിക്ക ദിവസങ്ങളിലും രാവിലെ 5-നും 5.30-നും ഇടയ്ക്കുള്ള സമയത്ത് ഉറക്കമുണർന്ന് രാവിലെ തന്നെ യാത്ര തുടങ്ങുന്ന പതിവായിരുന്നു രണ്ട് തീർത്ഥാടന യാത്രകളിലും ഞാൻ അനുവർത്തിച്ചു പോന്നിരുന്നത്. രണ്ട് യാത്രയിലും ഇറ്റലിക്കാരനായ ജാംപൗളോയോടൊത്താണ് ഞാൻ തീർത്ഥാടനം നടത്തിയതും. എന്റെ "ഫ്രഞ്ച് കമീനോ" യുടെ ആരംഭത്തിൽ

www.malankaralibrary.com

അവിചാരിതമായി കണ്ടുമുട്ടിയ വ്യക്തിയായിരുന്നു അദ്ദേഹം. ഞങ്ങൾ രണ്ടുപേരും കൂടി നടത്തിയ ഇരു യാത്രകളെയും കുറിച്ച് ഇറ്റാലിയൻ ഭാഷയിൽ അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകത്തിലെ പ്രധാന കഥാപാത്രമായി എന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. യാത്ര ചെയ്ത് ക്ഷീണിക്കുമ്പോൾ ഞാൻ പതിവായി പറയാറുണ്ടായിരുന്ന "ഇത് പാവപ്പെട്ട ഒരു ഇന്ത്യാക്കാരന് കുറെ കഠിനമാണ്" (This is too much for a poor Indian) എന്ന വാചകം അദ്ദേഹത്തിന്റെ പുസ്തകത്തിൽ പലതവണ പറഞ്ഞിട്ടുണ്ട്. ജാംപൗളോയെക്കുറിച്ച് പിന്നീട് വിശദമായി പറയുന്നതാണ്.

രാവിലെ, പ്രഭാതകൃത്യങ്ങൾക്കു ശേഷം സോക്സ് ധരിക്കുന്നതിനു മുമ്പായി കാലിൽ വാസലിൻ പുരട്ടും. തുടർച്ചയായ നടത്തത്തിനിടയിൽ കാൽവിരലുകളും പാദവും ഷൂസുമായി ഉരസി പൊട്ടാതിരിക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. എങ്കിൽപ്പോലും ഒന്നിൽ കൂടുതൽ തവണ എന്റെ കാൽ ഉരഞ്ഞു പൊട്ടുകയും അത് നടത്തത്തിന്റെ വേഗതയെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. ആ വേളയിലൊക്കെ എന്നെ ശുശ്രൂഷിച്ച് രക്ഷപെടുത്തിയത് സഹയാത്രികനായ ജാംപൗളോയാണ്. എല്ലാ ദിവസവും യാത്ര ആരംഭിക്കുന്നതിനു മുമ്പായി തീർത്ഥാടകന്റെ പ്രാർത്ഥന ഞാനും ജാംപൗളോയും ഒരുമിച്ച് ചൊല്ലുമായിരുന്നു. പ്രാർത്ഥനയുടെ മലയാളം പരിഭാഷ താഴെ കൊടുക്കുന്നു:

"പിതാവായ അബ്രഹാമിനെ കൽദായ ദേശത്തു നിന്ന് വിമോചിപ്പിക്കുകയും അവന്റെ സഞ്ചാരങ്ങളിൽ അവനെ സഹായിക്കുകയും ചെയ്ത ദൈവമേ, അങ്ങ് യഹൂദജനതയെ അവരുടെ മരുഭൂമിയിലെ യാത്രയിൽ വഴി നടത്തിയതു പോലെ അങ്ങയുടെ ദാസരായ ഞങ്ങളെയും ഈ യാത്രയിൽ കാത്തു കൊള്ളേണമെ. നിന്റെ സ്നേഹത്തിൽ ആയിരുന്നുകൊണ്ട് യാക്കോബിന്റെ വഴിയിലൂടെ ഞങ്ങൾ സഞ്ചരിക്കട്ടെ. ഈ യാത്രയിൽ കൂട്ടാളിയും, ഉപമാർഗ്ഗങ്ങളിൽ പരിചാരകരും, ആലസ്യങ്ങളിൽ ഇളങ്കാറ്റും, അപകടങ്ങളിൽ തുണയും, യാത്രയ്ക്ക് വിശ്രമിക്കാനുള്ള സത്രവും, ഉഷ്ണത്തിൽ രക്ഷയേകും തണലും, അന്ധകാരമകറ്റുന്ന പ്രകാശവും, നിരാശയിൽ ആശ്വാസവും,

www.malankaralibrary.com

നിയോഗങ്ങളിൽ ബലവും നീ തന്നെയായിരുന്ന് ഞങ്ങളോടൊത്ത് യാത്ര ചെയ്യേണമെ. നിന്റെ തണലിൽ സുരക്ഷിതരായി ആരോഗ്യത്തോടെ യാത്രയുടെ അന്ത്യത്തിൽ എത്തിച്ചേരുന്നതിനും നിന്റെ കൃപയാൽ നിറഞ്ഞ് പുണ്യത്തിൽ പൂരിതരായി സന്തോഷത്തോടെ ഭവനങ്ങളിൽ തിരികെയെത്തുവാനും ഞങ്ങളെ സഹായിക്കേണമെ.ഞങ്ങളുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമ്മേൻ. അപ്പസ്തോലനായ യാക്കോബേ, പരിശുദ്ധ മറിയമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ.''

ഈ പ്രാർത്ഥന ഞങ്ങളുടെ യാത്രയ്ക്ക് വലിയ ശക്തി നൽകിയിരുന്നുവെന്ന് നിസംശയം സാക്ഷ്യപ്പെടുത്തുവാൻ എനിക്ക് സാധിക്കും. ഒരിക്കൽപ്പോലും ഈ പ്രാർത്ഥന ചൊല്ലാതെ ഞങ്ങളുടെ യാത്ര ആരംഭിച്ചിട്ടുമില്ല. അൽപനേരം തനിയെ നടന്ന ശേഷം ഞാനും പൗളോയും ചേർന്ന് ഒരുമിച്ച് ജപമാല ചൊല്ലും. അത് അവസാനിക്കുമ്പോൾ മാർപാപ്പയുടെ നിയോഗത്തിലേയ്ക്കായി ഒരു സ്വർഗ്ഗസ്ഥനായ പിതാവും, നന്മ നിറഞ്ഞ മറിയവും ത്രീത്വസ്തുതിയും ചൊല്ലി സമർപ്പിക്കും. തുടർന്നുള്ള പ്രാർത്ഥനകൾ ഞങ്ങൾ അവരവരുടെ സൗകര്യാർത്ഥം ചൊല്ലുകയാണ് ചെയ്യുന്നത്.

സാധാരണയായി എപ്പോഴും ജപമാല ചൊല്ലി നടക്കുകയായിരുന്നു എന്റെ പതിവ്. അതുപോലെ തന്നെ ഓരോ ദിവസവും ഒരു നിയോഗം ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഞങ്ങൾ ഓരോ ദിവസത്തെയും യാത്ര കഴിഞ്ഞെത്തുന്ന സ്ഥലങ്ങളിൽ ദൈവാലയത്തിൽ വിശുദ്ധ കുർബാനയുണ്ടെങ്കിൽ അതിൽ സംബന്ധിക്കും. താമസിക്കുന്ന സ്ഥലങ്ങളിൽ സൗകര്യമുണ്ടെങ്കിൽ അങ്ങനെയും ചൊല്ലുന്നതാണ്. ചുരുക്കം ചില ദിവസങ്ങളിൽ താമസിക്കുന്ന സ്ഥലത്തെ അപര്യാപ്തത കൊണ്ട് കുർബാന ചൊല്ലാൻ സാധിക്കാതെയും വന്നിട്ടുണ്ട്.

രാവിലെ ആദ്യം കാണുന്ന കടയിൽ കയറി കാപ്പി കുടിക്കുക പതിവായിരുന്നു. ചില ദിവസങ്ങളിൽ പത്ത് കിലോമീറ്റർ നടന്നെങ്കിൽ മാത്രമേ ഒരു കട കണ്ടെത്തുവാൻ സാധിക്കുമായിരുന്നുള്ളൂ. ഉച്ചക്കത്തെ ഭക്ഷണം മിക്കപ്പോഴും കടയിൽ

www.malankaralibrary.com

നിന്നു വാങ്ങുന്ന പഴങ്ങളും ബ്രഡ്ഡുമൊക്കെയായിരുന്നു. വൈകുന്നേരം മാത്രമാണ് വയറുനിറയെ ഭക്ഷണം കഴിക്കാൻ കഴിഞ്ഞിരുന്നത്. കയ്യിൽ കരുതിയിരുന്ന കുപ്പിവെള്ളം എപ്പോഴും ജീവജലമായി ഞങ്ങൾ കൈകാര്യം ചെയ്തിരുന്നു. യാത്ര, ജൂൺ മാസത്തിലായിരുന്നതിനാൽ പഴങ്ങളൊക്കെ പാകമായി വരുന്നതേ ഉണ്ടായിരുന്നുള്ളൂ. വഴികളിലെല്ലാം ധാരാളം മുന്തിരിത്തോട്ടങ്ങളും ആപ്പിൾ, ചെറി തോട്ടങ്ങളും ഒക്കെയുണ്ട്. ചിലപ്പോഴൊക്കെ വിശപ്പു കൊണ്ട്, പാകമാകാത്ത പഴങ്ങളും ഞങ്ങൾ കഴിക്കാറുണ്ടായിരുന്നു. റോഡ് സൈഡിലുള്ള പഴങ്ങൾ പറിക്കുന്നത് 'തീർത്ഥാടകന്റെ അവകാശം' പോലെയായിരുന്നു. വിശന്നു കഴിക്കുന്ന ഭക്ഷണത്തിന്റെ സ്വാദും ദാഹിച്ചു കുടിക്കുന്ന ജലത്തിന്റെ രുചിയും വളരെ വലുതായിരുന്നു.

## താമസ സൗകര്യം

തീർത്ഥാടന പാതയിലെല്ലാം താമസത്തിനുള്ള സൗകര്യങ്ങളുണ്ടായിരുന്നു. പഞ്ചായത്തുകളും പള്ളികളും സ്വകാര്യ വ്യക്തികളുമൊക്കെ നടത്തുന്ന സ്ഥലങ്ങളിൽ ചിലതൊക്കെ സൗജന്യമായിരുന്നു. പല തട്ടുകളായി കിടക്കകൾ ക്രമീകരിച്ചിരിക്കുന്ന അത്തരം ഭവനങ്ങളെ സ്പാനിഷ് ഭാഷയിൽ "അൽബേർഗ്" (Albergue) എന്നാണ് വിളിച്ചിരുന്നത്.

അൽബേർഗിൽ തീർത്ഥാടകർക്കു മാത്രമാണ് സ്ഥലം ലഭിച്ചിരുന്നത്. അതിന് പാസ്പോർട്ട് പോലെയുള്ള തിരിച്ചറിയൽ രേഖയും തീർത്ഥാടകന്റെ സീൽ ചെയ്യുന്ന രേഖയും കാണിക്കണമായിരുന്നു. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കുളിക്കാനും തുണിയലക്കി ഉണക്കാനുമുള്ള അത്യാവശ്യ സൗകര്യങ്ങളും ലഭ്യമാണ്. സാധാരണ ഗതിയിൽ ഒരു സ്ഥലത്തു ചെന്നാൽ ആദ്യം ചെയ്യുന്നത് തുണി അലക്കുകയും കുളിക്കുകയും ചെയ്യുകയായിരുന്നു. ഒരുപാട് പേർ ഒരുമിച്ചുറങ്ങുന്ന വലിയ കേന്ദ്രങ്ങളിൽ ഉറങ്ങുകയെന്നത് ചിലപ്പോഴൊക്കെ സാഹസം പിടിച്ച ഏർപ്പാടായിരുന്നു. കൂർക്കം വലിക്കുന്ന തടിയന്മാരായ ആളുകളെ ധാരാളം ഈ യാത്രയിൽ കണ്ടുമുട്ടിയിട്ടുണ്ട്. രാത്രിയുടെ നിശബ്ദതയിൽ സംഗീതസാന്ദ്രമായി കടന്നുവരുന്ന ആ ശബ്ദങ്ങളെ പ്രതിരോധിക്കുവാനുള്ള ഉപാധികളും ഞാൻ കൈവശം കരുതിയിരുന്നു.

www.malankaralibrary.com

ഇതുവരെയും ഈ തീർത്ഥാടനത്തിനുള്ള ആമുഖം പറയുന്ന തിരക്കിലായിരുന്നു ഞാൻ. ഇനിയും വരുന്ന കുറെ അധ്യായങ്ങളിൽ, പോയ വഴികളെക്കുറിച്ചും അഭിമുഖീകരിച്ച പ്രതിസന്ധികളെക്കുറിച്ചും കണ്ടുമുട്ടിയ ജീവിതങ്ങളെക്കുറിച്ചുമൊക്കെ പ്രതിപാദിക്കാം എന്നാണ് കരുതുന്നത്. എല്ലാ ദിവസവും പകർത്തിയ ചിത്രങ്ങളും എഴുതിവച്ച കുറിപ്പുകളും ഈ ഉദ്യമത്തിൽ എനിക്ക് സഹായിയാണ്. എല്ലാവരുടെയും യാത്രയ്ക്കു പിന്നിൽ ജീവിതഗന്ധിയായ ഒരു കഥയുണ്ടായിരുന്നു. അവരുടെ കഥകൾ എന്റെ ജീവിതത്തിന്റെ ഭാഗമാവുകയും എന്റെ ജീവിതകഥകൾ പലരുമായും പങ്കുവച്ച് അവരുടെ കഥയുടെ ഭാഗമായി മാറിയതിന്റെയും ഒരു വിശകലനമാണ് എന്റെ "യാക്കോബിന്റെ വഴി"!

www.malankaralibrary.com

# 4

# തീർത്ഥാടനം ആരംഭിക്കുന്നു

രണ്ട് പ്രാവശ്യം യാക്കോബിന്റെ വഴിയിലൂടെ (The Way of St. James) തീർത്ഥാടനം നടത്താൻ അനുഗ്രഹം ലഭിച്ചതിന്റെ അനുഭവസാക്ഷ്യമാണ് ഇവിടെ കുറിക്കുന്നത്.

2014 ജൂൺ മാസത്തിൽ ഫ്രാൻസിലെ സെന്റ് ജീൻ പിയേ ദി പോർട്ട് (Saint Jean Pied de Port) എന്ന സ്ഥലത്തു നിന്നും യാക്കോബിന്റെ കബറിടം സ്ഥിതി ചെയ്യുന്ന സാന്റിയാഗോയിലേയ്ക്ക് 25 ദിവസം നീണ്ടുനിന്ന തീർത്ഥാടനമായിരുന്നു ആദ്യത്തേത്. 2017 ജൂൺ മാസത്തിൽ ഫ്രാൻസിന്റെ അതിർത്തിയോട് ചേർന്നുകിടക്കുന്ന സ്പെയിനിലെ ഇറൂൺ (Irun) എന്ന പട്ടണത്തിൽ നിന്നും 26 ദിവസം നീണ്ടുനിന്ന തീർത്ഥാടനമായിരുന്നു രണ്ടാമത്തേത്. "ഫ്രഞ്ച് തീർത്ഥാടനം" (French Camino) എന്ന പേരിലറിയപ്പെടുന്ന ഒന്നാമത്തെ തീർത്ഥാടനം 791 കിലോമീറ്ററും, "വടക്കൻ തീർത്ഥാടനം" (Camino del Nord) എന്നറിയപ്പെടുന്ന രണ്ടാമത്തെ തീർത്ഥാടനം 825 കിലോമീറ്റർ ദൂരവുമുണ്ട്.

ഞാൻ നടന്ന തീർത്ഥാടനപാതകളുടെ പ്രത്യേകതകളും യാത്രയിൽ നേരിട്ട ശാരീരികപ്രയാസങ്ങളും

www.malankaralibrary.com

കണ്ടുമുട്ടിയ സഹയാത്രികർ ഞാനുമായി പങ്കുവച്ച ചില ജീവിതാനുഭവങ്ങളും കോർത്തിണക്കി ഇവിടെ വിവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഫ്രഞ്ച് തീർത്ഥാടനപാത ഇന്ന് വളരെയേറെ തിരക്കേറിയതാണ്. അവധിക്കാലത്ത് മാനസീകോല്ലാസത്തിനും, ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുമുള്ള ഉപാധിയായി പലരും ഇതിനെ കാണുന്നു. അങ്ങനെ തീർത്ഥാടനം ''ഉല്ലാസയാത്ര'' ആക്കി മാറ്റുമ്പോൾ ആത്മീയാനുഭവത്തിന്റെ അളവ് കുറയുകയും ചെയ്യുന്നു.

ഫ്രഞ്ച് തീർത്ഥാടനം ആരംഭിക്കുന്ന സെന്റ് ജീൻ പിയേ ദി പോർട്ട് എന്ന ചെറുഗ്രാമം പിരനീസ് (Pyranees) പർവ്വത നിരകളുടെ താഴ്‌വാരത്തിലാണ്. ഈ പർവ്വതനിര ഫ്രാൻസിന്റെയും സ്പെയിനിന്റെയും അതിർത്തിയിൽ 500 കിലോമീറ്ററോളം നീളത്തിൽ കിടക്കുന്നു. ഇവിടെ നിന്നും ആയിരത്തി മുന്നൂറോളം മീറ്റർ ഉയരത്തിലുള്ള മല കയറിയിറങ്ങുന്നത് സ്പെയിനിലെ റോൻസസ് വാലസ് (Roncessvalles) എന്ന ഗ്രാമത്തിലേയ്ക്കാണ്. 25 കിലോമീറ്ററുള്ള ഈ യാത്ര തീർത്ഥാടനപാതയിലെ ഏറ്റവും ആയാസകരവും അതേസമയം ഏറ്റവും പ്രകൃതിരമണീയവുമായ ഒന്നാണ്.

2014 ജൂൺ മാസത്തിലെ വസന്തകാലത്തെ നല്ല കാലാവസ്ഥ എന്റെ യാത്രയ്ക്ക് വലിയ അനുഗ്രഹമായിരുന്നു. റോമിൽ നിന്നും ദീർഘയാത്ര ചെയ്താണ് ഫ്രാൻസിലെ ഈ ഗ്രാമത്തിൽ വൈകുന്നേരത്തോടെ ഞാനെത്തിയത്. യാത്രയുടെ അവസാനപാദത്തിൽ ബസ്സിൽ എന്റെയടുത്ത് ഇരിക്കുന്ന ഏകദേശം 60 വയസ്സ് പ്രായം തോന്നിക്കുന്ന ആളും തീർത്ഥാടനത്തിനുള്ള പുറപ്പാടാണെന്ന് എനിക്ക് തോന്നി. കഷണ്ടി കയറിയ തലയും, നല്ലപോലെ നരച്ച താടിമീശയും, തിളങ്ങുന്ന കണ്ണുകളുമുള്ള അദ്ദേഹം എന്നെയും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരു ശക്തിക്കു വേണ്ടി എന്റെ കയ്യിലിരുന്ന ജപമാലയിലെ മണികൾ ഞാനറിയാതെ തന്നെ ഉരുട്ടിക്കൊണ്ടിരുന്നു. എന്റെ യാത്രയിലെ ഏറ്റവും വിലപിടിപ്പുള്ള വസ്തുവും പ്രധാന ആയുധവുമായി ഈ ജപമാല രണ്ട് തീർത്ഥാടനങ്ങളിലും എന്നോടൊപ്പം യാത്ര ചെയ്തു. കർത്താവിന്റെ കാൽപ്പാടുകളെ

www.malankaralibrary.com

അനുധാവനം ചെയ്യാൻ ജറുസലേമിലെത്തുന്ന തീർത്ഥാട കൻ ധരിക്കുന്ന കുരിശ് പോലെയും, മധ്യകാലയുഗത്തിലെ തീർത്ഥാടകന്റെ കഴുത്തിലണിയുന്ന തടിക്കുരിശ് പോലെയും എന്റെ കയ്യിലും കഴുത്തിലും കീശയിലുമൊക്കെയായി ഈ ജപമാലയും എപ്പോഴും ഉണ്ടായിരുന്നു.

ഒരു തീർത്ഥാടകൻ കഴുത്തിലണിയുന്ന കുരിശിന് വലിയ അത്ഭുതശക്തിയുണ്ടെന്ന് പണ്ടുകാലത്തെ ആളുകൾ വിശ്വ സിച്ചിരുന്നു. ഇത്തരം കുരിശുകൾ കൈക്കലാക്കുന്നതിനു വേണ്ടി സാന്റിയാഗോയിൽ പോയി വരുന്ന തീർത്ഥാടകരെ കൊല്ലാൻ പോലും ആളുകൾക്ക് മടിയുണ്ടായിരുന്നില്ല. ഇന്നും എന്തെങ്കിലും പ്രത്യേക നിയോഗം വച്ച് പ്രാർത്ഥിക്കണമെങ്കിൽ ഈ ജപമാല തന്നെയാണ് ഞാനുപയോഗിക്കുന്നത്.

## ജാംപൗളോ എന്ന സഹയാത്രികൻ

ഒന്നര മണിക്കൂർ നീണ്ട ബസ് യാത്രയ്ക്കിടയിൽ എന്റെ അടുത്തിരുന്ന ആളിനെ ഞാൻ പരിചയപ്പെട്ടിരുന്നു. ഇറ്റലിക്കാ രനായ ജാംപൗളോ ഇംഗ്ലീഷും, സ്പാനിഷും ഒക്കെ നന്നായി കൈകാര്യം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ രണ്ടാമത്തെ തീർ ത്ഥാടനമാണിത്. ആദ്യത്തെ തീർത്ഥാടനം 300 കിലോമീറ്റർ നടത്തിയപ്പോഴേയ്ക്കും പൂർത്തിയാക്കാൻ കഴിയാതെ തിരി കെപ്പോകേണ്ടി വന്നു. യാത്ര തുടങ്ങി ഏതാനും ദിവസങ്ങൾ ക്കുള്ളിൽ അദ്ദേഹത്തിന്റെ ഭാര്യയുടെ കാൽമുട്ടിന് പ്രയാസം നേരിട്ടു. തന്റെ ബാഗ് പുറത്തും ഭാര്യയുടെ ബാഗ് മുമ്പിലും വഹിച്ചു കൊണ്ടുള്ള യാത്ര അധിക ദിവസം തുടരാൻ അദ്ദേ ഹത്തിന് സാധിച്ചില്ല. എങ്കിലും ഭാര്യയുടെ വേദനയിൽ പങ്കു പറ്റി ഭാരം ചുമക്കാൻ തയ്യാറായ ജാംപൗളോ, കുടുംബജീവി തത്തിന്റെ നല്ലൊരു മാതൃകയാണെന്ന് എനിക്കു തോന്നി. ഈ തീർത്ഥയാത്രയെല്ലാം ഒരു പ്രത്യേക പ്രാർത്ഥനാ നിയോഗം വച്ചാണ് അദേഹം നടത്തുന്നത്.

മക്കളില്ലാതിരുന്ന ജാംപൗളോയും അന്നായും ഒരു വയ സ്സുള്ള ഇറ്റലിക്കാരനായ ഒരു കുഞ്ഞിനെ ദത്തെടുത്തു. വള രുന്ന പ്രായത്തിൽ നല്ല വിദ്യാഭ്യാസവും ആത്മീയശിക്ഷണ വുമൊക്കെ നൽകി. എന്നാൽ ഇപ്പോൾ 39 വയസ്സുള്ള മകൻ വലിയ ഉത്തരവാദിത്വങ്ങളൊന്നുമില്ലാത്തവനെപ്പോലെയാണ്

www.malankaralibrary.com

പെരുമാറുന്നത്. പലപ്പോഴും സാമ്പത്തികമായും വൈകാരികമായും ജാംപൗളോയുടെ തണലിൽ തന്നെയാണ് കഴിയുന്നത്. ആ മകന്റെ ജീവിതത്തിൽ അത്ഭുതകരമായ ദൈവീക ഇടപെടൽ ഉണ്ടാകണമെന്ന നിയോഗം വച്ചുകൊണ്ടാണ് അദ്ദേഹം യാക്കോബിന്റെ കബറിടത്തിലേയ്ക്ക് തീർത്ഥാടനം നടത്തുന്നത്. അങ്ങനെ എന്റെ അനേകം പ്രാർത്ഥനാ നിയോഗങ്ങളുടെ കൂട്ടത്തിൽ ഇതു കൂടെ ചേർക്കപ്പെട്ടു.

വൈകുന്നേരം 7:00 മണി ആയിക്കാണും. ഞങ്ങൾ സാൻ ജീൻ പിയേദി പോർട്ടിൽ എത്തിയപ്പോൾ. സൂര്യവെളിച്ചം രാത്രി 9:30 വരെയുമുള്ള സമയമായതിനാൽ ഉച്ചസമയത്തെ പ്രതീതിയായിരുന്നു ഗ്രാമത്തിലെവിടെയും. ഗ്രാമത്തിന്റെ മധ്യഭാഗത്തു കൂടി ഒഴുകിയിരുന്ന നീവ് (Nive) നദിയും, അതിനു മുകളിലുള്ള പഴയ പാലവും, കല്ലുപാകിയ നിരത്തുകളും ഗ്രാമത്തെ മനോഹരമാക്കിയിരുന്നു. എത്രയും വേഗം അന്തിയുറങ്ങാൻ ഒരു സ്ഥലം അന്വേഷിച്ച് ജാംപൗളോയും ഞാനും നടക്കാൻ തുടങ്ങി. സത്രങ്ങളിലൊന്നും ഇനി ഇടമില്ലെന്ന ബോർഡ് കണ്ടത് ഞങ്ങളെ സങ്കടപ്പെടുത്തി. എന്നാൽ അന്വേഷണത്തിനിടയിൽ ഇറ്റലിക്കാരായ മൂന്ന് കൂട്ടുകാരെ കൂടി ഞങ്ങൾക്കു കിട്ടി - മാർക്കോ, പീനാ, ദാനിയേല. അവരും തീർത്ഥാടനത്തിനായി വന്നിരിക്കുന്നവരായിരുന്നു. മാർക്കോ, തന്റെ കൈയിലുള്ള തീർത്ഥാടന സഹായിയിൽ നിന്നും (Tourist Guide) ഒരു ഫോൺ നമ്പർ കണ്ടുപിടിച്ച് എങ്ങോട്ടോ വിളിച്ചു. അങ്ങനെ തീർത്ഥാടന പാതയിൽ തന്നെ 5 കിലോമീറ്റർ ദൂരത്തിലുള്ള ഒരു സ്വകാര്യ സത്രത്തിൽ ഞങ്ങൾക്ക് അന്തിയുറങ്ങാനും ഭക്ഷണത്തിനുമുള്ള സൗകര്യം ലഭിച്ചു. കത്തോലിക്കരായിരുന്ന അവർക്കെല്ലാം കൂടെ നടക്കാൻ ഒരു അച്ചനെ കിട്ടിയതിലുള്ള സന്തോഷം മറച്ചുവച്ചതുമില്ല. അങ്ങനെ ഒറ്റ ദിവസം കൊണ്ട് പേരുമാറ്റി ഞാൻ 'പാദ്രേ മത്തേയോ ജോർജ്ജിനി' എന്ന ഇറ്റലിക്കാരനായി മാറി.

പകലത്തെ യാത്രയുടെ ക്ഷീണം കാരണം അടുത്ത കട്ടിലിൽ കിടന്നുറങ്ങിയിരുന്ന ജർമ്മൻകാരന്റെ താളാത്മകമായ കൂർക്കം വലിക്കും എന്റെ നിദ്രയ്ക്ക് ഭംഗം വരുത്തുവാൻ സാധിച്ചില്ല. രാവിലെ 5:30-ന് തന്നെ എഴുന്നേറ്റ് പ്രഭാതകൃത്യങ്ങളൊക്കെ നടത്തി അവിടുത്തെ സ്വീകരണമുറിയിലുണ്ടായി

www.malankaralibrary.com

രുന്ന ഒരു മേശയിൽ വെള്ളത്തുണി വിരിച്ച് കുർബാന ചൊല്ലി. ജാംപൗളോയും മാർക്കോയും സന്തോഷത്തോടെ അതിൽ പങ്കെടുത്തു. പ്രഭാത ഭക്ഷണത്തിനു ശേഷം 25 കിലോമീറ്റർ ദൂരത്തിലുള്ള റോൺസസ്വാലസ് (Roncesvalles) ലക്ഷ്യമാക്കി ഞങ്ങൾ നടത്തം ആരംഭിച്ചു.

ഫ്രഞ്ച് തീർത്ഥാടന പാതയിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞതും പ്രകൃതിരമണീയവുമായ പാതയായിരുന്നു ഇത്. ഒരു ദിവസം 1,500-ലധികം മീറ്റർ മല കയറുക എന്നത് ആയാസകരമായിരുന്നു. തീർത്ഥാടന പാതയിലൊക്കെ തന്നെ പുതിയ ആളുകളെ കണ്ടുമുട്ടുക സാധാരണമായിരുന്നു. നാമൊക്കെ നടത്തുന്ന ട്രെയിൻ യാത്ര പോലെ, അപരിചിതർ പെട്ടെന്ന് സുഹൃത്തുക്കളായി മാറുന്നത് തീർത്ഥാടനത്തിൽ സ്വാഭാവികമാണ്. ഏതാനും വർഷങ്ങൾക്കു മുമ്പ് തീർത്ഥാടനത്തിനിടയിൽ മരിച്ച ജപ്പാൻകാരന്റെ ശവകുടീരം കാണിക്കുന്ന ഒരു കുരിശും വഴിയിൽ കാണാനിടയായി.

അങ്ങനെ ജപമാലയും ചൊല്ലി ഒറ്റയ്ക്ക് നടക്കുമ്പോഴാണ് നല്ല നീളമുള്ള ഒരു ചെറുപ്പക്കാരൻ എന്റെ പിന്നാലെ നടന്നു വരുന്നത് ഞാൻ ശ്രദ്ധിച്ചത്. വാമനനെ ചവിട്ടിത്താഴ്ത്തിയ മഹാവിഷ്ണുവിന്റെ രൂപത്തിലുള്ള അദ്ദേഹത്തിന് മൂന്ന് കാൽ വച്ചാൽ സാന്റിയാഗോയിൽ എത്താൻ സാധിക്കുമെന്ന് എനിക്കു തോന്നി. എന്റെ കയ്യിലുള്ള ജപമാല കണ്ടിട്ടാവണം അദ്ദേഹം സംസാരിക്കാനുള്ള താൽപര്യം മനസ്സിൽ ഒളിച്ചു വച്ച് എന്നെ നോക്കി ചിരിക്കുക മാത്രം ചെയ്തു. നന്നായി ചിരിക്കുന്നതു തന്നെ പ്രകാശപൂരിതമായ ഒരു ജീവിതത്തിന്റെ ലക്ഷണമാണ്. അതുകൊണ്ട് അദ്ദേഹത്തെ നോക്കി ഞാനും ചിരിച്ചു. ആ ചിരി മറ്റൊരു സൗഹൃദത്തിന്റെ തുടക്കമായിരുന്നു.

## പെദ്രോ എന്ന സഹയാത്രികന്റെ നൊമ്പരങ്ങൾ

സ്പെയിനിന്റെ തെക്കേ അറ്റത്തുള്ള സെവിൽ (Seville) എന്ന നഗരത്തിനടുത്തു നിന്നാണ് പെദ്രോ (Pedro) വരുന്നത്. ഏകദേശം 7 ലക്ഷത്തിലധികം ജനസംഖ്യയുള്ള സെവിൽ, സ്പെയിനിലെ നാലാമത്തെ വലിയ നഗരമാണ്. ഇന്ത്യയിൽ

www.malankaralibrary.com

നാലഞ്ചു കുടുംബങ്ങൾ കൂടിയാൽ അതിൽ കൂടുതൽ ആളുകൾ കാണുമെന്ന് തമാശയായി ഞാൻ അദ്ദേഹത്തോട് പറഞ്ഞു. എന്നെ പരിചയപ്പെടുത്തിയതിനു ശേഷം അദ്ദേഹത്തെക്കുറിച്ച് കൂടുതിൽ അറിയാൻ ഞാനും താൽപര്യം പ്രകടിപ്പിച്ചു.

ഏകദേശം ആറായിരം ജനങ്ങളുള്ള തന്റെ ചെറിയ പട്ടണത്തിലെ ബാൻഡ് ട്രൂപ്പിന്റെ സംവിധായകനും നടത്തിപ്പുക്കാരനുമാണ് പെദ്രോ. അതുകൂടാതെ, അവിടെയുള്ള ഒരു സ്ഥാപനത്തിൽ അക്കൗണ്ടന്റായും ജോലി ചെയ്യുന്നു. ഈ രണ്ട് വിഷയങ്ങളും അദ്ദേഹം യൂണിവേഴ്സിറ്റിയിൽ പഠിച്ചതാണ്. സംഗീതം അദ്ദേഹത്തെ സംബന്ധിച്ച് ജീവിതമാണ്. മനുഷ്യഹൃദയത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന വിഷമങ്ങളെയും പ്രയാസങ്ങളെയും അലിയിച്ചുകളയാൻ സംഗീതത്തിന് കഴിയുമെന്ന് പെദ്രോ പറയുന്നു. അത്രമാത്രം അലിഞ്ഞില്ലാതാകാനുള്ള ദുഃഖങ്ങൾ ഈ ചെറുപ്രായത്തിൽ എങ്ങനെ തന്റെ ജീവിതത്തിൽ കടന്നുകൂടിയെന്ന് പെദ്രോ എന്നോട് വിവരിച്ചു.

അപ്പനും അമ്മയും രണ്ട് ആൺമക്കളുമുള്ള സന്തുഷ്ഠ കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. അമ്മ വളരെ ഭക്തയായ സ്ത്രീയാണ്. സാധിക്കുമെങ്കിൽ എല്ലാ ദിവസവും പള്ളിയിൽ പോകാൻ ശ്രമിക്കും. രാത്രി ആയിരിക്കുമ്പോഴും, അധികം താമസിയാതെ പ്രകാശം വരുമെന്ന് പ്രത്യാശിക്കുന്ന ഒരു ചെറുകിളിയുടെ അത്രയും ആഴമായ വിശ്വാസം തന്റെ അമ്മയ്ക്കുണ്ടെന്ന് പെദ്രോ പറയുന്നു. അപ്പൻ കൽക്കരിഖനിയിലെ തൊഴിലാളിയായിരുന്നു. കഠിനാദ്ധ്വാനമാണ് ജീവിതവിജയത്തിന്റെ അടിസ്ഥാനം എന്നതായിരുന്നു അദ്ദേഹത്തിന്റെ മതം. പെദ്രോയുടെ ബാൻഡ് ട്രൂപ്പിൽ അപ്പനും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംഗീതം അത്ര പോരായെന്ന് തോന്നിയതിനാൽ ചെണ്ട (Drum) കൊട്ടാൻ മാത്രമേ പെദ്രോ അനുവദിച്ചിരുന്നുള്ളൂ. അതിന് ധും.. ധും.. ധുംധുംധും.. എന്നുമാത്രം കൊട്ടിയാൽ മതിയാകും. പെദ്രോയോട് ദേഷ്യം വരുമ്പോൾ അതുപോലും അപ്പൻ തെറ്റിച്ചടിക്കുമായിരുന്നു എന്നും പെദ്രോ പറഞ്ഞു.

പെദ്രോയുടെ ഏറ്റവും വലിയ സന്തോഷം, അദ്ദേഹത്തെക്കാൾ രണ്ട് വയസ് കുറവുള്ള അനുജനായിരുന്നു. ഇവർ രണ്ടു പേരും എല്ലാം ഒരുമിച്ചായിരുന്നു ചെയ്തിരുന്നത്. മല

www.malankaralibrary.com

കയറാൻ പോകുന്നതും സംഗീതപരിപാടികൾ ആസൂത്രണം ചെയ്തിരുന്നതുമെല്ലാം ജ്യേഷ്ഠാനുജന്മാർ ഒന്നിച്ചായിരുന്നു. അങ്ങനെ ജീവിതം സന്തോഷകരകമായി പോകുന്ന അവസരത്തിൽ 21-ാമത്തെ വയസ്സിൽ അനുജന് കാൻസർ പിടിപ്പെടുന്നു. രോഗിയായതിനു ശേഷവും അവർ ഒരുപാട് യാത്രകൾ ഒന്നിച്ചു നടത്തി. ഒരിക്കൽ പെദ്രോയും അനുജനും സാന്റിയാഗോയിൽ, യാക്കോബിന്റെ കബറിടത്തിൽ 800 കിലോമീറ്ററോളം കാറിൽ യാത്ര ചെയ്തു വന്നു. അവിടെവച്ച് അനുജൻ പെദ്രോയോട് തന്റെ ആഗ്രഹം പറഞ്ഞു. "രോഗം സുഖപ്പെടുമ്പോൾ സാന്റിയാഗോ തീർത്ഥാടനം പദയാത്രയായി നടത്തും."

പതിനെട്ട് മാസങ്ങൾക്കു മുമ്പ്, ആറു വർഷക്കാലം കാൻസർ രോഗത്തോട് പടപൊരുതി അദ്ദേഹം മരിച്ചു. അനുജൻ ബാക്കിവെച്ച ആഗ്രഹം പൂർത്തീകരിക്കാനായി അനുജന്റെ ഓർമ്മകളും പേറി പെദ്രോ, സാന്റിയാഗോയ്ക്ക് നടക്കുകയാണ്. അദ്ദേഹത്തിന്റെ ബാഗിൽ സൂക്ഷിച്ചിരുന്ന അനുജന്റെ, ഫ്രെയിം ചെയ്ത ചെറിയ ഒരു കളർഫോട്ടോ അദ്ദേഹം എനിക്ക് കാണിച്ചുതന്നു. തന്റെ കഥ എന്നോട് വിവരിച്ചപ്പോൾ അറിയാതെ പെദ്രോയുടെ നയനങ്ങൾ ഈറനണിയുന്നത് ഞാൻ കണ്ടു. എന്റെ കണ്ണിൽ നിന്നും അടർന്നുവീണ രണ്ടുതുള്ളി കണ്ണീർ അനേകം വിശുദ്ധർ നടന്നുപോയ ആ പാവന പാതയിലെ മണ്ണിൽ വീണുചിതറി. പെദ്രോ കാണാതെ ഞാൻ എന്റെ കണ്ണ് തുടച്ചു.

പാദ്രേ മത്തെയോ, ഞാനൊരു വലിയ വിശ്വാസിയൊന്നുമല്ല. പക്ഷേ, ജനിക്കുന്ന എല്ലാവരും ഒരിക്കൽ മരിക്കണമെന്ന് എനിക്കറിയാം. അദ്ദേഹം എന്നോട് തുടർന്നു പറഞ്ഞു: "മരണത്തെ അഭിമുഖീകരിക്കുമ്പോൾ ജീവിതത്തിന്റെ അർത്ഥമെന്താണെന്ന് നാം അറിയാതെ ചോദിച്ചുപോകും." എനിക്കറിയാവുന്ന തരത്തിലൊക്കെ പെദ്രോയ്ക്ക് ഞാൻ മരണത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമൊക്കെ വിശദീകരിച്ചു കൊടുത്തു. "ഒരാളുടെ ജീവിതത്തിന് അർത്ഥം വരുന്നത്, അയാൾ അർത്ഥവത്തായി ജീവിക്കുമ്പോഴാണ്. അദ്ദേഹത്തിന്റെ അമ്മ തന്നെയാണ് അതിന് വലിയ ഉദാഹരണം." അനുജന്റെ മരണം ഏറ്റവും ഉലച്ചത് അമ്മയെ ആയിരുന്നു എന്ന് പെദ്രോ

www.malankaralibrary.com

എന്നോടു പറഞ്ഞിരുന്നു. എന്നാൽ, തന്റെ വിശ്വാസജീവിതത്തിന്റെ ശക്തി കൊണ്ട് ആ ദുഃഖത്തെ അതിജീവിക്കാൻ ആ അമ്മയ്ക്ക് സാധിച്ചു.

പെദ്രോയുടെ അമ്മയ്ക്ക് ഇളയ മകന്റെ മരണശേഷം, പെദ്രോ ദൂരെ എവിടെയെങ്കിലും പോകുന്നത് ഇഷ്ടമല്ല. എന്നാൽ, സാന്റിയാഗോ തീർത്ഥാടനത്തിന് സന്തോഷത്തോടെയാണ് പറഞ്ഞയച്ചത്. അമ്മ സ്നേഹപൂർവ്വം കൊടുത്തുവിട്ട ചില ഭക്ഷണസാധനങ്ങൾ അദ്ദേഹം ഞാനുമായി പങ്കുവെച്ചു. ഒരു അമ്മയുടെ സ്നേഹത്തിൽ പാകം ചെയ്തെടുത്ത ഭക്ഷണത്തിന്റെ ആസ്വാദ്യത വളരെ വലുതായിരുന്നു. ജീവിതത്തിന് അർത്ഥം നൽകുന്ന ചില തത്വങ്ങൾ അനുജന്റെ മരണത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം എന്നോട് പങ്കുവച്ചു. ഇത്തരം സന്ദർഭങ്ങളിൽ ഒരുവന് തന്റെ ദുഃഖവും സ്നേഹവും പ്രകടിപ്പിക്കാനും അതിനപ്പുറത്തേയ്ക്ക് പോകാനും കഴിയണം. ചിലപ്പോൾ ഞാൻ നിത്യവും ചെയ്യുന്ന ജീവിതാനുഷ്ഠാനങ്ങളിൽ നിന്നു മാറി ഇങ്ങനെയൊക്കെ നടക്കാനും സാധിക്കണം. കാരണം, നമ്മിലുള്ള പല പ്രശ്നങ്ങൾക്കും പരിഹാരം ദൈവം പ്രകൃതിയിൽ തന്നെ ഒരുക്കിയിട്ടുണ്ട്.

## പെദ്രോ പകർന്നുതന്ന പാഠങ്ങൾ

പെദ്രോയോട് സംസാരിച്ചു നടന്നതിനാൽ യാത്രയുടെ വേദനയും ക്ഷീണവും അറിഞ്ഞതേയില്ല. കാട്ടുചെടികൾക്കിടയിലൂടെ ആ മലമുകൾ വരെയുള്ള യാത്ര മനോഹരമായിരുന്നു. താഴേക്കൂടി പോയിരുന്ന മേഘങ്ങളെ നോക്കിയാൽ തലേ രാത്രിയിൽ ദൈവം എനിക്കു വേണ്ടി ആകാശത്തു വരച്ച ചിത്രങ്ങളാണോ എന്ന് തോന്നിപ്പോകുമായിരുന്നു. അതിനിടയിൽക്കൂടി കടന്നുവന്ന പ്രകാരശ്മികൾ പ്രകൃതിയെ മാത്രമല്ല, തീർത്ഥാടകന്റെ മനസിനെയും ആനന്ദിപ്പിക്കുന്നതായിരുന്നു. ചിലപ്പോഴെങ്കിലും അന്ധകാരം ആവരണം ചെയ്തിരുന്ന എന്റെ ജീവിതത്തെയും ദൈവം അയയ്ക്കുന്ന ആത്മീയ രശ്മികളാൽ പ്രകാശപൂരിതമാക്കുന്നതും ഞാനറിഞ്ഞു.

ഇന്നലെ പെയ്ത മഞ്ഞുതുള്ളികൾ വഴിയരികിൽ നിന്ന മരച്ചില്ലയിലെ ചിലന്തിവലയിൽ തങ്ങിനിന്ന് അതിനെ വെളുത്ത

www.malankaralibrary.com

രത്നക്കല്ലിനാൽ ആവരണം ചെയ്തതു പോലെ പ്രകാശിപ്പിച്ചു. അപകടകാരിയായ ചിലന്തി സൃഷ്ടിച്ച വല പോലും ഇത്ര മനോഹരമാക്കി മാറ്റിയ ദൈവത്തിന് ഞാൻ മനസ്സിൽ നന്ദി പറഞ്ഞു.

എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരുടെ കൂടെ നടന്ന് അവരുടെ ഹൃദയങ്ങളെ യേശു ജ്വലിപ്പിച്ചതു പോലെ, പ്രാർത്ഥിച്ച് ജീവിതാനുഭവങ്ങൾ പങ്കുവച്ച ഞങ്ങളുടെ ഹൃദയങ്ങളെയും ദൈവം അന്നേ ദിവസം പ്രകാശിപ്പിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. അന്നത്തെ എന്റെ യാത്ര അവസാനിച്ചപ്പോൾ ഞാൻ ബാഗിൽ കരുതിയിരുന്ന രണ്ടാമത്തെ ജപമാലയെടുത്ത് ആശീർവദിച്ചു. ആരുമറിയാതെ ഞാൻ പെഡ്രോയ്ക്ക് കൊടുത്തുകൊണ്ടു പറഞ്ഞു: ‘‘ഇത് ദൈവത്തിൽ നിന്നും പെഡ്രോയുടെ അമ്മയ്ക്കുള്ള അടയാളമാണ്. കാരണം, ദൈവം അവളെ ഒരുപാട് സ്നേഹിക്കുന്നു.’’

അനുജന്റെ കഥ പറഞ്ഞപ്പോൾ പൊഴിയാനായി വെമ്പൽ പൂണ്ട പെഡ്രോയുടെ കണ്ണീർ അപ്പോൾ എന്റെ കാലിൽ വീണു ചിതറി. എന്നെ ആലിംഗനം ചെയ്തുകൊണ്ട് ‘‘ജീവിതത്തിലൊരിക്കലും മറക്കാനാവാത്ത ഒരു അനുഭവമായി അദ്ദേഹത്തിന് ഇന്നത്തെ യാത്ര മാറി’’ എന്ന് എന്നോട് പറഞ്ഞു. ‘‘ഒരു പക്ഷേ, ദൈവത്തെ കൂടുതൽ അറിയണമെന്നു കൂടി ഇതിലൂടെ ദൈവം എന്നോടു പറയുന്നതായിരിക്കും’’ - പെഡ്രോ പറഞ്ഞു.

ഞാനറിയാതെ എന്റെ കൈയിലിരുന്ന മറ്റേ ജപമാലയെ ഒന്നുകൂടി മുറുകെപ്പിടിച്ചു. ഒരു പുരോഹിതൻ എന്ന നിലയിൽ എന്തെങ്കിലുമൊക്കെ ആത്മീയ അടയാളങ്ങൾ കൂടെയുണ്ടാവണമല്ലോ! നടന്നുതളർന്ന കാലിന്റെ വേദനയെ മറക്കത്തക്ക ആത്മീയശക്തി അപ്പോൾ ദൈവം ഞങ്ങളിലേയ്ക്ക് സന്നിവേശിപ്പിക്കുന്നതായി എനിക്ക് തോന്നി.

www.malankaralibrary.com

5

# പ്രശസ്തമായ റോൺസസ്വാലസ്

“തീർത്ഥാടനം എന്റെ ലക്ഷ്യം” (La Meta è il Cammino) എന്ന പേരിൽ തന്റെ ഒന്നാം തീർത്ഥാടനാനുഭവങ്ങൾ പങ്കുവച്ചു കൊണ്ട് എന്റെ സഹയാത്രികനായ ജാംപൗളോ ഇറ്റാലിയൻ ഭാഷയിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. രണ്ടാമത്തെ യാത്രയെക്കുറിച്ചുള്ള പുസ്തകത്തിന്റെ പേര് “സാന്റിയാഗോയിലേയ്ക്കുള്ള വടക്കൻ തീർത്ഥാടനത്തിൽ ലൊറൻസായിലൊരു സ്റ്റോപ്പ്” (Fermata a Lorenzà : Verso Santiago sul Camino del Nord) എന്നാണ്. ഒന്നും എഴുതാതെ തന്നെ രണ്ടു പുസ്തകങ്ങളിലെയും പ്രധാന കഥാപാത്രം എന്ന നിലയിൽ അദ്ദേഹത്തിന്റെ വായനക്കാരുടെയിടയിൽ എനിക്ക് തീരെ ചെറുതല്ലാത്ത പേരും പ്രശസ്തിയുമൊക്കെ ഉണ്ടായി. ഒരു നാളാഗമ ശൈലിയിലാണ് അദ്ദേഹം ഇത് എഴുതിയിരിക്കുന്നത്. അങ്ങനെയൊരു രചനാരീതി അവലംബിച്ചാൽ കർത്താവിന്റെ രണ്ടാമത്തെ വരവിനു പോലും എന്റെ കൃതി പൂർത്തിയാകാൻ സാധ്യതയില്ല. അതുകൊണ്ട് രണ്ട് യാത്രകളിലെയും തീർത്ഥാടനാനുഭവങ്ങൾ കൂട്ടിക്കലർത്തിയാണ് ഞാൻ ഈ കഥ പറയുന്നത്.

www.malankaralibrary.com

ഫ്രാൻസിൽ നിന്നും പിരനീസ് മല കയറിയിറങ്ങുന്നത് റോൻസസ്വാലസ് എന്ന ഗ്രാമത്തിലേയ്ക്കാണെന്ന് നേരത്തെ പറഞ്ഞിരുന്നു. വളരെ ചരിത്ര പ്രാധാന്യമുള്ള ഒരു സ്പാനിഷ് ഗ്രാമമാണിത്. യുദ്ധം ചെയ്ത് അപരാജിതനായി മുന്നേറിയ റോമൻ ചക്രവർത്തിയായ ഷാർളമൈൻ (Charlemagne) എ.ഡി. 788-ൽ ഈ ഗ്രാമത്തിൽ വച്ച് ബാസ്ക് (Basque) സൈന്യത്തിൽ നിന്നും പരാജയം ഏറ്റുവാങ്ങി. 13-ാം നൂറ്റാണ്ടിൽ നിർമ്മിച്ച ഇവിടുത്തെ പള്ളി, തീർത്ഥാടകരുടെ അഭയകേന്ദ്രമാണ്. ഷാർളമൈന്റേത് എന്ന് കരുതപ്പെടുന്ന ഒരു ചെസ്സ് ബോർഡും അവിടുത്തെ മ്യൂസിയത്തിലെ അമൂല്യശേഖരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. വൈകുന്നേരത്തെ, സ്പാനിഷ് ഭാഷയിലുള്ള കുർബാനയിൽ ധാരാളം തീർത്ഥാടകരും ഉണ്ടായിരുന്നു. എന്നെ കൂടാതെ തീർത്ഥാടകരായ മൂന്ന് വൈദികർ കൂടി കുർബാനയിൽ സംബന്ധിച്ചു. ഓരോ തീർത്ഥാടകന്റെയും തലയിൽ കൈവച്ച് അനുഗ്രഹിക്കുന്ന ഒരു ശുശ്രൂഷയോടു കൂടിയാണ് അന്നത്തെ കുർബാന അവസാനിച്ചത്.

റോൻസസ്വാലസിൽ നിന്നും അതിരാവിലെ തന്നെ ഉണർന്ന് ഞങ്ങളുടെ തീർത്ഥയാത്ര അടുത്ത ഗ്രാമത്തെ ലക്ഷ്യമാക്കി ആരംഭിച്ചു. പല ഗ്രാമങ്ങൾ താണ്ടി ട്രിനിഡാഡ് ദി ആരേ (Trinidad de Arre) എന്ന ഗ്രാമത്തിലായിരുന്നു അന്ന് ഞങ്ങൾക്ക് എത്തിച്ചേരേണ്ടിയിരുന്നത്. നാൽപതിലധികം കിലോമീറ്റർ അന്നേ ദിവസം നടക്കേണ്ടി വരുമെന്ന് ഞാൻ ചിന്തിച്ചതേയില്ല. പിന്നീട് പല പ്രാവശ്യം ഇത്രയും ദൂരം നടന്നുവെങ്കിലും ആദ്യാനുഭവം വലിയ ശാരീരിക പ്രയാസങ്ങൾ സൃഷ്ടിച്ചു. സാധാരണഗതിയിൽ ആദ്യത്തെ 30 കിലോമീറ്റർ വലിയ പ്രയാസങ്ങൾ കൂടാതെ നടക്കാൻ സാധിക്കുമായിരുന്നു. അത് നാൽപതിനു മുകളിലാകുമ്പോൾ നടക്കുന്നതിനു പകരം നിരങ്ങി നീങ്ങുകയായിരിക്കും.

ചിലപ്പോഴൊക്കെ കണ്ണിൽക്കൂടി തീ പാറുന്നതു പോലെയുള്ള അനുഭവമായിരുന്നു. വേദന കൊണ്ട് കരയുന്നത്, വേദന അവസാനിച്ചു കഴിയുമ്പോൾ ഒരു സൗഖ്യം പ്രദാനം ചെയ്യുമെന്നത് യാത്രയിലൂടെ എനിക്ക് കിട്ടിയ ഒരു ജീവിതാനുഭവമായിരുന്നു. കുരിശിലൂടെയും സഹനത്തിലൂടെയുമാണല്ലോ മനുഷ്യരക്ഷ തന്നെ കർത്താവ് സാധിതമാക്കിയത്. ആ

www.malankaralibrary.com
വേദനകളോട് താരതമ്യപ്പെടുത്തുമ്പോൾ എന്റെ വേദനകൾ എത്ര നിസാരങ്ങളാണെന്ന് എനിക്ക് തോന്നി. അസ്ഥികൾ നുറുങ്ങുന്ന വേദനയുടെ അവസരത്തിലും എന്റെ സഹയാത്രികർ ആശ്വാസമായിട്ട് എന്റെ കൂടെയുണ്ടായിരുന്നു. ഏകദേശം അര മണിക്കൂർ ധാരസ്നാന യന്ത്രത്തിനടിയിൽ (Shower) നിന്ന് ചൂടുവെള്ളത്തിൽ കുളിച്ചപ്പോൾ യാത്രയുടെ അവശിഷ്ടമായ പൊടി മാത്രമല്ല, ശരീരത്തിന്റെ വേദനകളും അലിഞ്ഞുപോകുന്നതായി എനിക്കു തോന്നി.

## വിശുദ്ധ ഫ്രാൻസിസ് സേവ്യർ മാമ്മോദീസ സ്വീകരിച്ച ദേവാലയം

കുറേയധികം പ്രയാസം തോന്നിയെങ്കിലും ഞങ്ങൾ താമസിച്ച സത്രത്തിൽ നിന്നും അധികം അകലെയല്ലാതെ സ്ഥിതി ചെയ്തിരുന്ന ഇടവക പള്ളിയിലെ വൈകുന്നേരത്തെ കുർബാനയ്ക്കു പോകാൻ ജാംപൗളോയും ഞാനും തീരുമാനിച്ചു. ഒരു ഓർമ്മ കുർബാന ആയിരുന്നതിനാൽ ധാരാളം ആളുകൾ അന്ന് പള്ളിയിലുണ്ടായിരുന്നു. പരിശുദ്ധ ത്രീത്വത്തിന്റെ നാമത്തിലുള്ള (Basilica de la Santisima) ആ ബസിലിക്ക 12-ാം നൂറ്റാണ്ടിൽ പണികഴിപ്പിച്ചതായിരുന്നു. അവിടുത്തെ അച്ചന്റെ ആവശ്യപ്രകാരം കുർബാന കൊടുക്കുന്നതിനുള്ള എന്റെ പരിശ്രമം കാലിലെ വേദന കാരണം പരാജയപ്പെട്ടു. ചമയമുറിയിൽ (Sacristy) വച്ച് തിരുവസ്ത്രങ്ങൾ മാറ്റുന്ന സമയത്ത് അറിയാവുന്ന മുറി ഇംഗ്ലീഷിൽ അവിടുത്തെ അച്ചൻ എന്നോട് സംസാരിച്ചു. ഇന്ത്യയിൽ നിന്നു വരുന്ന വൈദികൻ എന്ന നിലയിൽ ഈ സ്ഥലത്തിന്റെ പ്രാധാന്യമെന്ത് അറിയാമോ എന്ന് അദ്ദേഹം തിരക്കി. സ്പെയിനിലെ നാവാരേ (Navarre) എന്ന പ്രദേശത്തെ ഒരു ഗ്രാമമാണെന്ന് അറിയാമെന്ന് ഞാനും പറഞ്ഞു. ഇന്ത്യയുടെ "രണ്ടാം അപ്പസ്തോലനായ" ഫ്രാൻസിസ് സേവ്യറിനെ മാമ്മോദീസാ മുക്കിയ ദൈവാലയമാണിതെന്ന് അദ്ദേഹം പറഞ്ഞപ്പോൾ അവാച്യമായ ഒരു സന്തോഷം എനിക്കുണ്ടായി.

ഫ്രാൻസിസ് ജനിച്ച ഹാവിയേർ (Javier) എന്ന ഗ്രാമം അവിടെ നിന്നും ഏതാനും കിലോമീറ്റർ അകലത്തിലാണ് – (In Spanish 'Ja' is pronounced 'Ha – Javier ഇംഗ്ലീഷിൽ Xavier

www.malankaralibrary.com

ആയി മാറിയതാണ്). വലിയൊരു പ്രഭുകുടുംബത്തിലാണ് ഫ്രാൻസിസ് ജനിച്ചുവളർന്നത്. അദ്ദേഹം ജനിച്ച കൊട്ടാരം (Castle) ഇന്നും നിലനിൽക്കുന്നുണ്ട്. ഈശോസഭാ സന്യാസ സമൂഹം ഇപ്പോൾ അതു വാങ്ങി ഒരു സ്മാരകമായി സംരക്ഷിച്ചു പോരുന്നു. എന്റെ ആ ദിവസത്തെ യാത്രയെ അർത്ഥവത്താക്കാനും, തളർന്ന കാലിനെ ബലപ്പെടുത്താനും മതിയായ എല്ലാ അറിവുകളും ഈ വൃത്താന്തത്തിലുണ്ടായിരുന്നു.

കുർബാനയും ഭക്ഷണവും കഴിഞ്ഞ് അന്തിയുറങ്ങുന്ന സത്രത്തിൽ തിരികെയെത്തിയപ്പോൾ ഞങ്ങളെയും കാത്ത് സത്രം നടത്തിപ്പുക്കാരനായ ബ്ര. ഡൊമിംഗോ (Domingo) വാതിൽക്കൽ തന്നെ ഉണ്ടായിരുന്നു. മരിയനിസ്റ്റ് (Marianist) സന്യാസ സമൂഹത്തിലെ അംഗമായിരുന്ന അദ്ദേഹം മദ്ധ്യ അമേരിക്കയിലെ പല രാജ്യങ്ങളിലും മിഷനറിയായി സേവനം ചെയ്തിരുന്നു. ഒരു അച്ചന്റെ ഞായറാഴ്ച പ്രസംഗം കേട്ട് അറിയാതെ ഉറങ്ങിപ്പോകുന്ന വിശ്വാസിയുടെ അവസ്ഥയിലായിരുന്നു, ഡൊമിംഗോയുടെ വീരസാഹസിക മിഷനറി കഥകൾ ഞാൻ കേട്ടത്. ഈ പാവപ്പെട്ട ഇന്ത്യാക്കാരന്റെ ദയനീയാവസ്ഥ കണ്ടിട്ടാവണം തന്റെ വാക്കുകളേക്കാൾ ആശ്വാസം തരുമെന്നു കരുതിയ മരുന്നിന്റെ 'നിക്ഷേപ പാത്രങ്ങൾ' തുറന്ന് ഒരു ഗാത്രാനുലേപിനി (Ointment) അദ്ദേഹം തന്നെ എന്റെ കാലിൽ പുരട്ടി തിരുമ്മിത്തന്നു. ബാക്കി വന്നത് ഭാവിയിലെ ഉപയോഗത്തിനായി എന്നെത്തന്നെ ഏൽപിച്ചു. വലിയ മനസ്സിനുടമയായ അദ്ദേഹത്തിന്റെ മുമ്പിൽ ഞാൻ ചെറുതാകുന്നതായി എനിക്ക് തോന്നി.

## ഒരു പക്ഷിയും അവളുടെ സങ്കടങ്ങളും

പെട്ടെന്ന് അണയുന്ന ഒരു വിളക്ക് പോലെ എന്റെ ശിരസ് തലയിണയിൽ സ്പർശിച്ച നിമിഷം തന്നെ ഞാൻ ഉറങ്ങിപ്പോയി. അന്നു പകൽ ഞാൻ കഴിച്ചുകൊണ്ടിരുന്ന ബ്രഡിന്റെ അംശം ചോദിച്ചു വന്ന, മഞ്ഞയും ചുവപ്പും കറുപ്പും കലർന്ന തൂവലുകളുള്ള പക്ഷി സ്വപ്നത്തിൽ എന്നെ സന്ദർശിക്കാനെത്തി. അരുവിയുടെ ഓരം ചേർന്ന് പകൽ നടന്ന വഴിയിലെ തണുത്ത വായുവിന് കാട്ടുപൂക്കളുടെ സുഗന്ധമുണ്ടായിരുന്നു. കിഴക്കുദിക്കുന്ന സൂര്യനെ ഉത്സാഹത്തോടെ വരവേൽക്കാൻ

www.malankaralibrary.com

എഴുന്നേറ്റു നിൽക്കുന്ന പൂക്കൾ വൈകുന്നേരത്തോടെ സൂര്യൻ പോകുന്ന സങ്കടത്തിൽ വാടിത്തളർന്നു വീഴുമായി രുന്നു. ഞാൻ കൊടുത്ത അപ്പക്കഷണം ആവേശത്തോടെ കഴിച്ച പക്ഷിയോട് ഞാൻ എനിക്കറിയാവുന്ന ഭാഷയിൽ ഒക്കെ സംസാരിച്ചു. മനോഹരമായി പാട്ടുപാടുന്ന കിളിയുടെ ശബ്ദത്തെ ഞാൻ അനുകരിക്കാൻ ശ്രമിച്ചു. പക്ഷേ, എന്റെ പഠനകാലത്ത് ഞാൻ മോശം പാട്ടുകാരനാണെന്ന് റെക്ടറ ച്ചൻ മനസ്സിലാക്കാൻ എടുത്ത അത്രയും സമയം കിളിക്ക് വേണ്ടിവന്നില്ല, എന്റെ പാട്ടിനെ വിലയിരുത്താൻ. ഭക്ഷണം കൊടുത്ത എന്റെ വിശാല മനസ്കതയെ അഭിനന്ദിച്ചു കൊണ്ട് ഇനിയും ഞാൻ പാട്ടു പാടാതിരിക്കാമെങ്കിൽ തന്റെ സങ്കടകഥ എന്നോട് പറയാമെന്ന് കിളി സമ്മതിച്ചു. എന്റെ അഭിമാനത്തിനേറ്റ ക്ഷതം പുറമേ കാണിക്കാതെ കിളിയുടെ കദനകഥ മുഴുവൻ ഞാൻ ക്ഷമയോടെ കേട്ടു.

ക്ലോയി (Chloe) എന്നാണ് ആ കിളിയുടെ പേര്. ഗ്രീക്ക് പുരാ ണങ്ങളിൽ ഫലസമൃദ്ധിയുടെ ദേവതയാണ് ക്ലോയി. ഒരു പാട് അംഗങ്ങളുള്ള ഒരു കുടുംബത്തിൽ മാതാപിതാക്കൾ ക്കൊപ്പം അടുത്ത ഗ്രാമത്തിലെ പുഴയോരത്തുള്ള ഒരു വലിയ മരത്തിലാണ് അവരുടെ താമസം. എല്ലാ ദിവസങ്ങളിലും പക ലന്തിയോളം സംഗീതാലാപനം മാത്രമാണ് അവളുടെ പണി. അടുത്ത പട്ടണത്തിലെ അന്താരാഷ്ട്ര സംഗീത സർവ്വകലാ ശാലയിൽ നിന്നും സംഗീതത്തിൽ ബിരുദാന്തരബിരുദം അവൾ പൂർത്തിയാക്കിയത് കഴിഞ്ഞ വർഷമാണ്. തന്റെ ഗ്രാമ ത്തിലെ തന്നെ കിളിപ്പള്ളിക്കൂടത്തിൽ ഒഴിവ് വന്ന സംഗീതാ ധ്യാപികയുടെ ജോലിക്കായി അപേക്ഷിച്ച് കാത്തിരിക്കുക യാണ്. ഒരുപാട് പേർ അപേക്ഷിച്ചിട്ടുണ്ടെങ്കിലും തന്റെ അപ്പൻ ഗ്രാമത്തിൽ പ്രശസ്തനായതു കൊണ്ട് തനിക്കു തന്നെ ആ ജോലി കിട്ടുമെന്ന ശുഭാപ്തി വിശ്വാസത്തിലാണവൾ.

അവൾ ക്കൊരു സഹോദരനുണ്ടെന്നും താൻ പഠിച്ച യൂണി വേഴ്സിറ്റിയിൽ നിന്നും വായ്പ്പാട്ടിലും (Vocal Music) ഉപക രണ സംഗീതത്തിലും (Instrumental Music) അവൻ ഗവേ ഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നും അവൾ എന്നോട് പറഞ്ഞു. ‘‘സംഗീതത്തിന് രോഗസൗഖ്യത്തിനുള്ള ശക്തി യുണ്ടോ?’’ (Does Music have the Power to Heal?) എന്നതാണ്

www.malankaralibrary.com

അവന്റെ ഗവേഷണ വിഷയം. പക്ഷേ, അൽപം അഹങ്കാരി യായ അവൻ, തന്നെപ്പോലെ വഴിയിൽ കാണുന്ന അപരി ചിതരോടൊന്നും സംസാരിക്കാറില്ലെന്നും അവൾ പറഞ്ഞു. എന്തുകൊണ്ടാണ് സങ്കടപ്പെട്ടിരിക്കുന്നതെന്നും, മനോഹര ശബ്ദത്തിനുടമയാണെങ്കിലും ശോകഗാനം മാത്രം ആലപി ക്കുന്നതെന്തിനെന്നും ഞാൻ ആരാഞ്ഞു. അവളുടെ ദീർഘ കാല സുഹൃത്ത് അടുത്ത ഗ്രാമത്തിലെ പെൺകിളിയുടെ കൂടെ ഒളിച്ചോടി തന്നോടുള്ള സൗഹൃദം അവസാനിപ്പിച്ചതിലെ സങ്ക ടമാണ് സംഗീതത്തിലൂടെ അവൾ പാടിത്തീർക്കുന്നത്. അവൾ പാടിയ പാട്ടിലെ ഏതാനും വരികൾ പരിഭാഷപ്പെടുത്തുന്നു.

ജീവിക്കാനുള്ള വ്യഗ്രതയിൽ
എനിക്ക് ജീവിതം തന്നെ നഷ്ടപ്പെട്ടു
എങ്ങനെ ജീവിക്കണമെന്ന്
ഇനിയും ഞാൻ പഠിക്കേണ്ട പാഠമാണ്
കയ്പു നിറഞ്ഞ ഈ കാസാ
ഒഴിഞ്ഞുപോകാനല്ല എന്റെ പ്രാർത്ഥന

അതിന്റെ ആഴമറിയാനുള്ള
കാഴ്ചയും ഉൾക്കാഴ്ചയും തരണമേയെന്നാണ്
തിരമാലകൾ നിറഞ്ഞയെൻ
നൗക യാത്രയിൽ ചുഴിയിൽ താഴാതെ,
ദൈവമേ, നീയെൻ കരം പിടിച്ചു
ശാന്തിയിൽ തീരത്തെത്തിക്കേണമെ!

ഉറക്കത്തിലാണെങ്കിൽ പോലും പക്ഷികളോടും പ്രകൃതി യോടും സെന്റ് ഫ്രാൻസിസിനെപ്പോലെ സംസാരിക്കാൻ സാധിച്ചത് എന്റെ തീർത്ഥാടന യാത്രയിലെ അനുഗ്രഹങ്ങ ളിൽ ഒന്നായിരുന്നു.

## മനോഹരമായ പാമ്പിലോണ (Pamplona) നഗരം

ജാംപൗളോയും ഞാനും അതിരാവിലെ എഴുന്നേറ്റ് തീർ ത്ഥാടകന്റെ പ്രാർത്ഥനയൊക്കെ ചൊല്ലി യാത്രയ്ക്കു തയ്യാ റായി. തലേ രാത്രിയിൽ എന്റെ ശരീരവും ആത്മാവും രണ്ട് സ്ഥലത്താണോ ഉറങ്ങിയതെന്ന് എനിക്ക് തോന്നാതിരു ന്നില്ല. കാരണം, ഉറക്കസമയത്ത് ആരോ വന്ന് എന്റെ നടന്നു തളർന്ന കാലുകളെ മാറ്റി പുതിയതു വച്ചിരുന്നു. പിന്നീടുള്ള

www.malankaralibrary.com
ദിവസങ്ങളിലെല്ലാം ഇതു സംഭവിച്ചുവെന്നത് സന്തോഷത്തോടെ കുറിക്കട്ടെ. ഏതാനും മണിക്കൂർ നേരത്തെ നടത്തത്തിനു ശേഷം പാമ്പിലോണ (Pamplona) എന്ന മനോഹരമായ പട്ടണത്തിൽ ഞങ്ങൾ എത്തിച്ചേർന്നു. രണ്ടു ലക്ഷത്തോളം ജനങ്ങൾ അധിവസിക്കുന്ന, സ്പെയിനിന്റെ വടക്കേ അറ്റത്തുള്ള ഈ നഗരം, നവാരേ പ്രോവിൻസിന്റെ തലസ്ഥാനം കൂടിയാണ്. എല്ലാ വർഷവും ജൂലൈ 6 മുതൽ 14 വരെ നടത്തപ്പെടുന്ന സാൻ ഫെർമിൻ (San Fermin) തിരുനാൾ ലോകപ്രശസ്തമാണ്. വിശുദ്ധന്റെ തിരുനാളിനെക്കുറിച്ച് അറിയാത്തവർ പോലും സ്പെയിനിലെ കാളപ്പോരിന്റെ (Bullfight) അറിയപ്പെടുന്ന സ്ഥലമായ പാമ്പിലോണയിലേയ്ക്ക് വരാറുണ്ട്.

1954-ൽ സാഹിത്യത്തിനുള്ള നോബേൽ സമ്മാനം ലഭിച്ച അമേരിക്കക്കാരനായ ഏണസ്റ്റ് ഹെമിംഗ്‌വേ (Ernest Hemingway) പാമ്പിലോണയിൽ താമസിച്ച് 1926-ൽ 'സൂര്യനും ഉദിക്കുന്നു' (The Sun Also Rises) എന്ന പേരിൽ മനോഹരമായ ഒരു നോവൽ രചിച്ചിട്ടുണ്ട്. കത്തീഡ്രൽ ദൈവാലയം അടഞ്ഞു കിടക്കുകയായിരുന്നതിനാൽ ഞങ്ങൾ അടുത്തുള്ള സെന്റ് ലോറൻസോ (St. Lorenzo) പള്ളി സന്ദർശിക്കാനായി കയറി. അവിടുത്തെ സാൻ ഫെർമിൻ ചാപ്പലിൽ കുർബാനയ്ക്കുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. ഫ്രാൻസിസ്കൻ വൈദികരായിരുന്നു ആ പള്ളിയുടെ നടത്തിപ്പുകാർ. തീർത്ഥാടകനായ എന്നെയും അടുത്തു നിർത്തി വിശുദ്ധ കുർബാന അർപ്പിക്കാൻ അവിടുത്തെ വൈദികർക്ക് സന്തോഷമേയുണ്ടായിരുന്നുള്ളൂ.

## വീഞ്ഞിന്റെ ഫൗണ്ടനും ക്ഷമിക്കുന്ന മലയും

പാമ്പിലോണയിൽ നിന്നും ഞങ്ങളുടെ അടുത്ത ലക്ഷ്യത്തിലേയ്ക്കുള്ള നടത്തത്തിനിടയിൽ രണ്ട് പ്രധാനപ്പെട്ട സ്ഥലങ്ങളിലൂടെയാണ് തീർത്ഥാടന പാത കടന്നുപോകുന്നത്. ഒന്നാമത്തേത് മുന്തിരിത്തോട്ടങ്ങളാൽ മനോഹരമായ ഒരു പ്രദേശമാണ്. ജൂൺ മാസത്തിൽ മുന്തിരിച്ചെടിയുടെ ഇലകൾ ബലം പ്രാപിച്ച് പൂക്കളും, ഇളം കായ്കളുമായി നിറഞ്ഞു നിൽക്കുന്ന കാഴ്ച നയനാനന്ദകരമാണ്. പാട്ടും പാടി പറന്നു നടക്കുന്ന

www.malankaralibrary.com
വണ്ടുകളും, കിളികളും ചിലപ്പോഴെങ്കിലും വഴിയേ പോകുന്ന അപരിചിതരായ തീർത്ഥാടകരെ നോക്കി ചിരിക്കാറുണ്ട്. ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തീർത്ഥാടകർക്ക് ഇവിടെയുള്ള 'വിലക്കപ്പെട്ട കനി' ഭക്ഷിച്ച് 'വിജ്ഞാനം' പ്രാപിക്കുന്ന തിനും സാധിക്കും. ബൊഡേഗാസ് ഇറാഹേ (Bodegas Irache) എന്ന പ്രശ്സ്തമായ വീഞ്ഞ് നിർമ്മാണശാല ഇവിടെയാണ്. ഇവിടെ നിർമ്മിക്കുന്ന വീഞ്ഞ് അഞ്ച് വൻകരകളിലുള്ള 58 രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ട്.

തീർത്ഥാടകരെ ഈ സ്ഥലം ആകർഷകമാക്കുന്നതിന്റെ കാരണം, അവിടെയുള്ള വൈൻ ഫൗണ്ടൻ (Wine Fountain) ആണ്. പൈപ്പു തുറന്ന് ആവശ്യത്തിന് വീഞ്ഞോ, അടുത്തുള്ള പൈപ്പിൽ നിന്ന് വെള്ളമോ കുടിക്കാൻ സാന്റിയാഗോ തീർ ത്ഥാടകന് അനുവാദമുണ്ട്. ഞങ്ങൾ എല്ലാവരും ചുമലിലുള്ള ഭാരങ്ങൾ ഇറക്കിവച്ച് വീഞ്ഞ് രുചിച്ചുനോക്കുകയും വെള്ളം കുടിക്കുകയും അവിടെ നിന്ന് ഫോട്ടോ എടുക്കുകയും ചെയ്തു. ഒരു തീർത്ഥാടകന് ഒരിക്കലും തന്റെ യാത്രയെ തടസ്സപ്പെ ടുത്തുന്നതൊന്നും ചെയ്യാൻ സാധിക്കില്ലായെന്ന് അറിയാവു ന്നതു കൊണ്ടായിരിക്കണം ഇങ്ങനെയൊരു ആനുകൂല്യം നൽ കിയിരിക്കുന്നത്. ലോകത്തിന്റെ ഏതു ഭാഗത്തു നിന്നും ആർക്കും എപ്പോഴും കാണാവുന്ന ഒരു ലൈവ് വെബ് ക്യാമും (Live Webcam) ഇവിടെ സ്ഥാപിച്ചിട്ടുണ്ട് (കൂടുതൽ അറിയാൻ Bodegas Irache എന്ന് ഗൂഗിൾ ചെയ്യുക).

അവിടെ നിന്നും കുറെ മുമ്പോട്ടു പോകുമ്പോൾ നേരത്തെ പറഞ്ഞ രണ്ടാമത്തെ പ്രധാന സ്ഥലത്തേയ്ക്ക് എത്തിച്ചേരും. വൈദ്യുതി ഉൽപാദിപ്പിക്കുന്ന, ധാരാളം കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചിരിക്കുന്ന ഒരു മലയാണിത്. 780 മീറ്റർ കയറിയിറ ങ്ങേണ്ട പാതയാണിത്. ആ മലയുടെ പേര് തന്നെ "ക്ഷമി ക്കുന്ന മല" (Mount of Forgiveness) എന്നാണ്. പച്ചപ്പുല്ല് പര വതാനി വിരിച്ച മല കയറുന്നതിനെക്കാൾ ആയാസകരമായി എനിക്ക് തോന്നിയത് ഉരുളൻകല്ലുകൾ നിറഞ്ഞ പാതയിലൂ ടെയുള്ള മലയിറക്കമാണ്.

ഈ മലയെ ആകർഷകമാക്കുന്ന മറ്റൊരു ഘടകം മലമു കളിൽ പണിതു വച്ചിരിക്കുന്ന ചില കലാരൂപങ്ങളാണ്. ലോഹ ങ്ങളിൽ നിർമ്മിച്ചിരിക്കുന്ന ഈ രൂപങ്ങൾ തീർത്ഥാടന അട

www.malankaralibrary.com

യാളങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഭൂതകാലത്തും, വർത്തമാന കാലത്തും, ഭാവികാലത്തും അതുവഴി കടന്നുപോകുന്ന തീർത്ഥാടകന്റെ മനസ്സിലെ വികാര വിചാരങ്ങളാണ് അതിൽ ദർശിക്കുന്നത്. മലമുകളിൽ കൂടി ഒഴുകി നടക്കുന്ന കാറ്റും, ആകാശത്തിൽ ഉദിച്ചുയരുന്ന നക്ഷത്രങ്ങളും ആലിംഗനം ചെയ്യാൻ വരുന്ന സ്ഥലം എന്നാണ് ഇത് അറിയപ്പെടുന്നത്.

''ക്ഷമിക്കുന്ന മല'' യിലെ കല്ലിൽ നിർമ്മിച്ച ബഞ്ചിൽ ഭാരം ഇറക്കിവച്ച് എന്റെ അതുവരെയുള്ള പാപങ്ങളെയെല്ലാം ഓർത്ത് വിയർപ്പു നിറഞ്ഞ വിരലിനിടയിലൂടെ പ്രാർത്ഥന ചൊല്ലി ജപമാല മണികൾ ഞാൻ ഉരുട്ടി. കൈയ്യിൽ കരുതിയ കുപ്പിയിലെ വെള്ളം തീർന്നു പോയതിനാൽ അടുത്ത ഉറവ വരെ ജീവജലത്തിന്റെ നീരുറവയായ യേശുവിനെ മാത്രം ധ്യാനിക്കാൻ ഞാൻ തീരുമാനിച്ചു. അന്നേ ദിവസം പ്രാർത്ഥിക്കേണ്ട നിയോഗങ്ങൾ എഴുതി പോക്കറ്റിലിട്ട വെള്ളക്കടലാസ് ഒന്നുകൂടി എടുത്തുനോക്കി. വിയർപ്പുകണങ്ങൾ പറ്റി, വായിച്ചെടുക്കാൻ പറ്റാത്ത ചില ജീവിതങ്ങൾ പോലെ അതിലെ അക്ഷരങ്ങൾ മങ്ങിത്തുടങ്ങിയിരുന്നു. ഉച്ചവെയിലിന്റെ ചൂടേറ്റ് കരിഞ്ഞു തുടങ്ങിയ എന്റെ മുഖത്ത് പറ്റിപിടിച്ച വിയർപ്പു കണങ്ങൾ ആസ്വദിക്കാനെത്തിയ തേനീച്ച രണ്ടു തുള്ളി വിയർപ്പു കൂടി ആ പ്രാർത്ഥനാ നിയോഗങ്ങളിൽ വീഴ്ത്തി. ''കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ, ഈ ദാസന്റെ പാപങ്ങളെല്ലാം പൊറുക്കേണമേ'' എന്നു പറഞ്ഞു കൊണ്ട് എന്റെ മലയിറക്കം ഞാൻ ആരംഭിച്ചു.

## തീർത്ഥാടകരെ കാൽ കഴുകി സ്വീകരിക്കുന്നു

മദ്ധ്യകാല യുഗത്തിലെ തീർത്ഥാടകരെ മിക്കയിടങ്ങളിലും വലിയ ആചാര രീതികളോടെയായിരുന്നു വരവേറ്റിരുന്നത്. അങ്ങനെയുള്ള അനുഷ്ഠാനങ്ങൾ ഇന്നും പിന്തുടരുന്ന ചില സ്ഥലങ്ങളും അപൂർവ്വമായി ഞങ്ങളുടെ തീർത്ഥാടനത്തിനിടയിൽ കാണാൻ സാധിച്ചു. പ്യൂന്റേ ഫിറ്റേറോയിലൂള്ള (Peunte Fitero) സെന്റ് നിക്കോളോസിന്റെ പർണ്ണശാലയിൽ (Hermitage of St. Nicholas) ഒരു ദിവസം അന്തിയുറങ്ങണമെന്നത് ഞങ്ങളുടെ ആഗ്രഹമായിരുന്നു. 12-ാം നൂറ്റാണ്ടിൽ നിർമ്മിച്ച ഈ സത്രം തീർത്ഥാടകർക്കു വേണ്ടി നടത്തിയിരുന്നത് ''ജറു

www.malankaralibrary.com

സലേമിലെ വി. യോഹന്നാന്റെ പടയാളികൾ'' (Knights of the Order of the Hospital of St. John of Jerusalem) എന്ന സംഘടനയാണ്. ഇന്ന് അവർ ''മാൾട്ടായിലെ പടയാളികൾ'' (Knights of Malta) എന്നറിയപ്പെടുന്ന കത്തോലിക്കാ സഭയിലെ വളരെ ശക്തമായ ഒരു ഭക്തസംഘടനയാണ്. ജെറുസലേമിലേയ്ക്കു പോയ തീർത്ഥാടകരുടെ സംരക്ഷണ ചുമതലയ്ക്കായിട്ട് രൂപീകൃതമായ ഈ സംഘടന പിന്നീട്, സാന്റിയാഗോ തീർത്ഥാടകരെ സഹായിക്കുന്നതു കൂടാതെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പലതരത്തിലുള്ള ആതുരശുശ്രൂഷാ സഹായങ്ങളും ചെയ്യുന്നു. ഇറ്റലിയിൽ നിന്നുള്ള സന്നദ്ധസേവകരടങ്ങുന്ന ഒരു സംഘമാണ് ബുർഗോസ് (Burgos) അതിരൂപതയുടെ സഹായത്തോടെ ഇത് നടത്തിക്കൊണ്ടു പോവുന്നത്.

ഇന്നും വൈദ്യുതിയില്ലാതെ മെഴുകുതിരി വെളിച്ചത്തിലാണ് രാത്രിയിലും ഈ സത്രം പ്രവർത്തിക്കുന്നത്. പുറത്തുള്ള ബാത്ത്റൂമിലും, ടോയ്‌ലറ്റിലും സോളാർ പാനലുകൾ പ്രവർത്തിപ്പിച്ച് വെള്ളം ലഭ്യമാക്കുന്നു. ഭക്ഷണസാധനങ്ങളെല്ലാം തീർത്ഥാടകർ ഒരുമിച്ചാണ് പാചകം ചെയ്യുന്നത്. അവിടുത്തെ അതിപുരാതനമായ അൾത്താരയിൽ ഞാൻ ഇറ്റാലിയൻ ഭാഷയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വായനകളെല്ലാം ഇംഗ്ലീഷിൽ തന്നെ നടത്തി. ഇംഗ്ലീഷ് മാത്രം അറിയാവുന്ന ചില തീർത്ഥാകടരും അന്നവിടെ ഉണ്ടായിരുന്നു. ആ ദിവസത്തെ സന്ധ്യയെ മനോഹരമാക്കിയത് തീർത്ഥാടനത്തിൽ ഒരിക്കൽ മാത്രം അറിയാനും അനുഭവിക്കാനും സൗഭാഗ്യം ലഭിച്ച ഒരു ആചാരത്തിന്റെ അനുഷ്ഠാനമായിരുന്നു.

വിശുദ്ധ കുർബാനയ്ക്കു ശേഷം സത്രം നടത്തിപ്പുകാരായ മൂന്നുപേരും തങ്ങളുടെ അംശവസ്ത്രങ്ങൾ അണിഞ്ഞ്, അരയിൽ തൂവാല ചുറ്റി, ഒരു പാത്രത്തിൽ വെള്ളവും കൊണ്ട് തീർത്ഥാടകരായ ഞങ്ങൾ പതിനഞ്ചു പേരുടെയും കാലുകൾ കഴുകി ചുംബിച്ചു. അവർക്കു മാത്രം അറിയാവുന്ന ചില പ്രാർത്ഥനകളും അവർ ചൊല്ലുന്നുണ്ടായിരുന്നു. അൾത്താരയിൽ വിശുദ്ധ കുർബാന സമയത്ത് കത്തിക്കൊണ്ടിരുന്ന മെഴുകുതിരികൾ രാത്രിയുടെ ഇരുട്ടിനെ പ്രതിരോധിച്ചുകൊണ്ട് അപ്പോഴും ഇതിനെല്ലാം സാക്ഷികളായി നിന്നു.

www.malankaralibrary.com

വിശുദ്ധമായ ഈ കർമ്മത്തിന്റെ ആന്തരിക ചൈതന്യത്തിന് ഭംഗം വരുത്താതിരിക്കാൻ ഫോട്ടോയെടുക്കുവാനോ, സംസാരിക്കുവാനോ ഞങ്ങളെ അവർ അനുവദിച്ചതുമില്ല. ആയിരം വർഷമായി അണമുറിയാതെ അനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന ഈ ആദ്ധ്യാത്മീകാനുഷ്ഠാനത്തിൽ നിന്നും ലഭിച്ച ആത്മീയാനുഭൂതി വർണ്ണനാതീതമായിരുന്നു. അന്ന് രാത്രിയിൽ ഉറങ്ങാനായി കണ്ണടച്ചു കിടന്ന എന്റെ ആന്തരീക നയനങ്ങൾക്കു മുമ്പിൽ അരയിൽ തൂവാല ചുറ്റി ശിഷ്യന്മാരുടെ കാലുകൾ കഴുകുന്ന കർത്താവിന്റെ ചിത്രമായിരുന്നു.

ഈ ദൃഷ്ടാന്തങ്ങളുടെ ബാഹ്യാവതാരമായി എന്റെ പ്രവർത്തനമണ്ഡലങ്ങളിൽ എന്നെത്തന്നെ രൂപപ്പെടുത്തിയെടുക്കുന്നതിനായി അന്ന് ഞാൻ കണ്ണടച്ചു കിടന്നു പ്രാർത്ഥിച്ചു കൊണ്ട് അറിയാതെ ഉറങ്ങിപ്പോയി.

www.malankaralibrary.com

# 6

# ഫ്രാൻസിസ്കൻ ആശ്രമാനുഭവങ്ങൾ

“നാളെ രാവിലെ വീണ്ടും കാണാം” എന്ന് പറഞ്ഞുകൊണ്ട് തന്റെ രാത്രിവിശ്രമത്തിനായി സൂര്യൻ പടിഞ്ഞാറേ ചക്രവാളത്തിന്റെ പടികളിറങ്ങാൻ ആരംഭിച്ചപ്പോൾ നടന്നു തളർന്ന് ജാം പൗളോയും ഞാനും ടൊസാന്റോസ് (Tosantos) എന്ന ഗ്രാമത്തിൽ എത്തിയിരുന്നു. വി. ഫ്രാൻസിസ് അസീസിയുടെ നാമത്തിലുള്ള സത്രത്തിലായിരുന്നു അന്ന് ഞങ്ങൾക്ക് അന്തിയുറങ്ങേണ്ടിയിരുന്നത്. കഴിഞ്ഞ ലക്കത്തിൽ വിവരിച്ച, നിക്കോളോസ് പർണ്ണശാലയ്ക്ക് സമാനമായ ആത്മീയാനുഭവം ഇവിടെ നിന്നും ഞങ്ങൾക്ക് ലഭിച്ചു. ഫ്രാൻസിസ്കൻ മൂന്നാം സഭയിലെ അംഗങ്ങളായ ബ്ര. മാർക്കോയും, ബ്ര. ഫാബിയനുമായിരുന്നു സാൻ ഫ്രാൻസിസ്കോ ദി അസീസ്സി സത്രത്തിൻെറ (San Francisco De Asis Albergue) അനുദിന പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോയിരുന്നത്. തീർത്ഥാടകർ നൽകുന്ന ചെറിയ സംഭാവനകൾ കൊണ്ടായിരുന്നു അവർ അതിന്റെ പ്രവർത്തനങ്ങൾ വലിയ കുറവുകൾ കൂടാതെ നടത്തിയിരുന്നത്.

www.malankaralibrary.com

ഈ പഴയ ഭവനത്തിന്റെ ചെറിയ മുറ്റത്തെ മനോഹരമാക്കി സൂക്ഷിച്ചിരുന്നത് അസീസിയിൽ നിന്നും കൊണ്ടുവന്ന റോസാച്ചെടികളായിരുന്നു. വി. ഫ്രാൻസിസ്, തനിക്കുണ്ടായ പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനായി ആശ്രമത്തോടു ചേർന്നുള്ള മുള്ളു നിറഞ്ഞ പനിനീർച്ചെടികൾക്കിടയിൽ കിടന്നുരുണ്ടു എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്നുമുതൽ വിശുദ്ധനായ ഫ്രാൻസിസിന്റെ സ്പർശനമേറ്റ റോസാച്ചെടികൾ മുള്ളുകൾ മുളപ്പിക്കാതായി. ഇന്നും ഇറ്റലിയിലെ അസീസിയിലുള്ള ഫ്രാൻസിസ്കൻ ആശ്രമത്തിലെ റോസാച്ചെടികൾ പൂക്കൾ മാത്രമേ മറ്റുള്ളവർക്ക് നൽകാറുള്ളൂ. ആരും കാണാതെ ടൊസാന്റോസിലെ സത്രമുറ്റത്തുള ചെടികൾക്കിടയിൽ കിടന്നൊന്ന് ഉരുണ്ടാലോ എന്ന് എനിക്കും തോന്നാതിരുന്നില്ല. പക്ഷേ, പൂക്കൾ മാത്രമുണ്ടായിരുന്ന അവിടുത്തെ റോസാച്ചെടികൾ മുള്ളുകൾ മുളപ്പിക്കാൻ തുടങ്ങി എന്ന് മറ്റൊരു കഥ എഴുതപ്പെടാനുള്ള സാധ്യത മുന്നിൽക്കണ്ട് ആ ഉദ്യമത്തിൽ നിന്നും ഞാൻ പിന്മാറി.

സത്രത്തിൽ കുർബാന അർപ്പിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടായിരുന്നെങ്കിലും, അതിനൊരു തീർത്ഥാടക വൈദികൻ വിരളമായേ അതുവഴി വന്നിരുന്നുള്ളൂ. അന്ന് അവിടെയുണ്ടായിരുന്ന 26 തീർത്ഥാടകരിൽ കത്തോലിക്കരല്ലാത്ത കുറേപ്പേർ കൂടി കുർബാനയിലും തുടർന്നു നടന്ന പ്രാർത്ഥനയിലും സംബന്ധിച്ചു. പലവിധ ഭാഷകൾ സംസാരിക്കുന്നവരുടെ ഇത്തരം സംഗമങ്ങൾ ബാബേലിനേക്കാൾ പെന്തിക്കോസ്തിയുടെ അനുഭവമായിരുന്നു മിക്കപ്പോഴും പ്രദാനം ചെയ്തിരുന്നത്. കുർബാനയ്ക്കു ശേഷം, മുകളിലത്തെ നിലയിലെ തടിയിൽ നിർമ്മിച്ച തറയിലിരുന്ന് വിവിധ ഭാഷകളിൽ ഞങ്ങൾ പ്രാർത്ഥിച്ചു. ബ്ര. ഫാബിയൻ ഒരു കൂടയുമായി ഞങ്ങളുടെ അടുത്തുവന്നു. കാണിക്കയെടുക്കുന്ന സമയമാണെന്നു കരുതി പള്ളിയിൽ പോകുന്ന ഒരു വിശ്വാസി കുറേ നാണയങ്ങൾ അതിൽ നിക്ഷേപിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ അവിടെ താമസിച്ച തീർത്ഥാടകർ എഴുതിവച്ച പ്രാർത്ഥനാ നിയോഗങ്ങളായിരുന്നു അതിൽ. ഓരോ പ്രാർത്ഥനാ നിയോഗങ്ങളും ഉറക്കെ വായിച്ചതിനുശേഷം എല്ലാവരും ഒരുമിച്ച് ആ നിയോഗത്തിനു വേണ്ടി പ്രാർത്ഥിക്കുന്നതിനു വേണ്ടിയായിരുന്നു അത്. മകൻ കാറപകടത്തിൽ മരിച്ചതിന്റെ ദുഃഖം മറക്കുന്ന

www.malankaralibrary.com

തിനു വേണ്ടി തീർത്ഥാടനം നടത്തുന്ന ഒരു പിതാവിന്റെ കുറിപ്പായിരുന്നു എനിക്ക് കിട്ടിയത്. ഞാൻ വായിച്ചതു കേട്ട പ്പോൾ എന്റെ അടുത്തിരുന്ന മദ്ധ്യവയസ്കയായ സ്ത്രീ, താനും അത്തരത്തിലുള്ള ഒരു നിയോഗത്തോടെയാണ് തീർത്ഥാ ടനം നടത്തുന്നതെന്ന് സങ്കടത്തോടെ എന്നോടു പറഞ്ഞു.

പേര് വയ്ക്കാതെ ഞങ്ങളുടെ പ്രാർത്ഥനാ നിയോഗങ്ങളും, തുടർന്നു വരുന്നവർക്ക് പ്രാർത്ഥിക്കുന്നതിനായി ഞങ്ങളും എഴുതി നൽകി. ഈ നിയോഗങ്ങൾ, ഇരുപത് ദിവസം വരെ സൂക്ഷിച്ചു വയ്ക്കുകയും ഒരു പ്രാവശ്യമെങ്കിലും അതുവച്ച് പ്രാർത്ഥിച്ചതിനു ശേഷം കത്തിച്ചു കളയുകയും ചെയ്യുക യാണ് പതിവ്. അതുവഴി കടന്നുപോകുന്ന തീർത്ഥാടകർ 20 ദിവസത്തിനകം സാന്റിയാഗോയിൽ എത്തിച്ചേരുമെന്നാണ് കരുതപ്പെടുന്നത്. പ്രാർത്ഥനയ്ക്കു ശേഷം എല്ലാവരും ഒരുമി ച്ചാണ് ഭക്ഷണം തയ്യാറാക്കിയത്. ഭക്ഷണം പാകം ചെയ്യുന്ന കാര്യത്തിൽ പിന്നിലായിരുന്നുവെങ്കിലും കഴിക്കുന്ന കാര്യ ത്തിൽ ആരെയും തോൽപ്പിക്കുന്നതിന് ഞാൻ തയ്യാറായി രുന്നു. എങ്കിലും പാത്രം കഴുകാനും, മേശ വൃത്തിയാക്കാനും ആവശ്യപ്പെടാതെ തന്നെ ഞാനും സഹായിച്ചു.

## ബുർഗോസ് കത്തീഡ്രലും വി. തെക്ലായുടെ ചാപ്പലും

നൂറ്റാണ്ടുകൾ പഴക്കമുള്ള, രണ്ട് ലക്ഷത്തിലധികം ജന ങ്ങൾ അധിവസിക്കുന്ന ബുർഗോസ് (Burgoes) എന്ന പട്ടണ ത്തിൽ കൂടിയായിരുന്നു ഫ്രഞ്ച് തീർത്ഥാടനപാത കടന്നു പോയിരുന്നത്. ചരിത്ര പ്രാധാന്യമുള്ള മനോഹരമായ കത്തീ ഡ്രൽ ദൈവാലയമായിരുന്നു ആ നഗരത്തിലെ ഏറ്റവും വലിയ ആകർഷണം. നാൽപത് വർഷങ്ങൾ കൊണ്ട് പൂർത്തിയാ ക്കിയ ഈ കത്തീഡ്രൽ, 1260-ൽ കൂദാശ ചെയ്ത് ആരാധന യ്ക്കായി ഉപയോഗിച്ചു തുടങ്ങി. ഫ്രഞ്ച്-ഗോഥിക്ക് (Gothic) ശൈലിയിൽ പണിതിരിക്കുന്ന ഈ ദൈവാലയത്തിനുള്ളിൽ 13 ചെറിയ ചാപ്പലുകളുമുണ്ട്.

സൂര്യൻ തലയ്ക്കു മുകളിൽ വന്നുനിൽക്കുന്ന സമയമായ പ്പോഴാണ് ഞങ്ങൾ കത്തീഡ്രൽ ദൈവാലയത്തിൽ എത്തി

www.malankaralibrary.com

യത്. അതിനടുത്തുള്ള ചെറിയ കൃത്രിമക്കുളത്തിൽ കിളി കൂട്ടങ്ങൾ, അവധിക്കാലത്ത് നീന്തൽ പരിശീലനത്തിലായി രിക്കുന്ന കുട്ടികളെപ്പോലെ വെള്ളത്തിൽ തുള്ളിച്ചാടി കളിക്കു കയായിരുന്നു. മധ്യാഹ്ന സൂര്യന്റെ ചൂടിൽ നിന്നകന്ന്, അൽപം ആത്മീയവെളിച്ചം പ്രാപിക്കാനായി ഒരു മണിക്കൂർ ദൈവാ ലയത്തിൽ ചെലവഴിക്കാൻ ജാംപൗളോയും ഞാനും തീരു മാനിച്ചു. ചരിത്ര മ്യൂസിയങ്ങളെല്ലാം ഉൾപ്പെടുന്ന കത്തീഡ്രൽ ദൈവാലയം കാണാനെത്തുന്നവർ ചെറിയൊരു ഫീസടച്ച് ടിക്കറ്റെടുക്കണമായിരുന്നു. തീർത്ഥാടകർക്ക് ചില പ്രത്യേക ഇളവുകൾ അനുവദിച്ചിരുന്നു. വൈദികന്റെ തിരിച്ചറിയൽ കാർഡ് കാണിച്ചപ്പോൾ ടിക്കറ്റെടുക്കാതെ തന്നെ സന്തോഷ ത്തോടെ എനിക്ക് പ്രവേശനാനുമതി ലഭിച്ചു. വേർപിരിയുന്ന സ്ഥലത്തു തന്നെ വീണ്ടും കണ്ടുമുട്ടാം എന്ന തീരുമാനത്തോ ടെ ജാംപൗളോയും ഞാനും പള്ളിയുടെ രണ്ട് ദിശകളിലേക്കു പോയി.

കത്തീഡ്രലിനകത്തുള്ള വി. തെക്ളായുടെ (St. Thecla) ചാപ്പലിൽ നിന്ന് കുർബാന കഴിഞ്ഞ് പ്രായമായ കുറച്ചുപേർ പുറത്തിറങ്ങുന്നതു കണ്ടപ്പോൾ ഞാൻ അവിടെ കയറി. ആരു മില്ലാതിരുന്ന അവിടെയിരുന്ന് അൽപസമയം പ്രാർത്ഥിക്കു കയും വിശ്രമിക്കുകയുമായിരുന്നു എന്റെ ലക്ഷ്യം. പള്ളിയിലെ അവസാനത്തെ ഇരിപ്പിടം തിരഞ്ഞെടുക്കാനായി ആദ്യമെ ത്തുന്ന വിശ്വാസിയുടെ തീക്ഷ്ണതയോടെ ചാപ്പലിന്റെ പിറ കിലുള്ള ഭിത്തിയോട് ചേർന്നിരിക്കുന്ന ബഞ്ചിൽ എന്റെ ഭാണ്ഡം ഇറക്കിവച്ച് ഞാനിരുന്നു. എന്നെ കാത്തിരിക്കുന്നതു പോലെ ശുശ്രൂഷകൻ, അണയ്ക്കാൻ മറന്നുപോയ അൾത്താ രയിലെ ഒരു മെഴുകുതിരി അപ്പോഴും കത്തിക്കൊണ്ടിരുന്നു.

വി. തെക്ളായുടെ ചിത്രത്തിൽ കാണപ്പെട്ട സിംഹങ്ങൾ, വിശുദ്ധയെക്കുറിച്ച് കൂടുതൽ അറിയാനുള്ള കൗതുകം എന്നി ലുണർത്തി. പാരമ്പര്യം സാക്ഷിക്കുന്നത് ഇപ്രകാരമാണ്: വി. പൗലോസ് ശ്ലീഹായുടെ പ്രസംഗങ്ങളിൽ ആകൃഷ്ടയായി സക ലതും ത്യജിച്ച് ദൈവത്തെ പ്രാപിക്കാൻ പരിശ്രമിച്ചവളാണ് തെക്ള. അവളുടെ മാനസാന്തരത്തിൽ കലിപൂണ്ട ഒരു കൂട്ടം ആളുകൾ തെക്ളായെ ജീവനോടെ കത്തിക്കുവാൻ ശ്രമിച്ചു. അങ്ങനെ അവർ അവൾക്കായി അഗ്നിയൊരുക്കിയിരിക്കു

www.malankaralibrary.com

മ്പോൾ അവിടെ വലുതായ കാറ്റും മഴയും ഉണ്ടാവുകയും തെക്ളാ അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്തു. പിന്നീട് പൗലോസ് ശ്ലീഹായെ അനുധാവനം ചെയ്ത് അന്ത്യോക്യ യിലെത്തിയപ്പോൾ അവിടെയുള്ള ഒരു പ്രഭുവിന് അവളോട് ആകർഷണം തോന്നി. തന്റെ അവിഹിത ഇംഗിതങ്ങൾക്ക് വഴ ങ്ങാൻ അവളെ പ്രേരിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രലോഭനങ്ങളെ നിരസിച്ച തെക്ളായോട് അയാൾ പ്രതികാരമനോഭാവത്തോടെ പെരുമാറി. കള്ളക്കേസിൽ കുടുക്കി, വന്യമൃഗങ്ങൾക്ക് എറി ഞ്ഞുകൊടുക്കാനുള്ള വിധി സമ്പാദിച്ചു. അവിടെ വച്ച്, താൻ ഉടൻ മരിക്കുമെന്നു കരുതി അവൾ തന്നെത്തന്നെ മാമ്മോ ദീസാ മുക്കി. എന്നാൽ, അത്ഭുതകരമായി ആക്രമണകാരിക ളായ ആൺസിംഹങ്ങളിൽ നിന്നും പെൺസിംഹങ്ങൾ അവളെ രക്ഷിച്ചു. പിന്നീട് വലിയ താപസജീവിതം നയിച്ച തെക്ളാ, ആദിമക്രൈസ്തവ സഭയിലെ സ്ത്രീകൾക്കെല്ലാം വലിയ പ്രചോദനവും മാതൃകയുമായിത്തീർന്നു. ഈ അടുത്തകാ ലത്ത് തീവ്രവാദികൾ സിറിയായിലുള്ള വി. തെക്ളായുടെ കബ റിടം പങ്കിലമാക്കാൻ ശ്രമിച്ചതായി പത്രവാർത്തകൾ ഉണ്ടാ യിരുന്നു.

## അൾത്താരയിൽ എരിയുന്ന മെഴുകുതിരിയുടെ കഥ

ചാപ്പലിന്റെ ഭിത്തിയിൽ നിന്നും ഊർന്നിറങ്ങിയ ഈർപ്പം എന്റെ ശരീരത്തിലേയ്ക്കും പ്രവേശിക്കാൻ തുടങ്ങിയിരുന്നു. ബാഹ്യനയനങ്ങൾ ഞാനറിയാതെ അടയുവാൻ തുടങ്ങിയ പ്പോൾ എന്റെ മുന്നിൽ കത്തിക്കൊണ്ടിരുന്ന മെഴുകുതിരിയെ ഞാൻ ആർദ്രതയോടെ നോക്കി. എന്റെ ആന്തരീക നയന ങ്ങൾക്കു മുമ്പിൽ തെളിഞ്ഞുനിന്ന മെഴുകുതിരി അവാച്യമായ ഒരു ദർശനസൗഭാഗ്യത്തിലേയ്ക്ക് ഞാനറിയാതെ എന്നെ കൂട്ടിക്കൊണ്ടു പോയി. ഒരുപാടുനാളായി, ആരും കാണാതെ ഈ അൾത്താരയിലിരുന്നു കത്തുന്ന തിരിയാണ് ഞാൻ. ആരുടെ മുന്നിലും ഇതുവരെയും തുറക്കാത്ത ആത്മകഥയുടെ പുസ്ത കത്താളുകൾ മെഴുകുതിരി എന്റെ മുന്നിൽ മറിച്ചുകൊണ്ടേ യിരുന്നു. "പ്രകാശത്തിലൂടെ ഒരുപാട് നന്മകൾ പ്രസരിപ്പിക്കു കയാണ് എന്റെ ലക്ഷ്യം." ഈ അൾത്താരയിലിരുന്ന് കത്തു ന്നതിനുള്ള വലിയ ഭാഗ്യമാണ് എനിക്കു ലഭിച്ചിരിക്കുന്നത്.

www.malankaralibrary.com

കത്തുമ്പോൾ എനിക്ക് വേദനിക്കാറുണ്ട്. പക്ഷേ, ഈ സഹനമില്ലാതെ എന്നിലെ പ്രകാശം പരക്കുകയില്ല. ''ഈ പകൽ വെളിച്ചത്തിനിടയിലും, നീ എന്തിനാണു കത്തുന്നത്?'' ഞാൻ അറിയാതെ ചോദിച്ചുപോയി. മെഴുകുതിരി തുടർന്നു: ''മാലാഖയുടെ മുഖവും, പിശാചിന്റെ മനസുമായി എന്റെ മുന്നിലെത്തുന്ന മനുഷ്യജന്മങ്ങളുടെ അന്ധകാര ജീവിതത്തിലേയ്ക്ക് അൽപം വെളിച്ചം കടത്തിവിടുകയാണ്എന്റെ ലക്ഷ്യം. അനേകർ അന്ധകാരത്തിൽ ജീവിക്കുന്നതിനേക്കാൾ അവർക്കൊക്കെ പ്രകാശം പരത്തി ഞാൻ മരിക്കുന്നതാണ് എനിക്കിഷ്ടം.'' മരിക്കുന്നതിന് നിനക്ക് ഭയമില്ലേ..? ഞാൻ ചോദിച്ചു. ''മനുഷ്യൻ ഏറ്റവും ഭയക്കുന്നത് മരണത്തെയാണ്.'' മെഴുകുതിരിക്ക് വിടാനുള്ള ഭാവമുണ്ടായിരുന്നില്ല. ''എന്നാൽ, മരണത്തെ ഭയമില്ലാത്ത മനുഷ്യരെ മരണത്തിന് ഭയമാണ്. ഈ അൾത്താരയിൽ എല്ലാ ദിവസവും മുറിക്കപ്പെടുന്ന അപ്പത്തിന്റെ അതിവേദന വളരെ അടുത്തുനിന്ന് ഞാൻ കാണുന്നുണ്ട്. കാൽവരിയിൽ നുറുങ്ങിവീണ ജീവന്റെ അപ്പത്തിന്റെ വേദന വലിയ ജീവനായി ഇവിടെ പരിണമിക്കുന്നു. സ്വയം മുറിയാതെ അപ്പമാവില്ല; സ്വയം മരിക്കാതെ ജീവൻ നൽകാനുമാവില്ല; സ്വയം കത്താതെ പ്രകാശം നൽകുന്ന മെഴുകുതിരിയുമാവില്ല. ഈ വലിയ രഹസ്യത്തെക്കുറിച്ചുള്ള അറിവാണ് നിനക്കുണ്ടാകേണ്ടത്. നിന്റെ തീർത്ഥാടനത്തിന്റെ ലക്ഷ്യവും അതു തന്നെ.

എന്റെ തീർത്ഥാടനത്തിന്റെ ലക്ഷ്യം എന്താണെന്ന് മെഴുകുതിരി കണ്ടെത്തിയത് എന്നെ അസ്വസ്ഥനാക്കി. ''സന്തോഷത്തിന്റെയും വേദനയുടെയും ഒരുപാട് കണ്ണീർ വീണ് കുതിർന്ന ബഞ്ചിലാണ് നീയിരിക്കുന്നത്.'' മെഴുകുതിരി കൂടുതൽ വാചാലയാവുകയായിരുന്നു. തന്റെ കുഞ്ഞിനെ രക്ഷിക്കണമെന്ന് ഇവിടിരുന്ന് പ്രാർത്ഥിച്ച അമ്മയുടെ കണ്ണീരിനോട് ചേർത്ത് എന്റെ മെഴുകുതുള്ളികളും ഞാൻ സമർപ്പിച്ചിട്ടുണ്ട്. ജീവിത തീർത്ഥാടനത്തിൽ തളർന്നവർക്ക് പ്രകാശത്തിലൂടെ ശക്തി പകരാൻ ഞാനും പരിശ്രമിച്ചിട്ടുണ്ട്. കത്തുന്ന തിരിയുടെ പ്രകാശത്തിന് മരണമില്ല. അത് നിത്യതയിൽ ലയിച്ച് അനന്തമായി ജീവിക്കുന്നു.

www.malankaralibrary.com

ഞാനൊന്ന് ചോദിക്കട്ടെ? ഇനിയും വരുന്ന ഇരുണ്ട രാത്രികളിൽ നിലാവായി ഉദിക്കാൻ നിനക്കും കഴിയില്ലേ..? അന്ധകാരത്തിലൂടെ സഞ്ചരിക്കുന്ന മനുഷ്യജന്മങ്ങളിൽ പ്രകാശമായി പ്രസരിക്കാൻ നീയും വരില്ലേ..? കാണുന്നതെല്ലാം ഇരുട്ടെന്ന് വെറുതെ പഴിക്കാതെ അനേക ജീവിതങ്ങളിൽ വെള്ളിവെളിച്ചമായി നീയും പടരില്ലേ..?

ദീർഘനേരത്തെ അന്വേഷണത്തിനു ശേഷമാണ്, എല്ലാം മറന്ന് പള്ളിയിലിരുന്നു സുഖമായി ഉറങ്ങുന്ന എന്നെ ജാം പൗളോ കണ്ടെത്തിയത്. അപ്പോൾ തന്നെ ഞങ്ങൾ ഉദ്ദേശിച്ചതിലും അരമണിക്കൂർ, യാത്ര വൈകിയിരുന്നു. ആ ഉറക്കം നൽകിയ ഉന്മേഷം പിന്നീട്, ഉറക്കം വരാതിരുന്ന- അന്ധകാരം പടരാമായിരുന്ന ഒരുപാട് രാത്രികളിൽ അനുഗ്രഹമായി എനിക്ക് ഭവിച്ചിട്ടുണ്ട്. അന്ന് രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പ് അൾത്താരയിൽ കത്തുന്ന മെഴുകുതിരിയെപ്പോലെ യേശുവിന് എന്നെത്തന്നെ വിട്ടുകൊടുത്ത് ഈ വരികൾ എന്റെ ഡയറിയിൽ ഞാൻ കുറിച്ചു:

ഉരുകുന്നു ഞാൻ നിൻ അൾത്താര മുന്നിൽ
അനുദിനമങ്ങേയ്ക്കായി യേശുനാഥാ...
സന്താപമേതുമേ നെഞ്ചകമണയാതെ
നിൻ മുമ്പിലിന്നു ഞാൻ എരിഞ്ഞിടട്ടെ...
എരിയുന്ന നേരത്ത് പൊഴിയുമെൻ മെഴുകണം
ജപമണി മാലയായ് നേദിച്ചിടാം...
അർച്ചനാ നൈവേദ്യമാണെന്നീശോയെ
സ്വീകരിച്ചെന്നെയിന്നനുഗ്രഹിക്കൂ...

മുറിയുന്നുവല്ലോ നീ അനുദിനമെൻ മുമ്പിൽ
അൾത്താര സഹനത്തിൻ സങ്കേതമല്ലോ...
അപ്പമായ് തീരുവാൻ അനുദിനമഴിയുന്ന
നിന്നിലെൻ പ്രാണനും അലിഞ്ഞിടട്ടെ...
തമസ്സിൻ വീഥിയിലുഴലുമെൻ സഹചരെ
നിൻ കൃപാവാരിയിൽ ചേർത്തണയ്ക്കൂ...
കരിന്തിരിയാകാതെ എന്നെയും കാക്കണേ
നീ മാത്രമെന്നുമെൻ ആശ്രയമേ

www.malankaralibrary.com

## ശാരീരിക ബുദ്ധിമുട്ടുകൾ

ശാരീരിക പ്രയാസങ്ങളും, അപകടങ്ങളും, രോഗങ്ങളുമൊക്കെ തീർത്ഥാടനത്തിന്റെ ഭാഗമാണ്. ഞങ്ങളുടെ കൂടെ തീർത്ഥാടനം ആരംഭിച്ച ഇറ്റലിക്കാരിയായ ദാനിയേല, ശാരീരികപ്രയാസങ്ങൾ കാരണം രണ്ടാം ദിവസം തന്നെ യാത്ര അവസാനിപ്പിച്ച കാര്യം ഞാൻ മുമ്പ് പറഞ്ഞിരുന്നു. എന്റെ സഹയാത്രികനായ ജാംപൗളോ, രണ്ട് യാത്രകളിലും ചില ദിവസങ്ങളിൽ നടക്കാൻ സാധിക്കാതെ ബസിൽ താമസസ്ഥലത്ത് എത്തിയിട്ടുണ്ട്. ശാരീരിക പ്രയാസങ്ങളിൽ നിന്നും ഞാനും പൂർണ്ണമായും മുക്തനായിരുന്നില്ല. എന്നാൽ, ഇതിന്റെ പേരിൽ ഒരിക്കലും എനിക്ക് യാത്ര മുടക്കേണ്ടി വന്നിട്ടില്ല. അതിന്റെ പ്രധാന കാരണം ഈ അവസരങ്ങളിലൊക്കെ എന്നെ സഹായിക്കാനായി ജാംപൗളോ കൂടെയുണ്ടായിരുന്നുവെന്നതാണ്.

നല്ല സൗഹൃദങ്ങൾ നമ്മിലുള്ള സുകൃതങ്ങളെയും കുറവുകളെയും അംഗീകരിക്കുകയും, വേദനകളിൽ താങ്ങും തണലുമായി കൂടെ നിൽക്കുന്നതുമായിരിക്കും. ജാംപൗളോ അറിവുള്ള ഒരു ഭിഷഗ്വരനെപ്പോലെ, എന്നെ സുഖപ്പെടുത്തുന്നതിനു വേണ്ടി തന്റെ പ്രായോഗിക പരിജ്ഞാനം പല തവണ ഉപയോഗിച്ചിട്ടുണ്ട്. ഞങ്ങളുടെ രണ്ടാമത്തെ തീർത്ഥയാത്രയിൽ എന്റെ വലതുകാലിന്റെ പെരുവിരൽ നഖം, ധരിച്ചിരുന്ന ഷൂവിലുരഞ്ഞ് രക്തം കട്ടപിടിച്ച് പൂർണ്ണമായും പറിച്ചുകളയേണ്ടി വന്നു. ആദ്യ യാത്രയുടെ രണ്ടാം ആഴ്ചയിൽ എന്റെ ഇടതുപാദത്തിൽ വലിയ വേദന അനുഭവപ്പെട്ടു. തീപ്പൊള്ളലേറ്റതുപോലെ അവിടെ കുമിളകൾ (Blisters) രൂപപ്പെട്ടിരുന്നു. ജാംപൗളോ തന്റെ മരുന്നുശേഖരത്തിൽ നിന്ന് എന്നെ ശുശ്രൂഷിക്കാനായി ആദ്യം ഒരു സൂചിയും നൂലും പുറത്തെടുത്തു. പനിക്ക് കുത്തിവയ്പ്പെടുക്കാൻ വരുന്ന നഴ്സിന്റെ കൈയിലെ സൂചി കണ്ട് അമ്മയെ കെട്ടിപ്പിടിച്ചു നിലവിളിക്കുന്ന കുട്ടിയുടെ മാനസികാവസ്ഥയിലായിരുന്നു അപ്പോൾ ഞാൻ. ജാംപൗളോ സൂചിയെടുത്ത് തന്റെ കൈയിലുണ്ടായിരുന്ന ലൈറ്റർ (Lighter) കത്തിച്ച് സൂചി അതിൽ വച്ചു ചൂടാക്കി കാലിലെ കുമിളകൾ ഓരോന്നായി കുത്തിപ്പൊട്ടിച്ചു. അതിനുശേഷം അദ്ദേഹം നൂല് എടുത്ത് തന്റെ കൈയിലുണ്ടായിരുന്ന കുപ്പിയിലെ മരുന്നു

www.malankaralibrary.com

ലായനിയിൽ മുക്കി സൂചി ഉപയോഗിച്ച് കുമിളകളുടെ രണ്ട് വശങ്ങളിലായി നൂൽ കുത്തിയിറക്കി. ആദ്യ ദിവസം നഴ്സറി സ്കൂളിൽ പോകുന്ന കുട്ടി വാശിപിടിച്ചു കരയുന്നതുപോലെ ഞാൻ ഉറക്കെ നിലവിളിച്ചു. ജാംപൗളോ കാര്യങ്ങൾ എനിക്ക് വിശദീകരിച്ചു തന്നു. മരുന്ന് മുറിവുണക്കുകയും, മുറിവിനകത്തിരിക്കുന്ന നൂൽ പൊള്ളിയ ഭാഗത്തുകൂടി വരുന്ന വെള്ളം അവിടെ തങ്ങിനിൽക്കാതെ പുറത്തുകളയുകയും ചെയ്യും. നന്നായി കരിഞ്ഞില്ലായെങ്കിൽ വീണ്ടും നടക്കുമ്പോൾ മുറിവ് വലുതാവുകയും പിന്നീട് നടത്തം സാധിക്കാതെ വരികയും ചെയ്യും. അദ്ദേഹത്തിന്റെ ഈ കണ്ടുപിടിത്തത്തിന് ഒരു പേറ്റന്റിന് (Patent) അപേക്ഷിക്കാനും, ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും ഒരു ഓണററി (Honorary) ബിരുദം വാങ്ങിനൽകാനും സഹായിക്കാമെന്നും അദ്ദേഹത്തോട് ഞാൻ തമാശരൂപേണ പറഞ്ഞു.

ഫ്രഞ്ച് തീർത്ഥാടനപാതയിലെ രണ്ടാഴ്ചത്തെ യാത്ര കഴിഞ്ഞപ്പോഴാണ് പ്യൂന്റേ ദി ഒർബിഗോ (Peunte de Orbigo) എന്ന ഗ്രാമത്തിൽ ഞങ്ങൾ എത്തിച്ചേർന്നത്. ഒർബിഗോ നദിക്കു കുറുകെ നിർമ്മിച്ചിരിക്കുന്ന ഒരു പാലമാണ് ഈ ഗ്രാമത്തെ വളരെ മനോഹരമാക്കുന്നത്. 16–ാം നൂറ്റാണ്ടിൽ സാന്റിയാഗോ തീർത്ഥാടകരെ ശുശ്രൂഷിക്കുന്നതിനായി നിർമ്മിച്ച ഒരു ആശുപത്രിയും ഈ നദിക്കരയിലുണ്ട്. ഇന്ന് ഏകദേശം ആയിരത്തിലധികം ആളുകൾ മാത്രം താമസിക്കുന്ന ഒരു കൊച്ചുഗ്രാമമാണത്. അവിടുത്തെ ഇടവക ദൈവാലയം, മുൻകൈയെടുത്തു നടത്തുന്ന ഒരു തീർത്ഥാടനസത്രം ധാരാളം തീർത്ഥാടകരെ ഒരു രാത്രി അവിടെ തങ്ങുന്നതിന് പ്രചോദിപ്പിക്കാറുണ്ട്. ജാംപൗളോ എന്നേക്കാൾ ഒരു മണിക്കൂർ മുൻപേ ആ സത്രത്തിലെത്തി, തന്റെ പിന്നാലെ തന്നെക്കാൾ അവശനായി ഒരു വൈദികൻ കൂടി വരുന്നുണ്ടെന്ന് അറിയിച്ചിരുന്നു. ഞാനെത്തിയപ്പോൾ എന്നെ കാത്ത് കൈയിൽ ഒരു ഗ്ലാസ് തണുത്ത വെള്ളവും മുഖത്ത് ഒരു ചെറുപുഞ്ചിരിയുമായി സത്രം നടത്തിപ്പുകാരി നിൽപ്പുണ്ടായിരുന്നു. വരണ്ടുണങ്ങിയ മരുഭൂമിയിൽ വീഴുന്ന മഴത്തുള്ളികൾ പോലെ അവർ തന്ന ദാഹജലം ആർത്തിയോടെ ഞാൻ കുടിച്ചു. പട്ടിണി കിടക്കുന്ന വീട്ടിലെ കുട്ടിയെ പലഹാരക്കടയിൽ കയറ്റിയതുപോലെ ഞാൻ വെള്ളം

www.malankaralibrary.com

വീണ്ടുംവീണ്ടും കുടിക്കുന്നത് സംതൃപ്തിയോടെ അവർ നോക്കിനിന്നു. പച്ചവെള്ളത്തിന്റെ പറഞ്ഞറിയിക്കാൻ പറ്റാത്ത സ്വാദ് അനുഭവിക്കാനുണ്ടായ ഒരു ജീവിതാനുഭവമായിരുന്നു അത്.

വൈകുന്നേരം അടുത്തുള്ള ഇടവക പള്ളിയിലെ കുർബാനയ്ക്ക് ഞങ്ങളും കൂടി. കുർബാന തുടങ്ങി അൽപം കഴിഞ്ഞപ്പോൾ കണ്ണിൽ ഇരുട്ട് കയറുന്നതായും എല്ലാം കീഴ്മേൽ മറിയുന്നതായും എനിക്കുതോന്നി. സംഗതി പന്തിയല്ല എന്നു മനസ്സിലാക്കിയ ഉടൻതന്നെ ഞാൻ പള്ളിയിലെ സാക്രിസ്റ്റിയിലെ കസേരയെ അൽപനേരത്തേയ്ക്ക് അഭയം പ്രാപിച്ചു. ഒന്ന് വിയർത്തു കഴിഞ്ഞപ്പോൾ സംഗതികളെല്ലാം പഴയതുപോലെയായി. ഒന്നും സംഭവിക്കാത്തതുപോലെ ഞാൻ തിരികെവന്ന് കുർബാനയിൽ പങ്കുചേരുകയും ചെയ്തു.

## തീർത്ഥാടകരുടെ കരളലിയിക്കുന്ന ജീവിതാനുഭവങ്ങൾ

മിക്ക ദിവസങ്ങളിലും ഇടവക വികാരി സത്രത്തിൽ വന്ന് തീർത്ഥാടകരോടൊരുമിച്ച് പ്രാർത്ഥന നടത്തിയിരുന്നു. അച്ചന്റെ ഹംഗറിക്കാരായ സുഹൃത്തുക്കൾ എല്ലാ വർഷവും വേനലവധിക്കാലത്ത് ഇവിടെ വന്ന് സഹായിക്കുമായിരുന്നു. പ്രതിഫലമൊന്നും പ്രതീക്ഷിക്കാതെ മറ്റുള്ളവരെ സഹായിക്കുന്നതിൽ അവർ വളരെ ആത്മസംതൃപ്തി കണ്ടെത്തിയിരുന്നുവെന്ന് അവരുടെ പെരുമാറ്റത്തിൽ നിന്ന് തിരിച്ചറിയാൻ സാധിക്കുമായിരുന്നു. വൈകുന്നേരത്തെ പ്രാർത്ഥനയ്ക്ക്, താൽപര്യമുള്ളവർ മാത്രം വന്നാൽ മതിയാവും. എന്നാൽ വരുന്നവർ അച്ചൻ പറയുന്ന ചിട്ടവട്ടങ്ങൾ പാലിക്കാൻ തയ്യാറായിരിക്കണം. ഏകദേശം 12 പേരോളം അന്നത്തെ പ്രാർത്ഥനയ്ക്കുണ്ടായിരുന്നു.

ചില പതിവു പ്രാർത്ഥനകൾക്കു ശേഷം മുറിയിലുണ്ടായിരുന്ന വെളിച്ചമെല്ലാം അണച്ച് ഒരു മെഴുകുതിരി മാത്രം കത്തിച്ചുവച്ചു. അൾത്താരയിലെരിയുന്ന തിരികൾ പോലെ ഇതിനും കുറെ കഥകൾ പറയാനുണ്ടാവുമെന്ന് ഞാൻ ചിന്തിച്ചു. തുടക്കത്തിൽ അച്ചൻ, തന്റെ ചില ജീവിതാനുഭവങ്ങൾ ഞങ്ങളു

www.malankaralibrary.com

മായി പങ്കുവച്ചു. പ്രായത്തിന്റെ അവശതകൾ അദ്ദേഹത്തിന്റെ ശരീത്തിൽ പ്രകടമായിരുന്നെങ്കിലും വാക്കുകൾക്കതീതമായ ചില ജ്വലിക്കുന്ന, തീക്ഷ്ണമായ ഓർമ്മകൾ ആ കണ്ണുകളിൽ മിന്നിമറയുന്നത് അരണ്ട മെഴുകുതിരി വെളിച്ചത്തിലും ഞാൻ കണ്ടു. ഒരു വൈദികന് മറ്റൊരു വൈദികനെ എളുപ്പം വായിച്ചെടുക്കാനാവും. അദ്ദേഹം അടുത്തിരുന്ന ആളിന് മെഴുകുതിരി കൈമാറുമ്പോൾ വാങ്ങിയ ആളിന്റെ വിറയാർന്ന കരങ്ങൾ, രണ്ടു തുള്ളി ഉരുകിയ മെഴുകുതിരി തന്റെ തന്നെ ദേഹത്തു വീഴിച്ചു. അത് അറിയാത്ത ഭാവത്തിൽ അദ്ദേഹം സംസാരം ആരംഭിച്ചു. ഇങ്ങനെയുള്ള ഒരു കൂട്ടായ്മയിൽ പലരും വെളിപ്പെടുത്താൻ മടിക്കുന്ന കാര്യങ്ങൾ അദ്ദേഹം യാതൊരു ഭാവഭേദവും കൂടാതെ വിവരിച്ചു. ആരെയും അമ്പരിപ്പിക്കുന്ന ആത്മധൈര്യത്തോടെ തന്റെ കുത്തഴിഞ്ഞു പോയ ജീവിതത്തെ തുന്നിക്കെട്ടാൻ അദ്ദേഹം നടത്തുന്ന പരിശ്രമങ്ങൾ ഞങ്ങൾക്ക് പറഞ്ഞുതന്നു.

എടുത്തണിയുന്ന പൊയ്മുഖങ്ങളാൽ ജീവിതത്തിൽ ഒന്നും സംഭവിച്ചിട്ടില്ലായെന്നു കരുതി മുന്നോട്ടുപോകുന്ന മനുഷ്യരെക്കാൾ ഇത്തരത്തിലുള്ള മനുഷ്യരെയാണ് ആളുകൾ ഇഷ്ടപ്പെടുന്നത്. തെറ്റ് ചെയ്യാതെ സഹനമേറ്റെടുത്ത് പുണ്യം സമ്പാദിക്കുന്ന ഒരുപാട് ആളുകൾ അധിവസിക്കുന്ന ഈ ലോകത്തിൽ, അറിഞ്ഞുകൊണ്ടു ചെയ്ത തെറ്റിന് പരിഹാരം ചെയ്യുന്നതും നന്മ ഉരുവാക്കുമെന്ന് അദ്ദേഹം ഞങ്ങൾക്ക് പറഞ്ഞുതന്നു. അടുത്ത ആളിന് മെഴുകുതിരി കൈമാറിയപ്പോൾ ഉരുകിയൊലിക്കുന്ന മെഴുക് തൂവിപ്പോകാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു.

വളരെ ആയാസപ്പെട്ട് തനിക്ക് അറിയാവുന്ന രീതിയിൽ ഇംഗ്ലീഷ് ഭാഷയിൽ, പോളണ്ടുകാരനായ ഏകദേശം 60 വയസ് തോന്നിക്കുന്ന മനുഷ്യൻ തന്റെ അനുഭവങ്ങൾ പങ്കുവച്ചു. കുറേ വർഷങ്ങളായി അദ്ദേഹവും ഭാര്യയും സാന്റിയാഗോ തീർത്ഥാടനം നടത്തണമെന്ന് ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷം പോകാനുറപ്പിച്ച് ഒരുക്കങ്ങൾ നടത്തുന്നതിനിടെ അദ്ദേഹത്തിന്റെ ഭാര്യ പെട്ടെന്നു മരിക്കുന്നു. ഇപ്പോൾ വെറുതെ നിർവികാരനായി അദ്ദേഹം നടക്കുകയാണ്. സാന്റിയാഗോയിൽ ചെല്ലണമെന്ന് നിർബന്ധമൊന്നുമില്ല. സാധിക്കുന്നതു

www.malankaralibrary.com

വരെ നടക്കുക. അദ്ദേഹം ഒന്നുംമിണ്ടാതെ തിരി കൈയിൽ പിടിച്ച് വെറുതെ കുറേനേരം ഇരുന്നു. അൽപസമയത്തിനു ശേഷം അച്ചൻ ആ തിരി വാങ്ങി അടുത്തിരുന്ന മദ്ധ്യവയസ്കയായ സ്ത്രീക്കു നൽകി.

നെതർലണ്ടുകാരിയായ അവർ രണ്ടാഴ്ചയായി തീർത്ഥാടനത്തിലാണ്. അവർക്ക് ഇരുപതും ഇരുപത്തിരണ്ടും വയസ്സുള്ള രണ്ട് ആൺമക്കളുണ്ട്. ഭർത്താവ് മരിച്ചിട്ട് ഏറെ നാളായെങ്കിലും രണ്ടു മക്കളെയും അവർ നല്ലതുപോലെ സ്നേഹിച്ചു വളർത്തി. 6 മാസം മുമ്പ് മൂത്തമകൻ ആരോടും പറയാതെ എവിടേയ്ക്കോ പൊയ്ക്കളഞ്ഞു. ഇപ്പോൾ അവൻ എവിടെയാണെന്നോ, എന്ത് ചെയ്യുന്നുവെന്നോ യാതൊരു അറിവുമില്ല. അവർ കണ്ഠമിടറി പറഞ്ഞ കഥ ഞങ്ങളുടെ ഹൃദയത്തെയും വേദനിപ്പിച്ചു. പുതിയ നിയമത്തിലെ ധൂർത്തപുത്രന്റെ കഥയിലെ പിതാവിന്റെ മനോഭാവത്തോടെ അവിടെയിരുന്ന് ഹൃദയമുരുകി തന്റെ ജീവിതകഥ പറഞ്ഞ അവരുടെ കണ്ണിൽ നിന്നും വീണ ഒരു തുള്ളി കണ്ണീർ ഉരുകുന്ന മെഴുകിൽ അലിയാതെ അങ്ങനെ കിടന്നു. സാന്റിയാഗോ തീർത്ഥാടനം അവസാനിക്കുന്നതിനു മുമ്പേ മകനെക്കുറിച്ചുള്ള എന്തെങ്കിലും വിവരം ലഭിക്കണമേ എന്നതാണ് അവരുടെ നിത്യവുമുള്ള പ്രാർത്ഥന.

അവരുടെ മകനെ കണ്ടെത്തിക്കൊടുക്കണേയെന്ന് അവിടെയിരുന്ന് ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് ഒരുപാടു നാളുകൾക്കിടയിൽ ഞാൻ എനിക്കുവേണ്ടിയും പ്രാർത്ഥിച്ചു: "എന്റെ യേശുവേ, ഞാൻ ഒരു അൾത്താരബാലനായി നിഷ്കളങ്കതയോടെ നടന്ന സമയത്ത് നീ എന്റെ ഹൃദയം കവർന്നു. ഇന്ന് എനിക്ക് നിന്റെ ഹൃദയം കവർന്ന് നിന്നിൽ പറ്റിച്ചേർന്ന് ഒരിക്കലും നഷ്ടപ്പെടാതെ അവിടെയിരിക്കാനുള്ള ഭാഗ്യം തരണമേ."

www.malankaralibrary.com

# 7 വടക്കൻ തീർത്ഥാടനം ആരംഭിക്കുന്നു

യാക്കോബിന്റെ കബറിങ്കലേയ്ക്ക് നയിക്കുന്ന വിവിധ തീർത്ഥാടനപാതകളിൽ ഏറ്റവും തിരക്കേറിയതും പ്രശസ്തവുമായ വഴിയാണ് 'ഫ്രഞ്ച് തീർത്ഥാടനം' (French Cammino). 2014 ജൂൺ 3-ാം തീയതി ആരംഭിച്ച പദയാത്ര 26 ദിവസങ്ങൾ കൊണ്ട് എന്റെ സഹയാത്രികനായിരുന്ന ജാംപൗളോ യോടൊത്താണ് ഞാൻ പൂർത്തിയാക്കിയത്. ഏകദേശം 800 കിലോമീറ്ററുകൾ താണ്ടി സാന്റിയാഗോ കത്തീഡ്രൽ ദേവാലയത്തിലെത്തിയത് വളരെ വികാരനിർഭരമായ ഒരു ആത്മീയാനുഭവമായിരുന്നു. അതുവരെ എന്റെ പുറത്തുണ്ടായിരുന്ന ഭാണ്ഡക്കെട്ടുകൾ ഇറക്കിവച്ചപ്പോൾ അതോടൊപ്പം ഇറക്കിവയ്ക്കാൻ അത്ര എളുപ്പമല്ലാത്ത ചില ജീവിതഭാരങ്ങളും എടുത്തുകളയാൻ ഞാൻ പരിശ്രമിച്ചു. അവിടെയെത്തി കുമ്പസാരിച്ച് കുർബാന ചൊല്ലി ആത്മീയാനുഗ്രഹം പ്രാപിച്ചതും അതിനോടൊപ്പമുള്ള മറ്റ് അനുഭവങ്ങളും പിന്നീട് വിശദീകരിക്കുന്നതാണ്.

'വടക്കൻ തീർത്ഥാടനം' (Cammino del Nord) എന്നറിയപ്പെടുന്ന 820 കിലോമീറ്റർ ദൂരമുള്ള രണ്ടാമത്തെ തീർത്ഥാടനത്തിലെ ചില അനുഭവങ്ങളാണ്

www.malankaralibrary.com

ഇനിയും വിവരിക്കാൻ ഉദ്ദേശിക്കുന്നത്. 2017 ജൂൺ 5-ാം തീയതി മുതൽ 25 ദിവസം കൊണ്ട് ഈ തീർത്ഥാടനം ഞങ്ങൾ പൂർത്തിയാക്കി. ആദ്യത്തേതിനേക്കാൾ പ്രയാസമേറിയതും, ദൈർഘ്യമേറിയതുമായിരുന്നു ഇത്. ഈ തീർത്ഥാടനപാതയുടെ മുക്കാൽ ഭാഗവും കടന്നുപോകുന്നത് അറ്റ്ലാന്റിക് (Atlantic) സമുദ്രതീരത്തു കൂടിയാണ്. സ്പെയിനിന്റെ വടക്കുഭാഗത്ത് അറ്റ്ലാന്റിക് സമുദ്രം ഉള്ളിലേയ്ക്ക് കയറിക്കിടക്കുന്ന അതിമനോഹരമായ ഒരു പ്രദേശമാണിത്. വിയർപ്പണിയുന്ന തീർത്ഥാടകന്റെ ശരീരത്തെ മാത്രമല്ല, മനസ്സിനെയും തഴുകിത്തലോടി പോകുന്ന കടൽക്കാറ്റ് വലിയ ആശ്വാസമായി എപ്പോഴും കൂടെയുണ്ടാകും. കുറ്റിക്കാടുകളും, മണൽ നിറഞ്ഞ സമുദ്രതീരങ്ങളും വല്ലപ്പോഴും കടന്നു പോകുന്ന കപ്പലുകളും നയനാനന്ദകരമായിരുന്നതു പോലെ യാത്രയുടെ ക്ഷീണത്തെയും അകറ്റുന്നതായിരുന്നു.

എന്റെ സുഹൃത്ത്, ഇറ്റലിക്കാരനായ ജാംപൗളോയുടെ അനുഭവസമ്പത്ത് ഈ യാത്രയിലും വലിയ അനുഗ്രഹമായിരുന്നു. എന്നാൽ, തീർത്ഥാടനയാത്രയുടെ മൂന്നാം ആഴ്ചയിൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയൊരു അത്യാഹിതം സംഭവിച്ച്, യാത്ര പൂർത്തിയാക്കാനാവാതെ തിരികെപ്പോകേണ്ടി വന്നു. അതിനെക്കുറിച്ച് പിന്നീട് വിശദീകരിക്കുന്നതാണ്.

'വടക്കൻ തീർത്ഥാടനം' ആരംഭിക്കുന്നത് ഫ്രാൻസിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഇരുൺ (Irun) എന്ന സ്പെയിനിലെ ചെറിയൊരു പട്ടണത്തിൽ നിന്നാണ്. ഞാൻ താമസിച്ചിരുന്ന സ്ഥലത്തു നിന്നും ഒരു പകൽ മുഴുവൻ യാത്ര ചെയ്താണ് അവിടെ എത്തിച്ചേർന്നത്. ജൂൺ 4-ാം തീയതി വൈകുന്നേരമായപ്പോഴേയ്ക്കും മിലാനിൽ നിന്നും ജാംപോളോയും അവിടെ എത്തിച്ചേർന്നു. ആഘോഷമായി അത്താഴം കഴിച്ച് ഞങ്ങളുടെ സൗഹൃദം പുതുക്കി. അദ്ദേഹം പ്രസിദ്ധീകരിച്ച സാന്റിയാഗോ തീർത്ഥാടനത്തെക്കുറിച്ചുള്ള പുസ്തകം എനിക്ക് സമ്മാനമായി നൽകുകയും ചെയ്തു. എന്റെ കഥയിൽ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നതിനേക്കാൾ, അദ്ദേഹത്തിന്റെ പുസ്തകത്തിൽ എന്നെക്കുറിച്ച് പറഞ്ഞിരുന്നതെല്ലാം ഞാൻ സന്തോഷത്തോടെ വായിച്ചു.

www.malankaralibrary.com

ജൂൺ 5-ാം തീയതി അതിരാവിലെ ഇരുൺ എന്ന പട്ടണത്തിലെ, ഞങ്ങൾ താമസിച്ച സത്രം നടത്തിപ്പുകാരുടെ പ്രഭാതഭക്ഷണത്തിനുള്ള അഭ്യർത്ഥന ഞങ്ങളെ വിളിച്ചുണർത്തി. ജനലിൽക്കൂടി പുറത്തേയ്ക്കു നോക്കിയപ്പോൾ ഇനിയും വെളിച്ചം കടന്നുവരാത്ത ആ പ്രഭാതത്തിലേയ്ക്ക് എഴുന്നേൽക്കുവാൻ എനിക്ക് മടി തോന്നി. എന്റേതല്ലാത്ത കട്ടിലിനോട് ഒരു കാരണവുമില്ലാതെ എന്തെന്നില്ലാത്ത സ്നേഹവും, രാത്രി മുഴുവൻ കൂർക്കം വലിച്ചിട്ടും യാതൊരു കുറ്റബോധവുമില്ലാതെ അടുത്ത കിടക്കയിൽ അപ്പോഴും കൂസലെന്യേ കിടന്നുറങ്ങിയ തടിയനോട് എനിക്ക് അസൂയയും തോന്നി.

സത്രം നടത്തിപ്പുകാരായ സ്ത്രീകളുണ്ടാക്കിയ രുചിയും മണവുമുള്ള കാപ്പി ആസ്വദിച്ചു കുടിക്കുന്നതിനിടയിൽ അവിടിരുന്ന ബിസ്കറ്റ് എടുത്ത് പോക്കറ്റിലിടാനും ഞാൻ മറന്നില്ല. പുറത്തിറങ്ങി ഏതോ വീരകൃത്യം ചെയ്യാനുള്ള തയ്യാറെടുപ്പോടെ ജാംപോളോ എന്നെയും കാത്ത് നിൽക്കുന്നുണ്ടായിരുന്നു. ഏകദേശം 30 കിലോമീറ്റർ ദൂരത്തിലുള്ള സാൻ സെബാസ്റ്റ്യൻ (San Sebastian) പട്ടണമായിരുന്നു അന്നത്തെ ഞങ്ങളുടെ ലക്ഷ്യം. ഞങ്ങളുടെ നടത്തത്തിനായി മുകളിൽ വന്ന് കാത്തിരിക്കുകയായിരുന്ന കാർമേഘങ്ങൾ കരുതിവച്ചിരുന്ന മഴത്തുള്ളികൾ പതിയെ താഴേയ്ക്ക് വീഴ്ത്താൻ തുടങ്ങി. കഴിഞ്ഞ യാത്രയിൽ ഉപയോഗിച്ച കിഴുത്ത വീണ മഴക്കോട്ടിനുള്ളിലേയ്ക്ക് വെള്ളത്തുള്ളികൾ അലിഞ്ഞിറങ്ങാൻ തുടങ്ങി. ഇത്തരം ബുദ്ധിമുട്ടുകളൊന്നും ഞങ്ങളുടെ യാത്രയെ ഒരിക്കലും തടസ്സപ്പെടുത്തിയിരുന്നില്ല. കയ്യിലിരുന്ന ജപമാല മണികളിലെ കളർ ഇളകാൻ അധികസമയം വേണ്ടിവന്നില്ല. ഏകദേശം അരമണിക്കൂർ നടന്നപ്പോഴേയ്ക്കും മുമ്പിൽ നടന്നിരുന്ന ജാംപോളോ തിരികെ നടക്കാൻ തുടങ്ങി. താമസിച്ചിരുന്ന സ്ഥലത്തുപോയി, മറന്നു വച്ച മൊബൈൽ ഫോൺ എടുക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. കൃഷിയിടങ്ങളിൽ കാക്കയെ പേടിപ്പെടുത്താനും കണ്ണുകിട്ടാതിരിക്കാനും നാട്ടിവയ്ക്കുന്ന കോലത്തെപ്പോലെ ഒരു മണിക്കൂർ നേരം പൊതുവഴിയിൽ മഴ നനഞ്ഞ് ജാംപോളോ തിരികെവരുന്നതും കാത്ത് ഞാൻ നിന്നു.

ചെങ്കുത്തായ മല കയറിയിറങ്ങേണ്ട ആദ്യ ദിവസത്തെ യാത്ര

www.malankaralibrary.com

ഞങ്ങളുടെ തീർത്ഥാടനപാതയിലെ ഏറ്റവും പ്രയാസമേറിയതായിരുന്നു. തകർത്തു പെയ്ത മഴ അതിനെ കൂടുതൽ ദുർഘടമാക്കി. ചെറുപ്പകാലത്ത് സ്കൂൾ വിട്ടുവരുന്ന വഴിക്ക് മഴവെള്ളത്തിൽ കളിച്ചുനടന്ന ഓർമ്മകൾ അയവിറക്കാൻ ഈ യാത്ര വഴിയൊരുക്കി. മാനത്തു നോക്കി മഴവെള്ളം കുടിച്ചതും, തോട്ടിൽ ചാടിക്കളിച്ചതും, ചെളിവെള്ളത്തിൽ വീണ് ഉരുണ്ടതും, വെളുത്ത നിക്കർ ചുവന്നതും, നോട്ടുബുക്ക് വെള്ളത്തിൽ വീണു കുതിർന്ന് മഷി പടർന്നതും, അമ്മയുടെ തല്ല് സ്ഥിരമായി വാങ്ങിയതുമെല്ലാം എന്റെ ഓർമ്മയിൽ തെളിഞ്ഞു വന്നു.

## ഫ്രഞ്ചുകാരനായ എറിക്കിന്റെ അനുഭവ കഥകൾ

ഉച്ചയോടെ മഴ തോർന്ന് മാനം തെളിഞ്ഞ് മാനത്ത് മഴവില്ല് വിരിയിച്ചു. കഴിഞ്ഞ യാത്രയിലെ പോലെ ഒരുപാട് ആളുകളെ കണ്ടുമുട്ടാനും അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുവാനും ഈ യാത്രയിലും കഴിഞ്ഞു. അങ്ങനെ യാത്രയുടെ ആദ്യ ദിവസങ്ങളിൽ ഫ്രഞ്ചുകാരനായ എറിക്ക് (Eric) എന്ന നീണ്ട താടിമീശയും, മെലിഞ്ഞ ശരീരവുമുള്ള ആളിനെ പരിചയപ്പെടാനിടയായി. അദ്ദേഹത്തോടൊപ്പം ഒരു ദിവസം നടക്കുന്നതിനും, ചില വീരസാഹസിക കഥകൾ കേൾക്കാനും അത് വഴിയൊരുക്കി.

അദ്ദേഹം തന്റെ തീർത്ഥാടനം വീട്ടിൽ നിന്നാണ് ആരംഭിച്ചത്. കഴിഞ്ഞ മൂന്ന് വർഷമായി അദ്ദേഹം സാൻറിയാഗോ ലക്ഷ്യമാക്കി നടക്കുകയാണ്. ഒരുവൻ തന്റെ തീർത്ഥാടനം ആരംഭിക്കുന്നത് ഒരു പ്രത്യേക സ്ഥലത്തു വച്ചല്ല. പിന്നെയോ, തന്റെ ഭവനത്തിൽ നിന്നായിരിക്കണം എന്നതാണ് അദ്ദേഹത്തിന്റെ വാദം. ഏതാനും മാസങ്ങൾ നടന്നതിനു ശേഷം അദ്ദേഹം തിരികെപ്പോായി. വീണ്ടും കഴിഞ്ഞ പ്രാവശ്യം യാത്ര അവസാനിപ്പിച്ചിടുത്തു നിന്ന് ആരംഭിക്കുന്നതാണ് അദ്ദേഹത്തിന്റെ രീതി.

സാന്റിയാഗോ തീർത്ഥാടനവുമായി ബന്ധപ്പെടുത്തി ഒരുപാട് കഥകൾ അദ്ദേഹം എന്നോട് പറഞ്ഞു. മധ്യകാലയുഗത്തിലെ തീർത്ഥാടകർ അണിഞ്ഞിരുന്ന തരത്തിലുള്ള കുരിശ്

www.malankaralibrary.com

ഒരു ചരടിൽ കോർത്ത് അദ്ദേഹം തന്റെ കഴുത്തിലണിഞ്ഞിരുന്നു. തീർത്ഥാടനത്തിലുടനീളം ധരിക്കുന്ന ഈ കുരിശിന് പ്രത്യേക ശക്തിയുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. രോഗികൾക്ക്, അതുവച്ച് പ്രാർത്ഥിച്ചാൽ സൗഖ്യം പ്രാപിക്കുകയും, പൈശാചിക പ്രലോഭനങ്ങളിൽ നിന്ന് വിടുതൽ പ്രാപിക്കുന്നതിനും അത് സഹായിച്ചിരുന്നു. രാജാക്കന്മാരും പ്രഭുക്കന്മാരുമൊക്കെ ഇത്തരത്തിലുള്ള കുരിശുകൾ വലിയ വില കൊടുത്ത് തീർത്ഥാടകരിൽ നിന്ന് വാങ്ങിയിരുന്നു. മടക്കയാത്രയിൽ ഈ കുരിശ് മോഷ്ടിക്കാനായി തീർത്ഥാടകരെ കൊല്ലുന്ന അവസ്ഥ വരെ ഉണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അത്തരത്തിലുള്ള ഒരു കുരിശ് ധരിക്കുന്നതിനുള്ള ആഗ്രഹം എന്നിലുമുണ്ടായി. എന്നാൽ, പ്രാർത്ഥനയ്ക്ക് ഉപയോഗിച്ചിരുന്ന ജപമാല തന്നെ വലിയ ആത്മീയ ആയുധമായി അപ്പോഴും എന്നെ അനുഗമിച്ചു.

തന്റെ ജീവിതകാലം മുഴുവൻ തീർത്ഥാടനം നടത്തിയിരുന്ന വി. റോക്കോയെ (St. Rock) അറിയാമോ എന്ന് എറിക്ക് എന്നോടു ചോദിച്ചു. റോമിലെ പഠനസമയത്ത് അവധിക്കാല സേവനത്തിനു പോയിരുന്ന സ്ഥലത്തിനടുത്തുള്ള സെന്റ് റോക്കോ പള്ളിയിൽ പോയ അറിവൊക്കെ ഞാൻ പങ്കുവച്ചു. എന്നാൽ, എറിക്കിന് ഈ വിശുദ്ധനെക്കുറിച്ച് ഒരുപാട് പറയാനുണ്ടായിരുന്നു.

1348-ൽ ഫ്രാൻസിലെ മോണ്ട്പെല്ലിയർ (Montpellier) എന്ന സ്ഥലത്താണ് വിശുദ്ധന്റെ ജനനം. തന്റെ മരണക്കിടക്കയിൽ അദ്ദേഹത്തിന്റെ അപ്പൻ ആ പ്രദേശത്തെ ചുമതലക്കാരനായി റോക്കോയെ നിയമിച്ചു. എന്നാൽ, അപ്പന്റെ മരണശേഷം തന്റെ സമ്പാദ്യമെല്ലാം നാട്ടിലെ പാവങ്ങൾക്ക് വീതിച്ചു നൽകിയ അദ്ദേഹം, റോമിലേയ്ക്ക് തീർത്ഥാടനത്തിനു പോയി. യൂറോപ്പിലാകമാനം പ്ലേഗ് പടർന്നുപിടിച്ചിരുന്ന സമയമായിരുന്നു അത്. റോക്കോ അനേകരെ അത്ഭുതകരമായി കുരിശടയാളത്താൽ സുഖപ്പെടുത്തി. എന്നാൽ, വടക്കൻ ഇറ്റലിയിലെ പിയച്ചെൻസ (Piacensa) എന്ന സ്ഥലത്തുവച്ച് അദ്ദേഹത്തെയും ഈ മാരകരോഗം ബാധിച്ചു. തങ്ങളുടെ പട്ടണത്തിൽ നിന്ന് റോക്കോയെ ആളുകൾ ഓടിച്ച് അടുത്തുള്ള വനത്തിലേയ്ക്ക് പറഞ്ഞുവിട്ടു. അവിടെ കുടിൽകെട്ടി താമസിച്ച റോക്കോയ്ക്ക്

www.malankaralibrary.com

പട്ടണത്തിലെ ഹാർഡ് ഗോഡ് പലസ്ട്രേല്ലി എന്ന പ്രഭുവിന്റെ കാവൽനായ, എല്ലാ ദിവസവും വീട്ടിൽ നിന്ന് ആരും കാണാതെ ബ്രഡ് കൊണ്ടുക്കൊടുത്തിരുന്നു. ഒരു ദിവസം നായയെ പിന്തുടർന്ന പ്രഭു, റോക്കോയെ കണ്ടെത്തുകയും അദ്ദേഹത്തിന്റെ ശിഷ്യനായിത്തീരുകയും ചെയ്തു.

യൂറോപ്പിനെ പലതവണ ഗ്രസിച്ച പ്ലേഗിൽ നിന്നും രക്ഷ നേടുന്നതിന് ആളുകൾ റോക്കോയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചു പ്രാർത്ഥിക്കാൻ തുടങ്ങിയത് അദ്ദേഹത്തെ കൂടുതൽ പ്രശസ്തനാക്കി. സാൻറിയാഗോ തീർത്ഥാടകന് യാക്കോബ് ശ്ലീഹാ ഒരുപാട് വെല്ലുവിളികൾ നൽകും. എന്നാൽ, ആ വെല്ലുവിളികളെ തരണം ചെയ്യാൻ സഹായിക്കുന്ന ആളാണ് വി. റോക്കോ. അങ്ങനെ ഫ്രഞ്ചുകാരനായ എറിക് എന്നെയും വി. റോക്കോയുടെ ഒരു ആരാധകനാക്കി (admirer) മാറ്റി.

അടുത്ത ലക്ഷ്യത്തിലേയ്ക്ക് ഞങ്ങളുടേതിൽ നിന്നും വ്യത്യസ്തമായ ഒരു പാതയിലൂടെയാണ് എറിക്ക് പോകാൻ തീരുമാനിച്ചിരുന്നത്. തന്റെ ബാഗിൽ നിന്ന് കുറേ ചെറുപഴങ്ങൾ എനിക്ക് നൽകിക്കൊണ്ട് അദ്ദേഹം ചോദിച്ചു. "ഫാ. മാത്യു, ഞാൻ ഒരു കാര്യം ചോദിച്ചാൽ എനിക്ക് സാധിച്ചു തരുമോ..?" കാര്യം എന്തെന്ന് യാതൊരു ഊഹവും ഇല്ലാതിരുന്നതിനാൽ ഞാൻ ഉത്തരം നൽകാൻ അൽപം താമസിച്ചു. എന്റെ മറുപടിക്ക് കാത്തുനിൽക്കാതെ, പുല്ലുനിറഞ്ഞ ആ നടപ്പാതയിൽ അദ്ദേഹം മുട്ടുകുത്തി "എന്നെ അനുഗ്രഹിക്കുക.. എന്റെ കുമ്പസാരം കേൾക്കുക.." എന്റെ തീർത്ഥാടന യാത്രയിലെ ഇത്തരത്തിലുള്ള ആദ്യത്തേതും അവസാനത്തേതുമായ അഭ്യർത്ഥനയായിരുന്നു അത്. 15 മിനിറ്റ് നീണ്ടുനിന്ന ആ അനുതാപശുശ്രൂഷ അവസാനിച്ചത് കണ്ണുനീരിലാണ്. അത് സന്തോഷത്തിന്റെയോ സങ്കടത്തിന്റെയോ എന്നു പറയാൻ നിവൃത്തിയില്ല. പക്ഷേ, എറിക്കിന് സംഭവിച്ചതിനേക്കാൾ വലിയ മാറ്റം അതുവഴിയായി എനിക്കുണ്ടായി.

തന്റെ യാത്രയുടെ വലിയൊരു അനുഗ്രഹമായിട്ട് ഈ പ്രാർത്ഥന നിലനിൽക്കും എന്ന് അദ്ദേഹം എന്നോട് പറഞ്ഞു. അടുത്ത ദിവസം അദ്ദേഹം കടൽതീരത്തുള്ള, തീർത്ഥാടന പാതയിൽ അല്ലാത്ത ഒരു ഗ്രാമത്തിലേയ്ക്ക് പോവുകയാണ്.

www.malankaralibrary.com

കുറേ വർഷങ്ങൾക്കു മുമ്പ് അദ്ദേഹം യാത്രക്കാരെ കടത്തുന്ന ഒരു ബോട്ടിന്റെ ക്യാപ്റ്റനായിരുന്നു. എന്നാൽ, വലിയ കടൽ ക്ഷോഭത്തിൽ പെട്ട് അദ്ദേഹത്തിന്റെ ബോട്ട് ആ ഗ്രാമത്തിലെത്തുകയും അവിടുത്തെ ആളുകളുടെ സഹായത്താൽ ഒരു മാസമെടുത്ത് ആ ബോട്ട് നന്നാക്കി തിരികെ പോവുകയുമാണുണ്ടായത്. ഇന്ന് ആ ഗ്രാമവാസികളെല്ലാം അദ്ദേഹത്തിന്റെ സുഹൃത്തുക്കളാണ്.

## എളിമപ്പെടാൻ കിട്ടിയ ചില അവസരങ്ങൾ

എല്ലാ ദിവസവും തീർത്ഥാടന യാത്രയുടെ അവസാനം നടത്തുന്ന ആഘോഷമായ കുളി യാത്രാക്ഷീണത്തെ കുറച്ചൊക്കെ ലഘൂകരിക്കാൻ സഹായിക്കും. അന്നുപയോഗിച്ച വസ്ത്രങ്ങൾ അലക്കി ഉണക്കുകയാണ് ആദ്യത്തെ ജോലി. താമസിക്കുന്ന സത്രങ്ങളിലെല്ലാം തന്നെ അതിനുള്ള സൗകര്യങ്ങളുണ്ടാവും. രണ്ടാം യാത്രയുടെ കുറേ ദിവസങ്ങൾക്കു ശേഷം, വീണ്ടും വളർന്നു തുടങ്ങിയ മുടി വെട്ടിയാലോ എന്ന ആഗ്രഹം എന്നിലുണ്ടായി. സത്രം നടത്തിപ്പുകാരനുമായി ആഗ്രഹം പങ്കുവച്ചപ്പോൾ അദ്ദേഹത്തിനും വലിയ സന്തോഷം. തന്റെ കൊച്ചുമകൻ ഇപ്പോൾ സ്കൂൾ പഠനം പൂർത്തിയാക്കി ഒരാളുടെ കൂടെ മുടിവെട്ട് പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അവന് ഇത് ചെയ്തു തരുന്നതിൽ വലിയ സന്തോഷമായിരിക്കുമെന്നും, മറ്റുള്ളിടത്തേക്കാൾ ചിലവ് കുറവായിരിക്കുമെന്നും പറഞ്ഞു. ഞാനും അതിയായ സന്തോഷത്തോടെ ഒരു പരീക്ഷണത്തിന് എന്റെ തല വിട്ടുകൊടുത്തു. അവന്റെ 'പരീക്ഷണം' പൂർത്തിയായപ്പോൾ പളനിക്ക് തീർത്ഥാടനത്തിനു പോയ്‌വരുന്ന സ്വാമിയുടെ പരുവത്തിൽ എന്റെ രൂപം മാറിയിരുന്നു. എനിക്ക് എന്നെത്തന്നെ തിരിച്ചറിയാൻ ഒന്നു -രണ്ടു ദിവസങ്ങൾ വേണ്ടിവന്നു.

അന്ന് അതിനേക്കാൾ രസകരമായ മറ്റൊരു സംഭവം നടന്നു. ഗ്രാമങ്ങളിലുള്ള സത്രങ്ങളിലൊക്കെ വളരെ അത്യാവശ്യ സൗകര്യങ്ങളൊക്കയേ ഉണ്ടാകാറുള്ളൂ. മുടിവെട്ട് കഴിഞ്ഞ് ആഘോഷമായ ഒരു ശുചീകരണം നടത്തിക്കളയാം എന്ന ആഗ്രഹത്തിൽ ഞാൻ കുളി ആരംഭിച്ചു. ദേഹമാസകലം സോപ്പ് തേച്ചു കഴിഞ്ഞപ്പോഴാണ് ഒരാൾ മുറിയുടെ മുമ്പിൽ

www.malankaralibrary.com

വന്ന് വിളിച്ചുപറയുന്നത്, "എല്ലാവരും അര മണിക്കൂറിനു ശേഷമേ കുളിമുറികൾ ഉപയോഗിക്കാവൂ. അടുത്തുള്ള റോഡിൽ പൈപ്പ് പൊട്ടിയതു കാരണം വെള്ളം നിലച്ചിരിക്കുകയാണ്. അത് നന്നാക്കിയെടുക്കാൻ അൽപസമയമെടുക്കും." കരയണോ ചിരിക്കണോ എന്നറിയാതെ ഞാൻ കുറേനേരം വിഷണ്ണനായി അവിടെ നിന്നു. യാത്രക്കാരുടെ മദ്ധ്യസ്ഥനും, യാത്രയിൽ ഭാഗ്യം ഉണ്ടാകുവാനുമൊക്കെ പ്രാർത്ഥിക്കുന്ന വി. ക്രിസ്റ്റഫറിനോടുള്ള പ്രാർത്ഥന ഞാൻ പലപ്രാവശ്യം ചൊല്ലി. പ്രകൃതിചികിത്സാ കേന്ദ്രത്തിൽ മണ്ണുചികിത്സ നടത്തുന്നവന്റെ മനോഭാവത്തോടെ വെള്ളം വരുന്നതുവരെ ഞാൻ അനങ്ങാതെ അവിടെ നിന്നു.

ഈ തീർത്ഥാടനം എന്നെ കുറെയൊക്കെ എളിമപ്പെടുത്തുകയാണെന്ന് ഞാനറിഞ്ഞു. എന്നിലുള്ള അഹങ്കാരത്തിന്റെ അംശങ്ങൾ ചിലപ്പോഴൊക്കെ അലിഞ്ഞില്ലാതാകുന്നതായി എനിക്ക് അനുഭവപ്പെട്ടു. ശാരീരികമായും ആത്മീയമായും വൈകാരികമായും ഞാൻ എത്രമാത്രം ദുർബലനാണെന്ന് തീർത്ഥാടനം എന്നെ പഠിപ്പിക്കുകയായിരുന്നു. ഓരോ ദിവസവും എന്റെ ജീവിതത്തിൽ ഞാൻ കണ്ടുമുട്ടുന്നവരും എന്നെപ്പോലെ ബലഹീനരാണെന്നും അവരെ മനസ്സിലാക്കുകയും ബലപ്പെടുത്തുകയും ചെയ്യേണ്ടത് എന്റെ വിളിയുടെ ഭാഗമാണെന്നും ഞാൻ തിരിച്ചറിഞ്ഞു.

ഇത്തരം ചിന്തകൾ എന്റെ മനസ്സിലേയ്ക്ക് ദൈവം കടത്തിവിട്ടപ്പോൾ ഒരു ദിവസം പുല്ലു നിറഞ്ഞ തീർത്ഥാടനപാതയിൽ ആരും കാണാതെ ഞാൻ മുട്ടുകുത്തി. പുറത്തുള്ള താങ്ങാനാവാത്ത ഭാരം താഴ്ത്തിവച്ച് കൈകളുയർത്തി കണ്ണടച്ചു പ്രാർത്ഥിച്ചു. "ദൈവമേ, ഈ ഭൂമിയിൽ ജീവിക്കാൻ എനിക്ക് ഒരു അവസരം തന്നതിൽ ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. വിശ്വാസജീവിതമുള്ള മാതാപിതാക്കളെ തന്നതിലും, അതിലൂടെ അങ്ങയെ അടുത്തറിയാൻ അവസരം തന്നതിനും ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്റെ പൗരോഹിത്യത്തെ ഓർത്ത്, അതിൽ എന്നെ വളർത്തിയവരെ ഓർത്ത്, ഇന്നും എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നവരെ ഓർത്ത് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. എന്റെ കുറവുകൾക്ക്, വീഴ്ചകൾക്ക്, ബലഹീനതകൾക്ക് ഞാൻ അങ്ങയോടു മാപ്പ് അപേക്ഷിക്കുന്നു.

www.malankaralibrary.com

എന്റെ തുടർയാത്രകളിൽ അങ്ങയുടെ കരംപിടിച്ച്, ഇട റാതെ, പതറാതെ, താഴെ വീഴാതെ നടക്കാൻ എന്നെ ഇനിയും അനുഗ്രഹിക്കണേ..!

മനസ്സിലുള്ള ഒരുപാട് ഭാരങ്ങൾ ഇറങ്ങിപ്പോകുന്നതായി എനിക്കു തോന്നി. എന്റെ നടത്തത്തിന് പുതിയൊരു ഊർജ്ജവും ആവേശവും കൈവന്നതു പോലെ. അഴിച്ചുവച്ച ഭാണ്ഡം വീണ്ടും എടുത്തണിഞ്ഞ് സാന്റിയാഗോ ലക്ഷ്യം വച്ച് എന്റെ യാത്ര വീണ്ടും പുനരാരംഭിച്ചു.

www.malankaralibrary.com

# 8

# സാന്റില്ലാനയിലെ മിണ്ടാമഠവും മലയാളി സിസ്റ്റേഴ്സും

അറ്റ്ലാന്റിക് (Atlantic) സമുദ്രതീരത്തോട് ചേർന്നുകിടക്കുന്ന അതിമനോഹരമായ ഒരു കൊച്ചുഗ്രാമമാണ് സാന്റില്ലാന (Santillana del Mar). 4-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഡയക്ലീഷൻ (Diocletion) ചക്രവർത്തിയുടെ ഭരണകാലത്ത് ഇറ്റലിയിലെ നേപ്പിൾസിൽ (Napoli) വച്ച് രക്തസാക്ഷിത്വം വരിച്ച വിശുദ്ധയാണ് ജൂലിയാന. സെന്റ് ജൂലിയാനയുടെ പേരിൽ നിന്നാണ് ഇന്നും പൗരാണികതയുടെ കഥകൾ പേറുന്ന ഈ ഗ്രാമത്തിന് സാന്റില്ലാന (സാന്റിയാന എന്നാണ് ശരിയായ ഉച്ചാരണം) - എന്ന പേര് ലഭിക്കുന്നത്. മധ്യകാല യുഗത്തിലെ കല്ലുപാകിയ പാതകളും, കൊത്തുപണികളോടുകൂടിയ പൗരാണിക ഭവനങ്ങളും, ഒരുപാട് കാലത്തെ ചരിത്രം വിളിച്ചുപറയുന്ന ചിത്രങ്ങൾ ഭിത്തിയിൽ ആലേഘനം ചെയ്തിരിക്കുന്ന ദേവാലയങ്ങളും ഇവിടുത്തെ പ്രത്യേകതകളാണ്. ഈ കൊച്ചുനഗരത്തിന്റെ തനിമ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനായി പുറമെ നിന്നുള്ള വാഹനങ്ങൾക്ക് നഗരത്തിനുള്ളിലേയ്ക്ക് പ്രവേശനമില്ല. ഉരുളൻകല്ല് പാകിയ പാതകൾ മനോഹരമെങ്കിലും തീർത്ഥാടകന് വലിയ വെല്ലുവിളിയാണ്.

www.malankaralibrary.com

അവിടുത്തെ കോൺവെന്റിന്റെ സത്രത്തിലായിരുന്നു (Alberguce EI Convento) അന്ന് ഞങ്ങൾക്ക് അന്തിയുറങ്ങേണ്ടിയിരുന്നത്. ഒരുകാലത്ത് നൂറുകണക്കിന് സിസ്റ്റേഴ്സ് ഉണ്ടായിരുന്ന ആ മഠത്തിന്റെ (Cloisterd Convent) ഒരു ഭാഗം ഇപ്പോൾ സാന്റിയാഗോ തീർത്ഥാടകരുടെ താമസത്തിനായി തുറന്നു കൊടുത്തിരിക്കുകയാണ്. അതിനോട് ചേർന്നുള്ള മഠത്തിൽ ഇപ്പോൾ 15 സിസ്റ്റേഴ്സ് താമസിക്കുന്നുണ്ട്. അതിലൊരാൾ മാത്രമേ പുറത്തേ കാര്യങ്ങൾക്കായി ഇടപെടാറുള്ളൂ.

താമസ സ്ഥലത്തെത്തിയ ഉടൻ തന്നെ വൈകുന്നേരത്തെ കുർബാനയ്ക്ക് സംബന്ധിക്കുന്നതിനുള്ള അനുവാദത്തിനു വേണ്ടി ഞാൻ അവിടുത്തെ റിസപ്ഷനിൽ ചെന്ന് അന്വേഷിച്ചു. റിസപ്ഷനിലെ മറയുടെ പിറകിൽ നിന്നു സംസാരിച്ച സിസ്റ്ററിന്റെ സ്പാനിഷ് ഭാഷ എനിക്കും, എന്റെ ഇംഗ്ലീഷ് ഭാഷ സിസ്റ്ററിനും മനസ്സിലായില്ല. അൽപസമയത്തെ ആയാസകരമായ ആശയസംവേദനത്തിലൂടെ ഞങ്ങൾക്ക് രണ്ടുപേർക്കും നന്നായി അറിയാവുന്ന ഒരു ഭാഷയുണ്ടെന്ന് തിരിച്ചറിഞ്ഞു. അവിടെയുള്ള രണ്ട് സിസ്റ്റേഴ്സ് കേരളത്തിലെ കൊച്ചിയിൽ നിന്നുള്ളവരാണ്. സഹോദരിമാരായ അവരിലൊരാൾ 19 വർഷവും മറ്റേയാൾ 21 വർഷവുമായി സ്പെയിനിലെ ഈ മഠത്തിൽ അംഗങ്ങളായിട്ട്.

വലിയ ആത്മീയാനുഗ്രഹത്തിന്റെ അവസരമായിരുന്നു പുരാതനമായ ഈ മഠത്തിലെ അൾത്താരയിൽ വിശുദ്ധ കുർബാനയർപ്പിക്കാൻ സാധിച്ചത്. അന്ന് അവിടെ കുർബാന ചൊല്ലിയ വൈദികൻ സമാധാനശുശ്രൂഷയുടെ സമയത്ത് മലയാളികളായ രണ്ടു സിസ്റ്റേഴ്സിനെയും അൾത്താരയുടെ മുമ്പിലേയ്ക്ക് വിളിപ്പിച്ചു. ആദ്യമായിട്ടാണ് ആ സിസ്റ്റേഴ്സിന്റെ നാട്ടിൽ നിന്ന് ഒരു വൈദികൻ തീർത്ഥാടകനായി അവിടെയെത്തുന്നത്. അവരുടെ കരങ്ങൾ സ്പർശിച്ച് സമാധാനം ആശംസിച്ച് അനുഗ്രഹം പ്രാപിക്കാനുള്ള അവസരം അങ്ങനെ എനിക്ക് ലഭിച്ചു.

മിണ്ടാമഠങ്ങളിൽ വളരെ അപൂർവ്വമായി നടക്കുന്ന ഒരു സംഭവമാണ് ഇത്തരത്തിലുള്ള സമാധാനാശംസ. അസാധാരണമായ ഒരു ശാന്തിയും സമാധാനവും സൗന്ദര്യവും അവരുടെ മുഖത്ത് ഞാൻ ദർശിച്ചു. എല്ലായ്പ്പോഴും യേശുവിനെ മാത്രം

www.malankaralibrary.com
ധ്യാനിച്ചു കഴിയുന്ന അവരുടെ മുഖത്ത് യേശുവിന്റെ രൂപം പ്രതിഫലിക്കുന്നുണ്ടായിരുന്നു. മിക്കപ്പോഴും എന്നെക്കുറിച്ചും എന്റെ കാര്യങ്ങളെക്കുറിച്ചും മാത്രം ചിന്തിച്ചുകഴിയുന്ന എന്നിലേയ്ക്ക് അവരുടെ കരസ്പർശം വഴിയായി യേശുവിന്റെ ശക്തി പ്രവഹിക്കണമേയെന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ലോകത്തിന്റെ പാപങ്ങൾക്കും തിന്മകൾക്കും വേണ്ടി ലോകത്തിൽ നിന്നകന്ന് പ്രാർത്ഥന വഴി മറ്റുള്ളവർക്ക് അനുഗ്രഹം വാങ്ങിനൽകുന്നവരാണിവർ. അവരുടെ സാന്നിധ്യത്തിലായിരുന്ന ആ നിമിഷങ്ങളിൽ അവരിലുള്ള യേശുസാന്നിധ്യത്തിന്റെ വിശുദ്ധിയുടെ പരിമളം എനിക്കും അനുഭവിക്കുവാൻ സാധിച്ചു.

അൾത്താരയ്ക്കു മുമ്പിലിരുന്ന് മണിക്കൂറുകൾ പ്രാർത്ഥിച്ച് മറ്റുള്ളവർക്ക് അനുഗ്രഹം വാങ്ങി നൽകുന്ന എന്റെ പരിചയത്തിലുള്ള എല്ലാ സിസ്റ്റേഴ്സിനെയും ഞാൻ അപ്പോൾ ഓർത്തു. പിച്ചവച്ചു നടന്ന നാൾ മുതൽ താഴെ വീഴാതെ പിടിച്ചുനടക്കാൻ ഒരുപാട് സിസ്റ്റേഴ്സ് സഹായിച്ചിട്ടുണ്ട്. എന്നെ ആദ്യ കുർബാനയ്ക്കൊരുക്കിയതും, അൾത്താരയുടെ പടികൾ ചവിട്ടാൻ സഹായിച്ചതും, ദൈവവിളിയിൽ വളരാൻ സഹായിച്ചതുമായ എല്ലാ സിസ്റ്റേഴ്സിനെയും ഓർത്ത് ഞാൻ അപ്പോൾ പ്രാർത്ഥിച്ചു. ലോകത്തിലായിരുന്നുകൊണ്ട് ലോകത്തിന്റേതല്ലെന്ന ചിന്തയോടെ ജീവിക്കുന്ന മിണ്ടാമഠത്തിലെ ഈ സിസ്റ്റേഴ്സിനെയും ഞാൻ യേശുവിന്റെ മുമ്പിൽ സമർപ്പിച്ചു. ഈ ആവൃത്തിക്കുള്ളിലെ അൾത്താരയുടെ മുമ്പിലിരുന്ന് പ്രാർത്ഥിക്കുന്ന അവരുടെ വിശുദ്ധിയുടെ സൗരഭ്യം, ലോകവ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കരുത്താകട്ടെ. ഇങ്ങനെ അറിയപ്പെടാത്ത അനേകം മദർ തെരേസമാരും, അൽഫോൻസാമ്മമാരും ഒരുപാട് മഠങ്ങളിലിരുന്ന് പ്രാർത്ഥിക്കുന്നതുകൊണ്ടാണ് മറ്റു പലരും ദൈവകൃപയോടെ ജോലി ചെയ്യുന്നതും ജീവിക്കുന്നതും.

## തീർത്ഥാടനത്തിലെ ചില പാഠങ്ങൾ

ഒരുപാട് സൗഹൃദങ്ങളുണ്ടെങ്കിലും, ജീവിതത്തിൽ നമ്മിൽ പലരും മിക്കപ്പോഴും ഒറ്റയ്ക്കാണ്. യാത്രയുടെ പതിനഞ്ചാം ദിവസം സ്പെയിനിലെ ഗിയോൻ (Gijon) നഗരത്തിലെത്തിയപ്പോൾ ജാംപൗളോയ്ക്ക് കാലുകൾ പൊട്ടി നടക്കാൻ

www.malankaralibrary.com

സാധിക്കാത്ത അവസ്ഥയിലായിരുന്നു. ബസിൽ കയറി ഞങ്ങളുടെ അടുത്ത ലക്ഷ്യമായ ആവില്ലാസ് (Avilles) നഗരത്തിലെത്തി വിശ്രമിക്കാൻ അദ്ദേഹം തീരുമാനിച്ചു. സഹനങ്ങൾ ഒരുവനെ, ജീവിതത്തിന്റെ അർത്ഥം അൽപം കൂടി ആഴത്തിൽ അറിയാൻ സഹായിക്കും. ജീവിക്കുന്ന ഓരോ നിമിഷത്തിന്റെയും വില മനസ്സിലാക്കി മുന്നോട്ടുപോവുക വലിയ വെല്ലുവിളി തന്നെയാണ്. ചിലപ്പോൾ വഴിയിൽ കണ്ടുമുട്ടുന്ന തീർത്ഥാടകരുടെ ജീവിതാനുഭവങ്ങൾ നടത്തത്തിന്റെ വേദനയെക്കാൾ ആഴമുള്ളതായിരുന്നു.

യാത്രയിൽ ഏകാകിയായി നടക്കാൻ ഇഷ്ടപ്പെടുന്ന അനേകരെ ഞങ്ങൾ കണ്ടുമുട്ടിയിട്ടുണ്ട്. ഗ്രീക്ക് പുരാണകഥകളിലെ പാണ്ടോരായുടെ (Pandora) പാത്രം പോലെ ഒരിക്കൽ തുറന്നാൽ പുറത്തുചാടുന്ന ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളെ ആരുമറിയാതെ അടച്ചുസൂക്ഷിക്കാൻ ഇഷ്ടപ്പെടുന്നവരാണ് ഇക്കൂട്ടർ. എന്നാൽ, ജാംപൗളോയും ഞാനും വഴിയിൽ കാണുന്ന മിക്കവരോടും സംസാരിക്കുമായിരുന്നു. ആത്യന്തികമായി മനുഷ്യജീവിതം ഒരു തീർത്ഥാടനയാത്ര ആണെന്നും പരീക്ഷണങ്ങളിലും പ്രയാസങ്ങളിലും പതറാതെ മുന്നോട്ടു നടക്കുന്നവരാണ് സന്തോഷത്തോടെ ലക്ഷ്യത്തിൽ എത്തുന്നതെന്നും തീർത്ഥാടനത്തിലൂടെ എനിക്ക് ലഭിച്ച പാഠമാണ്. വെല്ലുവിളികളെ നേരിട്ട് കീഴടക്കുന്നതിലാണ് വിജയം അടങ്ങിയിരിക്കുന്നത്. ഒരുപക്ഷേ, എന്റെ ലക്ഷ്യമായ സാന്റിയാഗോയിൽ എത്തുമ്പോൾ ലക്ഷ്യത്തിലെത്തിയ സന്തോഷത്തേക്കാൾ യാത്ര അവസാനിച്ചതിലുള്ള സങ്കടമായിരിക്കാം ഞാൻ നേരിടേണ്ടി വരിക. ജീവിതാവസാനം തന്റെ യാത്ര ഒരൽപം കൂടി നീട്ടിക്കിട്ടിയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്ത എത്ര പേരാണുള്ളത്?

ഇന്നത്തെ തിരക്കേറിയ ഈ ജീവിതത്തിൽ എല്ലാവരും പ്രകാശവേഗത്തിൽ സഞ്ചരിക്കാനാഗ്രഹിക്കുമ്പോൾ വെറുതെ നടന്ന് ഇങ്ങനെ സമയം കളയുന്നതിന്റെ അർത്ഥമെന്തെന്ന് ഞാൻ ചിന്തിക്കാതിരുന്നില്ല. പെട്ടെന്ന് മാഞ്ഞുപോകുന്ന നിമിഷങ്ങളിലൂടെ നടന്നുനടന്ന് എന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്തെന്ന് തിരിച്ചറിയാനുള്ള പരിശ്രമത്തിലായിരുന്നു ഞാൻ.

www.malankaralibrary.com

## ജപ്പാൻകാരനായ അകിഹിതോയും, പോളണ്ടുകാരനായ റോബർട്ടും

അങ്ങനെ ആവീല്ലാസ് നഗരത്തെ ലക്ഷ്യമാക്കി നടന്നു കൊണ്ടിരിക്കുന്ന വഴിയിൽ കടലിനഭിമുഖമായി കിടന്ന കല്ലിൽ കണ്ണടച്ചിരുന്നു ധ്യാനിക്കുന്ന എന്നെ വിളിച്ചുണർ ത്തിയത് രണ്ട് തീർത്ഥാടകരുടെ ഉച്ചത്തിലുള്ള സംസാരമായിരുന്നു. ജപ്പാനിൽ നിന്നുള്ള അകിഹിതോയും പോളണ്ടിൽ നിന്നുള്ള റോബർട്ടുമായിരുന്നു അത്. ജാംപൗളോ കാലിന് സുഖമില്ലാതെ ബസിനു പോയതിനാൽ ഏകാകിയായി നടക്കാതെ അവരുടെ സംഘത്തിൽ ചേരാൻ എന്നെയും അവർ നിർബന്ധിച്ചു.

അകിഹിതോയുടെ മുമ്പിലും പിമ്പിലുമായി ഓരോ ബാഗ് അദ്ദേഹം തൂക്കിയിട്ടിരുന്നു. ഒരെണ്ണം തന്നെ വഹിക്കാൻ ശേഷിയില്ലാതെ ഞാൻ നടക്കുമ്പോൾ 78 വയസ്സുള്ള ഈ ജപ്പാൻകാരന് രണ്ടു ബാഗുമെടുത്ത് നടക്കാൻ സാധിക്കുന്നതിൽ എനിക്ക് അത്ഭുതം തോന്നി. എപ്പോഴും ഒരു പ്രത്യേക തരം ശബ്ദം പുറപ്പെടുവിച്ചു കൊണ്ടാണ് അദ്ദേഹം നടന്നിരുന്നത്. ബുദ്ധമത വിശ്വാസിയായ അദ്ദേഹം ഉരുവിടുന്ന ചില മന്ത്രങ്ങൾ ആ ശബ്ദങ്ങളിൽ അടങ്ങിയിട്ടുണ്ടെന്ന് പിന്നീട് എനിക്ക് മനസ്സിലായി. ഒരു പ്രത്യേകതരം ഊർജ്ജം അദ്ദേഹത്തിൽ നിന്ന് പ്രവഹിച്ചിരുന്നോ എന്നും ഞാൻ സംശയിക്കാതിരുന്നില്ല. ബുദ്ധമത വിശ്വാസിയായിരുന്നെങ്കിലും വഴിയിൽ കാണുന്ന ദൈവാലയങ്ങളിലെല്ലാം കയറി അദ്ദേഹം പ്രാർത്ഥിച്ചിരുന്നു.

അന്നേദിവസം ഏതാനും മണിക്കൂറുകൾ ഈ അത്ഭുത മനുഷ്യനുമായി സംസാരിച്ചു നടക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഇത് അദ്ദേഹത്തിന്റെ മൂന്നാമത്തെ സാന്റിയാഗോ തീർത്ഥാടനമാണ്. ആയിരത്തിലധികം കിലോമീറ്ററുള്ള സിൽവർ കമീനോയും (Via de la Plata), 610 കിലോമീറ്ററടുത്തുള്ള പോർച്ചുഗീസ് കമീനോയും (Portuguese Comino) അദ്ദേഹം നടന്നുകഴിഞ്ഞു. ചെറുപ്പകാലത്ത് അദ്ദേഹം സ്ഥിരമായി ജപ്പാനിലെ മാരത്തോൺ മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. ഇന്നും വീട്ടിലായിരിക്കുമ്പോൾ ദിവസവും 10 കിലോമീറ്റർ അദ്ദേഹം ഓടാറുണ്ട്.

www.malankaralibrary.com

പ്രസിദ്ധ ജാപ്പനീസ് കലയായ കിന്റ്സുഗി (Kintsugi) യെക്കുറിച്ച് അറിയാമോ എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. പൊട്ടിപ്പോകുന്ന വിലപിടിച്ച പാത്രങ്ങളെ സ്വർണ്ണം പോലുള്ള വിലകൂടിയ ലോഹങ്ങൾ ഉപയോഗിച്ച് ആദ്യത്തേതിനെക്കാൾ മനോഹരമാക്കുന്ന ഒരു കരകൗശല വിദ്യയാണത്. കിന്റ്സുഗി എന്നും കിന്റ് സുക്റോയി (Kintsukuroi) എന്നും പറഞ്ഞാൽ സ്വർണ്ണയാത്ര, സ്വർണ്ണ കേടുപോക്കൽ (Golden Repair) എന്നൊക്കെയാണ് അർത്ഥമെന്നും അദ്ദേഹം എനിക്ക് പറഞ്ഞുതന്നു.

ആ ആശയത്തോട് ഒത്തുപോകുന്ന രീതിയിൽ, ക്രിസ്തീയ വിശ്വാസത്തിൽ തകർന്നുപോകുന്ന ജീവിതങ്ങളെ തന്റെ സ്നേഹത്താൽ വിളക്കിച്ചേർത്ത് ദൈവം ആദ്യത്തേതിനേക്കാൾ മനോഹരമാക്കി പുനഃസൃഷ്ടിക്കുന്ന സങ്കൽപമുണ്ടെന്ന് ഞാൻ പറഞ്ഞു. അതിന് അദ്ദേഹത്തിന്റെ മറുപടി സ്നേഹത്തെക്കുറിച്ചുള്ള ഒരു മനോഹര കഥയായിരുന്നു.

ജാസാവ് ചാൻ കവീൽ (Jasaw Chan K'awiil) എന്ന പ്രസിദ്ധനായ മായൻ (Mayan) ചക്രവർത്തി തന്റെ 80-ാമത്തെ വയസ്സിൽ എ.ഡി. 720-ലാണ് മരിക്കുന്നത്. അദ്ദേഹം തന്റെ ഭാര്യയെ അതിയായി സ്നേഹിച്ചിരുന്നു. തന്നെ അടക്കം ചെയ്യുന്ന വലിയ സ്മാരകത്തിന് അഭിമുഖമായി ഭാര്യയ്ക്കു വേണ്ടിയും അദ്ദേഹം ഒരു ക്ഷേത്രം നിർമ്മിച്ചു. എന്നാൽ, അതിന്റെ നിർമ്മിതിയിൽ ചില പ്രത്യേകതകളുണ്ടായിരുന്നു. എല്ലാ ദിവസവും രാവിലെ രാജാവിന്റെ സ്മാരകത്തിൽ പതിക്കുന്ന സൂര്യന്റെ നിഴലിനാൽ രാജ്ഞിയുടെ സ്മാരകം വലയം ചെയ്യ പ്പെടുമായിരുന്നു. അതുപോലെ അസ്തമയ സൂര്യന്റെ രശ്മി കൾ രാജ്ഞിയുടെ ശവകുടീരത്തിൽ പതിക്കുമ്പോൾ രാജാ വിന്റെ ശവകുടീരം അതിന്റെ നിഴലിൽ വരുമായിരുന്നു. അങ്ങനെ കഴിഞ്ഞ 1,300 വർഷങ്ങളായി ഈ പ്രണയിനികൾ എല്ലാ ദിവസവും പരസ്പരം സംരക്ഷിച്ചും സ്നേഹിച്ചും ആലിംഗനബദ്ധരായി കഴിയുന്നു.

സത്യത്തിൽ യഥാർത്ഥ സ്നേഹം എന്നുപറയുന്നത് ഇങ്ങനെയാണ്. യേശു തന്റെ സ്നേഹത്തിന്റെ നിഴലിൽ മിക്കപ്പോഴും എന്നെ ആവരണം ചെയ്യാറുണ്ടെന്ന് അദ്ദേഹം സ്നേഹത്തിന്റെ ഈ കഥ പറഞ്ഞപ്പോൾ ഞാൻ തിരിച്ചറിഞ്ഞു.

www.malankaralibrary.com

വേദനിക്കുന്ന എന്റെ ശരീരത്തിലേയ്ക്ക് ദൈവസ്നേഹത്തിലെ അഗ്നി കടന്നുവരണമേയെന്ന് അകിഹിതോ തന്റെ കഥ പറഞ്ഞവസാനിച്ചപ്പോൾ ഞാനും ആഗ്രഹിച്ചു.

പോളണ്ടുകാരനായ റോബേർട്ടോ, പ്രായമായ ജപ്പാൻകാരന് എന്തെങ്കിലും ആവശ്യം വരികയാണെങ്കിൽ സഹായിക്കുക എന്ന ലക്ഷ്യത്തോടെ യാത്രയിൽ കൂടെക്കൂടിയതാണ്. അദ്ദേഹം കുറേനാൾ സെമിനാരിയിലൊക്കെ പഠിച്ചതാണ്. ഇപ്പോൾ വിവാഹിതനായി രണ്ട് മുതിർന്ന ആൺമക്കളുടെ പിതാവുമാണ്. അദ്ദേഹത്തിന്റെ മൂത്തമകൻ വിവാഹം കഴിഞ്ഞ് ജോലിയൊക്കെയായി കഴിയുന്നു. എന്റെ ബാഗ് കണ്ടിട്ട് അദ്ദേഹം പറഞ്ഞു: "നമുക്ക് രണ്ടുപേർക്കും ഒരേ തരത്തിലുള്ള ബാഗാണല്ലോ" എന്ന്. എന്നാൽ, എന്റെ ബാഗ് അദ്ദേഹത്തിന്റേതിൽ നിന്നും വളരെ വ്യത്യസ്തമാണെന്നും വച്ചുമാറുക അസാധ്യമാണെന്നും ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഞാൻ എന്താണ് അർത്ഥമാക്കിയതെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല.

റോബർട്ട് ഈ തീർത്ഥാടനം നടത്തുന്നതിന് രണ്ട് കാരണങ്ങളുണ്ടെന്നു പറഞ്ഞു. റോബർട്ടിന്റെ ഭാര്യ ഒരു ആശുപത്രിയിലെ നഴ്സാണ്. ഭാര്യയ്ക്ക് തനിച്ച് അൽപസമയം നൽകാനും, അവളുടെ പഴയ കൂട്ടുകാരെ കാണാനുമൊക്കെ ഈ അവസരത്തിൽ സാധിക്കുമെന്ന് അദ്ദേഹം വിചാരിക്കുന്നു. രണ്ടാമതായി, അദ്ദേഹത്തിന്റെ ഇളയമകൻ, റോബർട്ടിന്റെ കൂടെയാണ് ജോലി ചെയ്യുന്നത്. പഴയ കാറുകൾ വാങ്ങി, പൊളിച്ചു വിൽക്കുന്നതാണ് ഇദ്ദേഹത്തിന്റെയും മകന്റെയും ജോലി. മകൻ എപ്പോഴും അപ്പനെ ആശ്രയിച്ചാണ് കഴിയുന്നത്. ഇതുവരെയും സ്വന്തമായ തീരുമാനങ്ങളെടുക്കാനോ നടപ്പിലാക്കാനോ അവന് സാധിക്കുന്നില്ല. എന്തിനും അപ്പൻ കൂടെ വേണം. തന്റെ അസാന്നിധ്യം മകനെ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവനാക്കുമെന്ന് റോബർട്ട് വിശ്വസിക്കുന്നു. മനുഷ്യജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കൊച്ചു ചിന്തകൾ എനിക്ക് വലിയ പാഠങ്ങളാണ് പകർന്നുതന്നത്.

## പതുക്കെ ഉണർന്നുവരുന്ന റിബദേയോ പട്ടണം

ആവില്ലാസ് പട്ടണത്തിൽ എത്തിയപ്പോൾ ജാംപൗളോ

www.malankaralibrary.com

നേരത്തെ തന്നെ അവിടെയെത്തി എന്നെ കാത്തിരിക്കുക യായിരുന്നു. നാളെ കുഴപ്പമൊന്നും കൂടാതെ നടക്കുവാൻ സാധിക്കുമെന്നാണ് അദ്ദേഹത്തിന്റെ ചിന്ത. പിറ്റേന്ന് രാവിലെ തന്നെ ഞങ്ങൾ ഉണർന്നു. അടുത്ത പട്ടണമായ റിബദേയോ (Ribadeo) ലക്ഷ്യമാക്കി നടന്നു. അന്നത്തെ യാത്ര മനോഹര മായിരുന്നു. റിബദേയോ പട്ടണത്തിലേയ്ക്ക് പ്രവേശിക്കു ന്നത് കടൽ കയറിക്കിടക്കുന്ന സ്ഥലത്തിനു മുകളിലൂടെയുള്ള നീണ്ട ഒരു പാലത്തിലൂടെയാണ്. ഉണർന്നു വരുന്ന ആ കൊച്ചു പട്ടണത്തെ നോക്കി കൈയ്യിലിരുന്ന ജപമാലമണികൾ ഉരുട്ടി ഞങ്ങൾ രണ്ടുപേരും പ്രാർത്ഥനാപൂർവ്വം നടന്നു.

കഴിഞ്ഞ ദിവസത്തെ കാലിന്റെ വേദന കുറഞ്ഞതിലുള്ള സന്തോഷത്തിലായിരുന്നു ജാംപൗളോ. ഉദ്ദേശിച്ചതിലും ഒരു ദിവസം മുമ്പേ സാന്റിയാഗോയിലെത്തണമെന്നും ജാംപൗളോ ആഗ്രഹിച്ചു. അവിടെ നിന്ന് ബസിൽ രണ്ട് മണിക്കൂർ യാത്ര ചെയ്താൽ കടൽതീരത്തുള്ള ഫിനിസ്റ്റേർ (Finister) എന്ന സ്ഥലത്തെത്താം. മധ്യകാലയുഗത്തിൽ സാന്റിയാഗോ തീർ ത്ഥാടകർ ഫിനിസ്റ്റേർ ലോകത്തിന്റെ ഏറ്റവും അറ്റത്തുള്ള സ്ഥലമാണെന്ന വിശ്വാസത്താൽ തങ്ങളുടെ യാത്ര അവി ടേയ്ക്ക് നീട്ടിയിരുന്നു.

## യാത്രയിലെ ഏറ്റവും ദുഃഖകരമായ അനുഭവം

ലോറൻസോ (Lorenzo) എന്ന ഗ്രാമത്തിലായിരുന്നു അന്ന് ഞങ്ങൾക്ക് അന്തിയുറങ്ങേണ്ടിയിരുന്നത്. അന്ന് ഞാൻ, ജാം പൗളോയെക്കാൾ ഒരു മണിക്കൂർ നേരത്തെ, താമസിക്കുന്ന സത്രത്തിലെത്തി. 2017 ജൂൺ 25-ാം തീയതി ഞായറാഴ്ച യാത്രയിലെ മറക്കാനാവാത്ത ഒരു ദിവസമായി മാറുമെന്ന് ഞാൻ ഒരിക്കലും ചിന്തിച്ചിരുന്നില്ല. ഗ്രാമത്തിലെ പള്ളിയിലെ കുർബാന ഉച്ചയ്ക്ക് കഴിഞ്ഞിരുന്നതിനാൽ സത്രത്തിൽ കുർ ബാന ചൊല്ലുവാൻ സാധിക്കുമോ എന്ന് ഞാൻ അന്വേഷിച്ചു. അവിടെ യാതൊരു സൗകര്യവും ഇല്ലാതിരുന്നതിനാൽ അന്ന് കുർബാന ചൊല്ലാൻ സാധിക്കില്ലല്ലോ എന്ന സങ്കടം എനി ക്കുണ്ടായി. സത്രത്തിലെ അവസാനത്തെ കിടക്ക ജാംപൗളോ വരുന്നതു വരെ ആർക്കും കൊടുക്കാതെ സൂക്ഷിക്കുക വലിയ പണിയായിരുന്നു. ഞാൻ പല പ്രാവശ്യം ഫോണിൽ

www.malankaralibrary.com

വിളിച്ചിട്ടും എനിക്ക് അദ്ദേഹം യാതൊരു മറുപടിയും തന്നില്ല.

കുറച്ചു കഴിഞ്ഞപ്പോൾ യാത്രാക്ഷീണത്താൽ അന്തിയുറങ്ങേണ്ട കിടക്കയിൽ ഇരുന്നുറങ്ങുകയായിരുന്ന എന്നെ ആരോ വിളിച്ചുണർത്തി. കരഞ്ഞുകലങ്ങിയ കണ്ണുകളുമായി ജാം പൗളോ എന്റെ മുമ്പിൽ നിൽക്കുന്നു. വിറയാർന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു "My wife passed away in an accident a few hours ago" (എന്റെ ഭാര്യ ഏതാനും മണിക്കൂറുകൾക്കു മുമ്പ് ഒരു അപകടത്തിൽ മരിച്ചു). എന്തു ചെയ്യണമെന്നറിയാതെ ഒരു നിമിഷം ഞാൻ പകച്ചുനിന്നു. പിന്നീട് അദ്ദേഹത്തെ ആലിംഗനം ചെയ്ത് ഞങ്ങൾ രണ്ടുപേരും കുറേനേരം സങ്കടപ്പെട്ടു കരഞ്ഞു.

ജാംപൗളോയുടെ വിവാഹം കഴിഞ്ഞിട്ട് 44 വർഷങ്ങളായി. എല്ലാ ദിവസവും യാത്ര അവസാനിക്കുമ്പോൾ അദ്ദേഹം ആദ്യം ചെയ്യുക ഭാര്യയെ വിളിച്ച് അന്നത്തെ കാര്യങ്ങൾ സംസാരിക്കുകയാണ്. ഇടവകയിൽ വിവാഹ ഒരുക്ക ക്ലാസ്സുകളുടെ ഭാഗമായി, വിവാഹം കഴിക്കുന്നവർക്ക് പ്രായോഗിക നിർദ്ദേശങ്ങൾ നൽകാൻ നിയോഗിക്കപ്പെട്ട മാതൃകാദമ്പതികളായിരുന്നു ജാംപൗളോയും അദ്ദേഹത്തിന്റെ ഭാര്യ അന്നീനയും (Annina). ഭാര്യ മരിച്ച ദിവസം ഏകദേശം രണ്ട് മണി ആയപ്പോൾ അദ്ദേഹത്തിന്റെ മകൻ തൊമാസൊ (Thommaso) വിളിച്ചു. പതറിയ സ്വരത്തിൽ തൊമാസോ ചോദിച്ചു: "ഡാഡി, അങ്ങ് വീട്ടിൽ തിരികെ വരുമെന്ന് വാക്ക് തന്നിട്ടല്ലേ യാത്രയ്ക്ക് പോയത്?" "അതെ. പക്ഷേ, അത് ഇപ്പോൾ ചോദിക്കാനുള്ള കാരണം എന്താണ്?" തൊമാസായുടെ പതിവില്ലാത്ത ചോദ്യങ്ങൾ ജാംപൗളോയെ അസ്വസ്ഥനാക്കി. "എന്നാൽ, അമ്മ ഇനിയൊരിക്കലും തിരിച്ചുവരില്ല." അവിശ്വസനീയമായ ആ വാക്കുകൾ കേട്ട് ജാംപൗളോ തളർന്നിരുന്നു.

ജാംപൗളോ തീർത്ഥാടനത്തിനു പോയപ്പോൾ, അന്നീന വീട്ടിൽ നിന്നും രണ്ട് മണിക്കൂർ യാത്രാദൂരത്തിലുള്ള വെറോണായിൽ (Verona) സുഹൃത്തുക്കളെ സന്ദർശിക്കാൻ പോയതായിരുന്നു. അവിടെ വച്ച് ഉച്ചഭക്ഷണത്തിനായി അടുത്തുള്ള റസ്റ്റോറന്റിലേക്ക് പോയപ്പോൾ എതിരെ വന്ന കാറുമായി ഇവരുടെ കാർ കൂട്ടിയിടിച്ച് തൽക്ഷണം മരിക്കുകയായിരുന്നു. യാതൊരു ആരോഗ്യപ്രശ്നവും ഇല്ലാത്ത ഭാര്യയുടെ മരണം

www.malankaralibrary.com

ജാംപൗളോക്ക് വലിയൊരു ആഘാതമായിരുന്നു.

ആപത്ത് വരുമ്പോഴാണ് മനുഷ്യർ എല്ലാം മറന്ന് ഒന്നാവുന്നത്. പെട്ടെന്ന് ബൈലോറഷ്യക്കാരായ (Bielorussia) ദമ്പതികൾ അദ്ദേഹത്തിനു വേണ്ട ഭക്ഷണം ക്രമീകരിച്ചു. ജർമ്മൻകാരിയായ ഒരു ഡോക്ടർ അദ്ദേഹത്തിന്റെ യാത്രയ്ക്കു വേണ്ട ടിക്കറ്റുകൾ ക്രമീകരിച്ചു. സൗകര്യമില്ലാതിരുന്ന ആ സത്രത്തിന്റെ അടുക്കള വൃത്തിയാക്കി മേശയിൽ വെള്ളത്തുണി വിരിച്ച് ജാംപൗളോയുടെ ഭാര്യയുടെ ആത്മശാന്തിക്കായി ഞാൻ അന്നത്തെ കുർബാന അർപ്പിച്ചു. ആ അടുക്കളയിലെ അടുപ്പിൽ ഭക്ഷണം പാകം ചെയ്ത് കഴിച്ച് ഒരുപാട് തീർത്ഥാടകർ ശാരീരികശക്തി സംഭരിച്ചിട്ടുണ്ട്. ആദ്യമായി ആ അടുക്കളയിൽ താൽക്കാലികമായി ഉയർത്തിയ അൾത്താരയിലെ ആത്മീയമേശയിൽ നിന്ന് തീർത്ഥാടകർക്ക് ആശ്വാസമായി ആത്മീയ ഭക്ഷണവും നൽകപ്പെട്ടു. കത്തോലിക്കരും, അകത്തോലിക്കരും, അവിശ്വാസികളും ഒരു വ്യത്യാസവുമില്ലാതെ അന്നത്തെ കുർബാനയിൽ സംബന്ധിച്ചു. സമാധാനാശംസയുടെ സമയത്ത് അവിടെയുണ്ടായിരുന്ന ഓരോരുത്തരും ജാംപൗളോയെ ആലിംഗനം ചെയ്ത് ആശ്വസിപ്പിച്ചു.

ജീവിതമാകുന്ന തീർത്ഥാടനത്തിൽ നമ്മളറിയാത്ത വഴിത്തിരിവുകൾ ഉണ്ടാകും. തന്റെ ഭാര്യയുടെ ഈ ലോകത്തിലെ തീർത്ഥാടനം ജാംപൗളോയുടെ സാന്റിയാഗോ തീർത്ഥാടനത്തിനു മുമ്പേ ലക്ഷ്യത്തിലെത്തിയിരിക്കുന്നു. വലിയ ദൈവവിശ്വാസിയായ ജാംപൗളോ, ഭാര്യയുടെ ഓർമ്മകളും പേറി സെപ്റ്റംബർ മാസത്തിൽ തിരികെ വന്ന് തന്റെ സാന്റിയാഗോ തീർത്ഥാടനം വീണ്ടും, അവസാനിപ്പിച്ചിടത്തു നിന്നും ആരംഭിച്ചു പൂർത്തിയാക്കി. സഹയാത്രികനെ നഷ്ടപ്പെട്ടതിന്റെ സങ്കടവും, ജീവിതത്തിന്റെ മറ്റ് ഭാരങ്ങളുടെ ഭാണ്ഡവും പേറി സാന്റിയാഗോ ലക്ഷ്യമാക്കി എന്റെ തീർത്ഥാടനം തുടർന്നുകൊണ്ടേയിരുന്നു.

www.malankaralibrary.com

# 9

# മരണത്തെ കുറിച്ചൊരു വിചിന്തനം

ജാം പൗളോയുടെ ഭാര്യയുടെ അകാലമരണം വഴിയായി അദ്ദേഹത്തിന് ജീവിതസഖിയെയും എനിക്ക് സഹയാത്രികനെയും നഷ്ടപ്പെട്ടു. അടുത്ത നാലഞ്ചു ദിവസങ്ങളിൽ ഒറ്റയ്ക്കു നടക്കേണ്ടി വരുമല്ലോ എന്ന ചിന്ത എന്നെ അസ്വസ്ഥനാക്കി. നാൽപ്പത്തിനാലു വർഷം ഒരുമിച്ചു നടന്ന ഭാര്യയെ പെട്ടെന്ന് നഷ്ടപ്പെട്ട ജാംപൗളോയ്ക്ക് ദൈവത്തിൽ നിന്ന് ആശ്വാസം ലഭിക്കുന്നതിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടായിരുന്നു പിറ്റേദിവസത്തെ എന്റെ തീർത്ഥാടനയാത്ര ഞാൻ ആരംഭിച്ചത്.

അതിരാവിലെ നടക്കണമെന്ന് ആഗ്രഹിച്ച കുറച്ചുപേരെങ്കിലും എന്നെപ്പോലെ അന്ന് അഞ്ചു മണിക്ക് തന്നെ ഉണർന്നിരുന്നു. പൈപ്പിൽ വെള്ളമില്ലാതിരുന്നതിനാൽ പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാൻ കൈയിലുണ്ടായിരുന്ന കുപ്പിയിലെ വെള്ളം ഉപയോഗിക്കേണ്ടി വന്നു. സാധാരണ ജീവിതത്തിലെ സൗന്ദര്യ, വൃത്തിസങ്കൽപ്പങ്ങൾക്കൊന്നും തീർത്ഥാടകന്റെ ജീവിതത്തിൽ വലിയ പ്രസക്തിയൊന്നുമില്ല.

www.malankaralibrary.com

എന്റെ മൊബൈൽ ഫോണിലുള്ള പോലെ രാവിലെ വിളിച്ചുണർത്തുന്ന ഘടികാര സംവിധാനങ്ങൾ ഒന്നുമില്ലായിരുന്നെങ്കിലും പടിഞ്ഞാറോട്ടു നടക്കുന്ന എന്റെ പിന്നിലായി സൂര്യൻ കൃതസമയത്തു തന്നെ ഉദിച്ചിരുന്നു. അതുവരെ വഴി കാണാനായി ഉപയോഗിച്ചിരുന്ന ഹൈഡ്‌ലൈറ്റ് (Head light) ഓഫാക്കി ഞാൻ പുറത്തെ സഞ്ചിയിൽ നിക്ഷേപിച്ചു. ഏകദേശം 41 കിലോമീറ്റർ ദൂരത്തിലുള്ള സൊബ്രാഡോ (Sobrado) ഗ്രാമത്തിലുള്ള പ്രാചീന സിസ്റ്റേഴ്സിയൻ (Cistersian Monastery) സന്യാസ ആശ്രമത്തിലെത്തുകയായിരുന്നു അന്നത്തെ എന്റെ ലക്ഷ്യം. യൂറോപ്പിൽ ക്രിസ്തീയ സംസ്കാരത്തിന് അടിസ്ഥാനമിട്ട വി. ബെനഡിക്ടിന്റെ സഭാനിയമങ്ങൾ കാർക്കശ്യത്തോടെ ജീവിക്കുന്ന ഒരു സന്യാസ സമൂഹമാണിത്. ആയിരം വർഷം പഴക്കമുള്ള ഈ ആശ്രമത്തിൽ സാന്റിയാഗോ തീർത്ഥാടകന് ആത്മീയചൈതന്യം പ്രദാനം ചെയ്യുന്ന അന്തരീക്ഷമാണുള്ളത്.

ആ ദിവസത്തെ ഏകാന്തത, എന്റെ ജീവിതത്തെക്കുറിച്ചും അതിന്റെ ലക്ഷ്യത്തെക്കുറിച്ചും കൂടുതൽ ചിന്തിക്കാനും ആരോടും സംസാരിക്കാതെ ശാന്തമായി ദൈവത്തോടു മാത്രമായി സംവദിക്കാനും ഞാൻ ആഗ്രഹിച്ചു. അന്നെന്നെ തഴുകിത്തലോടിപ്പോയ ഇളംകാറ്റിനോടും ഞാൻ മിണ്ടിയില്ല. പ്രഭാതസൂര്യന്റെ കിരണങ്ങളേറ്റ് വെട്ടിത്തിളങ്ങിയ ചെടികളിലെ, എന്നെ നോക്കിച്ചിരിച്ച രത്നം കണക്കെയുള്ള വെള്ളത്തുള്ളികളെയും നോക്കി ഞാൻ ചിരിച്ചില്ല. തനിയെ നാടൻപാട്ടും പാടിയൊഴുകുന്ന അരുവികളോടും, തങ്ങളുടെ ഭംഗി ആസ്വദിക്കാനായി പാറിപ്പറന്നു വരുന്ന ചിത്രശലഭങ്ങൾക്കു വേണ്ടി വിടർന്നു വരുന്ന കാട്ടുപൂക്കളോടും ഞാൻ അന്നു പിണക്കത്തിലായിരുന്നു. ആകാശത്ത് ഒറ്റയ്ക്ക് അലഞ്ഞു നടക്കുന്ന ചെറുമേഘം പോലെ ജീവിതത്തിൽ തനിച്ചായാലും ലക്ഷ്യത്തിൽ എത്തുംവരെ നടക്കാൻ തന്നെ ഞാൻ തീരുമാനിച്ചു. അധികം നാളുകളില്ലെങ്കിലും ഓരോ നിമിഷവും ആസ്വദിച്ചു ജീവിക്കുന്ന, എന്റെ കൈയിൽ വന്നിരുന്ന മനോഹരിയായ ചിത്രശലഭത്തോടും എനിക്ക് അസൂയ തോന്നാതിരുന്നില്ല. പണ്ടെങ്ങോ കാണാതെ പഠിച്ച സി. മേരീ ബെനീഞ്ഞയുടെ "ലോകമേ യാത്ര" എന്ന കവിതയിലെ ചില വരികൾ ആ ചിത്രശലഭത്തെ ഞാൻ ചൊല്ലി കേൾപ്പിച്ചു.

www.malankaralibrary.com

മരിച്ചിടും ജനിച്ച മർത്യരൊക്കെയും വിതർക്കമി-
ങ്ങൊരുത്തരും പറഞ്ഞിടാത്ത സത്യമാണതെങ്കിലും
മരിച്ചതിന്റെ പിമ്പു മറ്റൊരന്തമറ്റ ജീവിതം
വരിച്ചിടുന്നതാണു മർത്യനുള്ള മേന്മയോർക്കു നീ

സമർത്ഥനായ സീസറും, പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്ര വിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്ക? മാറ്റമൊന്നുമില്ലതിൽ...

മരണത്തെക്കുറിച്ച് അധികം കേൾക്കാൻ താൽപര്യമില്ലാഞ്ഞിട്ടോ, എന്റെ ആലാപനത്തിലെ അഭംഗി കൊണ്ടോ അനന്തമായി നീളുന്ന ആ തീർത്ഥാടനപാതയിൽ എന്നെ തനിച്ചാക്കി, എന്റെ പാട്ടിനെക്കുറിച്ച് ഒരക്ഷരം ഉരിയാടാതെ ആ ചിത്രശലഭവും പറന്നുപോയി. ഒരുപക്ഷെ, കുറ്റപ്പെടുത്തുന്നതിനേക്കാൾ മിണ്ടാതിരിക്കുന്നതാകും ബുദ്ധി എന്ന് അതിന് തോന്നിക്കാണും!

## എളുപ്പവഴിയിലെ അപകടങ്ങൾ

രാവിലത്തെ നടത്തം ഒരു മണിക്കൂർ പിന്നിട്ടപ്പോഴാണ് തീർത്ഥാടനപാത രണ്ടായി തിരിയുന്ന മഞ്ഞ അടയാളങ്ങൾ (Arrow Mark) കണ്ടത്. അതിലൊന്ന് സൊബ്രാഡോയിലെത്താൻ 8 കിലോമീറ്റർ കുറച്ചു നടന്നാൽ മതിയാകും. നടന്നു തളർന്ന ഏത് തീർത്ഥാടകനെ സംബന്ധിച്ചും ഇത്തരത്തിലുള്ള അടയാളങ്ങൾ വലിയ പ്രലോഭനമാണ് നൽകുന്നത്. പുറത്തെ ഭാണ്ഡക്കെട്ട് താഴെ ഇറക്കിവച്ച് തീർത്ഥാടന ഗൈഡ് പരിശോധിച്ചപ്പോൾ ഇങ്ങനെയൊരു വഴിയെക്കുറിച്ച് ഒന്നുംതന്നെ അവിടെ പറയുന്നുണ്ടായിരുന്നില്ല. അൽപനേരം അവിടെ കാത്തുനിന്നെങ്കിലും മറ്റ് തീർത്ഥാടകർ ആരെയും കാണായ്കയാൽ സമയലാഭമുള്ള വഴിയെ തന്നെ നടക്കാൻ ഞാൻ തീരുമാനിച്ചു. നന്നായി അടയാളപ്പെടുത്തിയിട്ടുണ്ടായിരുന്നെങ്കിലും അധികം തീർത്ഥാടകർ സഞ്ചരിക്കാത്ത വഴിയാണിതെന്ന് പെട്ടെന്നു തന്നെ എനിക്ക് മനസ്സിലായി. സോദോമിലേയ്ക്ക് തിരിഞ്ഞുനോക്കിയ ലോത്തിന്റെ ഭാര്യയെപ്പോലെയാവാൻ താൽപര്യമില്ലാതിരുന്നതിനാൽ യാത്ര മുമ്പോട്ടു തന്നെ തുടരാൻ ഞാൻ ആഗ്രഹിച്ചു.

www.malankaralibrary.com

കുറേ ദൂരം നടന്നുകഴിഞ്ഞപ്പോൾ, നടക്കുന്ന പാതയുടെ വലിപ്പം കുറഞ്ഞുവരുന്നത് ഞാൻ ശ്രദ്ധിച്ചു. അങ്ങിങ്ങായി കണ്ട വീടുകളും അവസാനിക്കുന്നതിന്റെ ലക്ഷണമായിരുന്നു അത്. ഏതോ അനാഥപ്രേതത്തെ കണ്ടതുപോലെ പരസ്പരം സന്ദേശം കൈമാറി എന്നെ നോക്കി അവിടെയുള്ള വീടുകളിലെ പട്ടികൾ കുരച്ചുകൊണ്ടേയിരുന്നു. എന്റെ പുറത്തെ വലിയ സഞ്ചി കണ്ടിട്ട് മനുഷ്യാത്മാക്കളെ കൂട്ടിക്കൊണ്ടുപോകാൻ വന്ന യമദേവനാണെന്ന് അതുങ്ങൾ തെറ്റിദ്ധരിച്ചിരിക്കാം.

ഇനിയുള്ള യാത്ര മരങ്ങൾ ഇടതൂർന്നു വളരുന്ന വെള്ളക്കെട്ടുള്ള സ്ഥലത്തു കൂടെയായിരുന്നു. ഒരു കലമാൻകൂട്ടം എനിക്കെതിരെ നടന്നുവരുന്നതു കണ്ട് ഞാൻ അവിടെ നിന്നു. പക്ഷേ, ഒരു ഫോട്ടോ എടുക്കാൻ ഞാൻ ശ്രമിച്ചപ്പോൾ അതിന് കാത്തുനിൽക്കാതെ അവറ്റകൾ കാട്ടിലേയ്ക്ക് ഓടിമറഞ്ഞു. അപ്പോൾ വീശിയടിച്ച കാറ്റിൽ കാട്ടുപൂക്കളുടെയും യൂക്കാലിയുടെയും മനംമയക്കുന്ന ഗന്ധം ഉണ്ടായിരുന്നു. ചെറുപ്പകാലത്ത് വായിച്ചിട്ടുള്ള പ്രേതകഥകളിലെ പാലപ്പൂമണം ഓർത്ത് ഞാൻ കൂടുതൽ ഭയപ്പെട്ടു. പുറത്തെ തണുത്ത കാറ്റിനും എന്റെ ഉള്ളിലെ ഭയത്തിന്റെ ചൂടിനെ തണുപ്പിക്കാനായില്ല. വായ് തുറന്നു ശ്വാസം പുറത്തേയ്ക്കു വിട്ടപ്പോൾ ഒരു പുകവലിക്കാരന്റെ വായിൽ നിന്നും വരുന്നതു പോലെ ധൂമം പുറത്തേയ്ക്കു വന്നു.

തിരുത്താൻ പറ്റാത്ത അബദ്ധതീരുമാനങ്ങളെടുത്ത് ജീവിത വഴിയിൽ തനിയെ നടക്കുന്ന പഥികനെപ്പോലെ അൽപം നിരാശയോടെയും അതിലേറെ ഭയത്തോടെയും ഞാൻ ഓരോ ചുവടും വച്ച് പതിയെ നടന്നു. പണ്ടെങ്ങോ അതുവഴി നടന്നുപോയ യാത്രക്കാർ ഉപേക്ഷിച്ചു കളഞ്ഞ ഉപയോഗശൂന്യമായ സാധനങ്ങളും ഉണങ്ങിയ മരച്ചില്ലകളും കൂട്ടിയിട്ടിരിക്കുന്നത് ഒരു ചുടലക്കാടിന്റെ പ്രതീതി ഉളവാക്കി. ഒറ്റക്കിരുന്നു പാടുന്ന ചീവീടുകളും കാറ്റിലുലഞ്ഞാടിയ മരച്ചില്ലകളും വിദൂരത്തെവിടെയോ ഇരുന്ന് ഓരിയിടുന്ന നായ്ക്കളും വിജനമായ ആ വഴിയിലൂടെയുള്ള എന്റെ തീർത്ഥാടനത്തെ കൂടുതൽ ദുഷ്കരമാക്കി. മധ്യകാല യുഗത്തിലെ തീർത്ഥാടകരെപ്പോലെ യാത്രയ്ക്കിറങ്ങുന്നതിനു മുമ്പേ ഒരു വിൽപ്പത്രം തയ്യാറാക്കി

www.malankaralibrary.com

വച്ചിരുന്നെങ്കിൽ മറ്റുള്ളവർക്ക് കാര്യങ്ങൾ എളുപ്പമായേനെ എന്നും ഞാൻ ചിന്തിച്ചു.

ചെറുപ്പകാലത്ത് പേടിപ്പെടുത്തുന്ന കഥകൾ വായിച്ച് ധൈര്യത്തിനായി കുരിശും കൈയിൽ പിടിച്ച് കിടന്നുറങ്ങുന്ന കുട്ടിയെപ്പോലെ, കയ്യിലിരുന്ന ജപമാലയിലും കഴുത്തിലണി ഞ്ഞിരുന്ന കുരിശിലും ഞാൻ മുറുകെപ്പിടിച്ചു. യാക്കോബ് ശ്ലീഹാ, യാത്രയിൽ തരുന്ന വെല്ലുവിളികളെ തരണം ചെയ്യാൻ വി. റോക്കോ സഹായിക്കുമെന്ന് എന്റെ ഫ്രഞ്ചുകാരനായ തീർത്ഥാടക സുഹൃത്ത് പറഞ്ഞത് ഓർത്തു. ഇങ്ങനെയുള്ള പ്രലോഭനങ്ങളിൽ നിന്നും എന്നെ രക്ഷിക്കാൻ സഹായിക്ക ണമേ എന്ന് വി. റോക്കോയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചു ഞാൻ പ്രാർത്ഥിച്ചു. സൂര്യനു പോലും പ്രവേശനം നിഷേധി ക്കപ്പെട്ട ഈ പാതയിലെ നനഞ്ഞ പുല്ലിൽക്കൂടിയുള്ള നടത്തം നൃത്തകലയുടെ ബാലപാഠങ്ങൾ അറിയാത്ത എനിക്ക് ആയാ സകരമായിരുന്നു. ദൈവത്തെ ഭയക്കുന്നവന് മറ്റൊന്നിനേയും ഭയക്കേണ്ടതില്ലെന്ന് പല പ്രാവശ്യം പ്രസംഗിച്ചിട്ടുള്ളത് ഞാൻ ഓർത്തു. ഉപദേശം കൊടുക്കാൻ എന്തെളുപ്പം, എന്റെ കാര്യ ത്തിൽ മാത്രം അത് പ്രായോഗികമാക്കാൻ ഞാനെന്തേ മറന്നു പോകുന്നു!

## പിശാചിന്റെ പരീക്ഷണം

അന്നത്തെ ആദ്യത്തെ കൊന്തനമസ്കാരം പൂർത്തിയാക്കി ജപമാല പോക്കറ്റിലിട്ടപ്പോൾ ഞാൻ ഒരു സ്വരം കേട്ടു: "നീ ഇതുവഴി എവിടേയ്ക്ക് പോകുന്നു?" അവിടെ അടുത്തെങ്ങും ആരെയും കാണാഞ്ഞതിനാൽ ആ ശബ്ദം വന്നുവെന്ന് കരു തിയ ദിശയിലേയ്ക്ക് നോക്കിയപ്പോൾ കാറ്റത്തുലയുന്ന ഒരു മരച്ചില്ലയല്ലാതെ മറ്റൊന്നും ഞാൻ കണ്ടില്ല. ഉള്ളിലുണ്ടായ ഭയത്തിന്റെ ലക്ഷണം പുറത്തു കാണിക്കാതെ പതിയെ പോക്ക റ്റിൽ കിടന്ന ജപമാലയെടുക്കുവാൻ ഞാൻ ശ്രമിച്ചു. "ദയ വായി അതെടുക്കരുത്. ജപമാലയെടുത്തു കഴിഞ്ഞാൽ എനിക്ക് നിന്നോട് സംസാരിക്കുവാൻ സാധിക്കുകയില്ല." ആളില്ലാത്ത ശബ്ദം ഞാൻ വീണ്ടും കേട്ടു.

ധൈര്യം സംഭരിച്ചു കൊണ്ട് ഞാൻ ചോദിച്ചു: "നീ ആരാണ്? എന്തിനാണ് നീ ഒളിഞ്ഞുനിന്നു സംസാരിക്കുന്നത്?"

www.malankaralibrary.com

“ഞാൻ നല്ലവനായ പിശാചാണ്.”

“നല്ലവനായ പിശാചോ?” ഇങ്ങനെയൊരു ആനമണ്ടത്തരം ആദ്യമായിട്ടാണ് ഞാൻ കേൾക്കുന്നത്. ധൈര്യം സംഭരിച്ച് ഞാൻ വീണ്ടും ചോദിച്ചു. “നിനക്കെന്താണ് ഇപ്പോൾ വേണ്ടത്?”

“നീ എന്റെ ചോദ്യത്തിന് ഇതുവരെയും ഉത്തരം നല്കിയിട്ടില്ല.” പിശാച് പറഞ്ഞു.

“എന്ത് ചോദ്യം?” ഞാൻ തിരിച്ചു ചോദിച്ചു.

“നീ എങ്ങോട്ടാണ് പോകുന്നതെന്ന്?” അവൻ പറഞ്ഞു.

“ഞാനൊരു സാന്റിയാഗോ തീർത്ഥാടകനാണെന്ന് നിനക്ക് കണ്ടു കൂടെ?”

“നീ എന്തിനാണ് സാന്റിയാഗോയിലേയ്ക്ക് പോകുന്നത്. ലോകത്ത് അതിനെക്കാൾ മനോഹരമായ എത്രയോ സ്ഥലങ്ങളുണ്ട്.” പിശാച് വിടാനുള്ള ഭാവത്തിലായിരുന്നില്ല.

“ഞാൻ എന്തെല്ലാം ചെയ്യുന്നുവെന്ന് ഒരു പിശാചിനോട് ഉത്തരം പറയാൻ ബാദ്ധ്യസ്ഥനാണോ?” എനിക്ക് ദേഷ്യം വരാൻ തുടങ്ങിയിരുന്നു.

അത്ര സന്തോഷം വരാത്ത സ്വരത്തിൽ അവൻ എന്നോട് പറഞ്ഞു: “മനുഷ്യൻ ചെയ്യുന്ന എല്ലാ കാര്യങ്ങളും ഞങ്ങൾക്ക് കാണാൻ സാധിക്കും. അവരെ സഹായിക്കുകയെന്നതാണ് ഞങ്ങളുടെ ജോലി.”

“എനിക്ക് ഒരിക്കലും അങ്ങനെയൊരു സഹായത്തിന്റെ ആവശ്യം വരുമെന്ന് തോന്നുന്നില്ല.” ക്ഷോഭത്തോടെ ഞാൻ പറഞ്ഞു.

“നീ എന്തുകൊണ്ടാണ് മറ്റ് വഴികളിലൂടെ പോകാതെ ഇതു വഴി വന്നത്. ഇത് ഞങ്ങളുടെ കോളനിയാണ്.” പിശാച് തന്റെ അധികാരം സ്ഥാപിച്ചെടുക്കാനുള്ള ശ്രമത്തിലായിരുന്നു.

“ഇത് എങ്ങനെയാണ് നിങ്ങളുടെ സ്ഥലമാകുന്നത്?” എനിക്ക് ശരിക്കും ദേഷ്യം വരാൻ തുടങ്ങിയിരുന്നു.

“ദേഷ്യപ്പെടാതെ, ശാന്തതയോടും സമചിത്തതയോടും

www.malankaralibrary.com

കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന് ഞങ്ങൾ പിശാചുക്കളെ കണ്ടു പഠിക്കൂ. ഭൂമിയിൽ മദ്യശാലയുടെ മുമ്പിൽ ക്യൂ നിൽക്കുന്ന ക്ഷിപ്രകോപികളായ മനുഷ്യരെ ശാന്തതയോടെ പെരുമാറാൻ പഠിപ്പിക്കുന്ന ഒരു ടീം തന്നെ ഞങ്ങൾക്കുണ്ട്. അവരെക്കൊണ്ട് പിന്നീട് വലിയ പ്രയോജനമുള്ളതുകൊണ്ടാണ് അവരെ പരിശീലിപ്പിച്ചെടുക്കാൻ ഞങ്ങൾ മെനക്കെടുന്നത്.

എന്റെ വല്യപ്പച്ചൻ വാങ്ങിയ സ്ഥലമാണിത്. ഇത് ഞങ്ങളുടെ വേനൽക്കാല വസതിയാണ്. അവധിക്കാലത്തു മാത്രമേ ഞങ്ങൾ ഇവിടെ വരാറുള്ളൂ. അടുത്ത കാലത്തായി കുറേ മനുഷ്യർ ഇതുവഴി നടക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിങ്ങൾ ആവശ്യമില്ലാതെ ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടു നടക്കുന്നത് ഞങ്ങളെ വളരെയധികം ദണ്ഡിപ്പിക്കുന്നുണ്ട്.'' തന്റെ അധീശത്വം സ്ഥാപിച്ചെടുക്കുന്നതിന് പിശാചിന് വാക്കുകൾക്ക് ക്ഷാമമുണ്ടായിരുന്നില്ല.

ലൂസിഫറിന്റെ സന്താനപരമ്പരയിൽപ്പെട്ട ഉന്നതകുലജാതരായ പിശാചുക്കളുടെ കുടുംബമാണ് ഇവന്റേത്. സ്വർഗ്ഗത്തിലെ ഏറ്റവും മനോഹരന്മാരായ മാലാഖമാരായിരുന്നു അവർ. ഒരിക്കൽ ദൈവത്തെ ധിക്കരിച്ച് പിശാചുക്കളായി മാറിയതാണ്. എല്ലാ വർഷവും മുടങ്ങാതെ കുടുംബസമ്മേളനവും ഇവർ നടത്താറുണ്ട്. സ്വർഗ്ഗത്തിലെ ദാസ്യവേലയെക്കാൾ എനിക്കിഷ്ടം നരകത്തിലെ രാജാവായിരിക്കുന്നതാണ്.'' ഏതോ പേരുകേട്ട സർവ്വകലാശാലയിൽ ജോൺ മിൽട്ടന്റെ ''നഷ്ടപ്പെട്ട പറുദീസ'' (Paradise Lost) യൊക്കെ പഠിച്ച വിദ്യാഭ്യാസമുള്ള കുട്ടിപ്പിശാചാണിതെന്ന് അവന്റെ സംസാരത്തിൽ നിന്നും എനിക്ക് മനസിലായി.

എന്റെ ജിജ്ഞാസയും കൂടിവന്നു.''നിന്റെ വീട് എവിടെയാണ്?''

''നരകമാണ് ഞങ്ങളുടെയെല്ലാം വീട്. പക്ഷെ, ഭൂമിയിലാണ് ഞങ്ങളുടെയെല്ലാം ജോലി.''

''എന്തുകൊണ്ട് നിങ്ങൾക്കെല്ലാം നരകത്തിൽ തന്നെ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്തുകൂടാ?'' ഞാൻ ചോദിച്ചു.

www.malankaralibrary.com

‘‘ആരു പറഞ്ഞു ഞങ്ങൾക്കവിടെ ജോലിയില്ലെന്ന്? പക്ഷെ, ഞങ്ങളുടെ ശമ്പളവും സ്ഥാനക്കയറ്റവും (Promotion) ഉദ്യോഗ വിയോഗ ആനുകൂല്യങ്ങളും (Retirement Benefits) എല്ലാം ഭൂമിയിലെ ജോലിയെ ആശ്രയിച്ചാണിരിക്കുന്നത്.’’

എനിക്ക് ചിരിയടക്കാൻ കഴിഞ്ഞില്ല. ‘‘ഇതാദ്യമായിട്ടാണ് പിശാചുക്കൾക്ക് ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ഉണ്ടെന്നറിയുന്നത്.’’

‘‘അത് നീ ആദ്യമായിട്ടല്ലേ ഒരു നല്ല പിശാചിനോട് സംസാരിക്കുന്നത്? മനുഷ്യന് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തുകൊടുക്കണമെന്നത് ഞങ്ങളുടെ ആഗ്രഹമാണ്.’’

അധികനേരം അവന്റെ വാചകമടിയിൽ മയങ്ങിനിൽക്കാൻ എനിക്ക് താൽപര്യമുണ്ടായിരുന്നില്ല. ‘‘നീ നന്മയെന്നു പറയുന്നത് ഞങ്ങൾ മനുഷ്യരെ സംബന്ധിച്ച് വലിയ തിന്മകളാണ്.’’ ഞാൻ ഇത് പറഞ്ഞുനിർത്തിയും ഇരുത്തം വന്ന ഒരു തത്വജ്ഞനെപ്പോലെ പിശാച് സംസാരിക്കാൻ തുടങ്ങി.

ധീരൻ-അധമൻ (Hero-Villain), നല്ലത്-മോശം (Good-Bad), സുന്ദരം-വിരൂപം (Handsome-Ugly), സത്യം-അസത്യം (Truth-False), പ്രകാശം-അന്ധകാരം (Light-Darkness) ഇങ്ങനെയുള്ള ദ്വന്ദവൈപരീത്യങ്ങൾ (Binary Oppositions) നിങ്ങൾ മനുഷ്യരുടെ സൃഷ്ടിയാണ്. ഞങ്ങൾ പിശാചുക്കൾക്ക് ഇതിലൊന്നും വലിയ താൽപര്യമില്ല. അങ്ങനെ വിട്ടുകൊടുക്കാൻ ഞാനും തയ്യാറല്ലായിരുന്നു. ഞാനും ഫൂക്കോയും (Michel Foucault) ഡെറിഡായും (Jacques Derrida) ഒക്കെ വായിക്കുകയും അപനിർമ്മാണരീതിയും (Deconstructionism) ഉത്തരാധുനികതയും (Post- Modernism) പഠിക്കുകയും ചെയ്തിട്ടുണ്ട്. നിന്റെ ഇത്തരത്തിലുള്ള മണ്ടത്തരങ്ങളൊന്നും എന്റെയടുത്ത് ചിലവാകില്ല.

ഈ സംഭാഷണം എങ്ങനയെങ്കിലും അവസാനിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. പരീക്ഷണങ്ങളിൽ അധികം പിടിച്ചുനിൽക്കാനുള്ള ശക്തിയില്ലാത്തവനാണ് ഞാനെന്ന തിരിച്ചറിവ് പിശാചുമായുള്ള സംസർഗ്ഗത്തിൽ നിന്ന് അകന്നു നിൽക്കാൻ എന്നെ പ്രേരിപ്പിച്ചു.

അടുത്ത മരത്തിൽ നിന്നും അസഹനീയമായ കലപില

www.malankaralibrary.com

ശബ്ദം കേട്ടപ്പോൾ ഭയം കൊണ്ട് എന്റെ പോക്കറ്റിൽ കിടന്ന ജപമാലയെടുക്കാൻ ഞാൻ തുനിഞ്ഞു. അപ്പോൾ പിശാച് ഉറക്കെ അലറിക്കൊണ്ട് പറഞ്ഞു: "അതെടുക്കരുത്. അതു വഴി നീ എന്നെ പീഡിപ്പിക്കുകയാണ്. ആ അപശബ്ദങ്ങൾ ഉണ്ടാക്കുന്നത് എന്റെ കുഞ്ഞനുജന്മാരും കസിൻസുമാണ്. അവന്മാർ വലിയ രാക്ഷസഭീകരന്മാരും വികൃതികളുമാണ്. ഭൂമിയിൽ നല്ല ജോലി കിട്ടാത്തതിന്റെ ദേഷ്യത്തിലാണവർ. നരകത്തിൽ മനുഷ്യരെ പീഡിപ്പിക്കുന്ന അഗ്നികുണ്ഡത്തിലിടുന്ന വിറകിനുള്ളിലെ പുഴുക്കളെ വേർതിരിക്കുകയാണ് അവരുടെ പ്രധാന ജോലി. അത് ഞങ്ങളുടെയിടയിൽ ബഹുമാനമില്ലാത്തതും അധികം കൂലി ലഭിക്കാത്തതുമായ ജോലിയാണ്. അതുകൊണ്ട് ഞാൻ ഇങ്ങനെ മനുഷ്യരോടൊക്കെ സംസാരിക്കുന്നതിന്റെ അസൂയ കൊണ്ട് അവന്മാർ ബഹളം വയ്ക്കുന്നതാണ്.

എന്റെ ഷൂസിന്റെ അടിയിൽ, ഞാൻ ചവിട്ടിനിന്ന സ്ഥലത്തെ കല്ല് പൊടിയുന്നതിന്റെ ശബ്ദം എന്നെ ഭയപ്പെടുത്തി. താഴെ വീഴാതിരിക്കാൻ കയ്യിലുണ്ടായിരുന്ന ഊന്നുവടി തറയിൽ ആഴത്തിൽ ഞാൻ കുത്തിപ്പിടിച്ചു. എനിക്ക് ചുറ്റും നിന്ന മരങ്ങളിലെ ഇലകൾ എന്നെ ഭയപ്പെടുത്താനെന്നവണ്ണം ചലിച്ചുകൊണ്ടിരുന്നു. ജപമാല കൈയ്യിലെടുത്തതു കൊണ്ട് വീണ്ടും എന്നോട് സംസാരിക്കാനാകാതെ പിശാച് അപ്രത്യക്ഷമായിരുന്നു.

ഭയന്നിട്ടാണോ വിയർത്തിട്ടാണോ അതോ പുറമേ നിന്നുള്ള ചെടികളിലെ വെള്ളത്തുള്ളികൾ പറ്റിയിട്ടാണോ എന്നറിയില്ല, ഞാൻ ധരിച്ചിരുന്ന വസ്ത്രമെല്ലാം നന്നായി നനഞ്ഞിരുന്നു. അത്രയെങ്കിലും ചെയ്യാൻ സാധിച്ചല്ലോ എന്നോർത്ത് പിശാചുക്കൾ എന്നെ നോക്കി ചിരിക്കുന്നതായി എനിക്ക് തോന്നി.

## പ്രാർത്ഥനയിൽ ആശ്രയം

ചെറുപ്പകാലത്ത് വേദപാഠ ക്ലാസ്സുകളിൽ കാണാതെ പഠിച്ചു ചെല്ലിയിരുന്ന 23-ാം സങ്കീർത്തനം ഞാൻ ആവർത്തിച്ച് ചൊല്ലിക്കൊണ്ടിരുന്നു: "മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല (സങ്കീ. 23:4) ഭയന്നു പോയ,

www.malankaralibrary.com

പരീക്ഷിക്കപ്പെട്ട നിമിഷങ്ങളിൽ ദൈവവചനം എന്നെ ശക്തി പ്പെടുത്തി.

ഞാൻ ഓഫീസ് സെക്രട്ടറിയായിരുന്ന സമയത്ത്, കർദ്ദിനാ ളിൽ നിന്നും പണ്ടെങ്ങോ ഒരു ശുപാർശക്കത്ത് വാങ്ങിക്കൊ ടുത്തതിന് ഒരു സിസ്റ്റർ കൈക്കൂലിയായി തന്ന മിഖായേൽ മാലാഖയോടുള്ള ലാമിനേറ്റ് ചെയ്ത കാർഡിലുള്ള പ്രാർ ത്ഥന ഞാൻ പോക്കറ്റിൽ നിന്നും എടുത്ത് ഉറക്കെ ചൊല്ലി. അതിന് ഇത്ര വലിയ പ്രയോജനം ഉണ്ടാവുമെന്ന് അന്ന് ഞാൻ കരുതിയിരുന്നില്ല.

മുഖ്യദൂതനായ വി. മിഖായേലേ, പോരാട്ടസമയത്ത് അങ്ങ് ഞങ്ങളുടെ തുണയും സഹായവുമായിരിക്കണമേ. പിശാചിന്റെ ദുഷ്ടതയിലും കെണിയിലും നിന്ന് ഞങ്ങളെ കാത്തുരക്ഷി ക്കേണമേ. ദൈവം അവനെ ശാസിക്കട്ടെയെന്ന് ഞങ്ങൾ എളി മയോടെ പ്രാർത്ഥിക്കുന്നു. ആത്മാക്കളെ നശിപ്പിക്കുവാൻ ലോകമെങ്ങും ചുറ്റിനടക്കുന്ന സാത്താനെയും മറ്റെല്ലാ ദുഷ്ട പിശാചുക്കളെയും അല്ലയോ സ്വർഗ്ഗീയ സൈന്യാധിപാ, അങ്ങ് ദൈവത്തിന്റെ ശക്തിയാൽ നരകാഗ്നിയിലേക്ക് തള്ളിത്താഴ്ത്ത ണമെ. ആമ്മേൻ.

തീർത്ഥാടനത്തിന്റെ അവസാന നാളുകളിലുണ്ടായ പൈശാ ചിക പരീക്ഷണത്തിന്റെ അർത്ഥം മനസ്സിലാക്കാനുള്ള പരി ശ്രമത്തിലായിരുന്നു ഞാൻ. എല്ലാ തീർത്ഥാടനവും ദൈവാ നുഭവത്തിലേയ്ക്കുള്ള ക്ഷണമാണെങ്കിലും അതിൽ പൈശാ ചിക പ്രലോഭനങ്ങളും പതിയിരിക്കുന്നുണ്ട്. നരകത്തിന്റെ സ്വപ്നങ്ങൾ ഭൂമിയിൽ വിൽക്കാൻ അലഞ്ഞുനടക്കുന്ന പിശാ ചുക്കൾ പ്രലോഭനവുമായി നമുക്കുചുറ്റും എപ്പോഴുമുണ്ടാവാം. ഒരു ചെറിയ വീഴ്ച പോലും തന്റെ തീർത്ഥാടനത്തെ തടസ്സ പ്പെടുത്തുമെന്ന് മനസ്സിലാക്കി ഓരോ കാൽവയ്പ്പും ശ്രദ്ധ യോടെ നടത്തേണ്ടവനാണ് ഓരോ തീർത്ഥാടകനും.

www.malankaralibrary.com

# 10

# എല്ലാ വഴികളും സാന്റിയാഗോയിൽ സന്ധിക്കുന്നു

സന്ധ്യ മയങ്ങും നേരത്ത് സാന്റിയാഗോയിലെ കല്ലുപാകിയ പാതയിലൂടെ നടന്ന് കത്തീഡ്രൽ ദൈവാലയത്തിന്റെ വിശാലമായ മുറ്റത്ത് നിൽക്കുമ്പോൾ വർണ്ണനാതീതമായ വികാരവേലിയേറ്റങ്ങൾ എന്നിലുണ്ടായി. ആഴ്ചകൾക്കു മുമ്പ് ഒരുപാട് ദൂരത്തു നിന്നും വച്ച ആദ്യത്തെ ചുവടും ദൈവാലയമുറ്റത്ത് വന്നുനിന്ന അവസാനത്തെ ചുവടും തമ്മിലുള്ള അന്തരം എണ്ണൂറ് കിലോമീറ്ററുകളിലധികമായിരുന്നു. സാന്റിയാഗോയിൽ എത്തിയ സന്തോഷത്തോടൊപ്പം യാത്ര അവസാനിച്ചതിലുള്ള ദുഃഖവും എനിക്കുണ്ടായി. പ്രാർത്ഥനയും, പരിത്യാഗവും, വ്രതവുമൊക്കെയായി പുണ്യപരിസമാപ്തിയിലെത്തിയ എന്റെ ഈ യാത്ര തുടരാൻ തന്നെ ഞാൻ അഭിലഷിച്ചു.

സാന്റിയാഗോയിൽ നിന്ന് ആത്മപരിശുദ്ധിയോടെ പുതിയ യാത്രകൾക്കുള്ള വാതായനങ്ങൾ എനിക്കു മുമ്പിൽ ദൈവം തുറന്നു തന്നു. അപ്പോൾ, കത്തീഡ്രൽ ദൈവാലയത്തിന്റെ പ്രധാന അൾത്താരയുടെ അടിയിൽ അന്ത്യവിശ്രമം കൊള്ളുന്ന യാക്കോബ് ശ്ലീഹായുടെ അസ്ഥികൾക്ക് ജീവൻ കൈവന്ന്

www.malankaralibrary.com

വിശുദ്ധൻ അവിടെ നിന്നും ഇറങ്ങിവന്ന് ക്ഷീണിച്ചവശനായ ഈ തീർത്ഥാടകനെ ഒന്ന് ആലിംഗനം ചെയ്ത് ആശ്വസിപ്പിച്ചിരുന്നുവെങ്കിലെന്ന് വെറുതേ ഞാൻ മോഹിച്ചു. നാളിതുവരെ സ്നേഹത്തോടെ എന്റെ തോളിൽക്കിടന്ന ഭാണ്ഡക്കെട്ടിനും അവിടെ നിന്നും താഴെയിറങ്ങാൻ വലിയ വൈമനസ്യമായിരുന്നു. ജീവിതത്തിന്റെ ഭാഗമായെന്ന് കരുതിപ്പോയ ഇതിനേക്കാൾ ഭാരമുള്ള ദുഷ്തഴക്കങ്ങൾ ദൈവകൃപയാൽ എത്രയോ തവണ എടുത്തുകളഞ്ഞിരിക്കുന്നു! ഒരു യാത്ര അവസാനിക്കുമ്പോഴാണ് മറ്റൊരു യാത്ര ആരംഭിക്കുന്നത്. സാന്റിയാഗോ എന്ന ചെറിയ ലക്ഷ്യം സ്വർഗ്ഗീയ ജറുസലേം എന്ന വലിയ ലക്ഷ്യത്തിലേയ്ക്കുള്ള യാത്രയിലെ ഒരു വിശ്രമസ്ഥലം മാത്രം.

ഞാൻ നടത്തിയ 25 ദിവസത്തെ ഫ്രഞ്ച് തീർത്ഥാടനവും (French Camino) 26 ദിവസത്തെ വടക്കൻ തീർത്ഥാടനവും (Camino del Nord) ആരംഭിച്ചത് വ്യത്യസ്ത നഗരങ്ങളിൽ നിന്നായിരുന്നുവെങ്കിലും രണ്ടും അവസാനിച്ചത് സാന്റിയാഗോയിൽ ആയിരുന്നു. അറിയപ്പെടാത്ത അനേകം പാതകളിലൂടെ നമ്മൾ സഞ്ചരിക്കുന്ന യാത്രകളെല്ലാം തന്നെ അവസാനം കുഴിമാടത്തിൽ സന്ധിക്കുന്നു. ഒരുപാട് ദൂരത്താണ് എന്നു നാം കരുതുന്ന നമ്മുടെ 'സാന്റിയാഗോ' ഒറ്റദിവസം കൊണ്ട് അറിയാതെ തന്നെ നമ്മുടെ അരികിലെത്തും. അവിടെ നിന്നും വീണ്ടും എങ്ങോട്ട് പോകുന്നുവെന്നത് ജീവിതത്തിൽ സമ്പാദിച്ച സുകൃതങ്ങളെ ആശ്രയിച്ചിരിക്കും.

കത്തീഡ്രൽ ദൈവാലയത്തിന്റെ അതിവിശാലമായ മുറ്റത്ത് മറ്റനേകം തീർത്ഥാടകരെ അനുകരിച്ച് തോളത്തിരുന്ന സഞ്ചി തലയിണയാക്കി ഞാനും കിടന്നു. പഴയകാലത്ത് ഒരുവന്റെ ഭവനത്തിന്റെ ഉമ്മറപടിയിൽ നിന്നും പുറത്തേയ്ക്ക് വയ്ക്കുന്ന ആദ്യത്തെ ചുവടോടെയാണ് തീർത്ഥാടനം ആരംഭിക്കുന്നത്. അന്ന് ഭരിക്കുന്ന രാജാവിന് അവൻ വിധേയത്വം പ്രഖ്യാപിക്കണം. ഇടവക പള്ളിയിൽ വികാരിയച്ചനെ സന്ദർശിച്ച് കാര്യങ്ങൾ വിശദീകരിച്ച് അനുവാദം വാങ്ങണം. തീർത്ഥാടകന്റെ വേഷവും മറ്റടയാളങ്ങളും ധരിച്ച് കുർബാനയിൽ സംബന്ധിച്ച് മുട്ടുകുത്തി അനുഗ്രഹം വാങ്ങിയിരിക്കണം. യാത്രയിൽ

www.malankaralibrary.com

മരണപ്പെടാൻ സാധ്യതയുള്ളതു കൊണ്ട് ഒരു വിൽപത്രം തയ്യാറാക്കി വീട്ടിൽ കൊടുത്തിരിക്കണം.

വരുന്ന വഴിക്ക് സാന്റിയാഗോ കത്തീഡ്രലിന്റെ പണി പൂർത്തീകരിക്കുന്നതിനു വേണ്ടി ഓരോ തീർത്ഥാടകനും ഒരു ചെറിയ കല്ലും കൊണ്ടുവരണം. പട്ടണത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി നഗരാതിർത്തിയിൽ കൂടി ഒഴുകുന്ന സാർ (Sar) നദിയിൽ കുളിച്ച് ശരീരശുദ്ധി വരുത്തിയാണ് ദൈവാലയത്തിലേയ്ക്ക് പ്രവേശിക്കേണ്ടത്. ഈ പരമ്പരാഗത ആചാരങ്ങൾ കാലാന്തരത്തിൽ നിന്നുപോയതുകൊണ്ട് എനിക്ക് അവ അനുഷ്ഠിക്കാൻ സാധിച്ചില്ല. എന്നാൽ, ദൈവാലയത്തിൽ എത്തിക്കഴിഞ്ഞാൽ അനുഷ്ഠിക്കേണ്ട ഒരുപാട് ആചാരങ്ങൾ ഇന്നും നിലനിൽക്കുന്നു.

മറ്റനേകം സാന്റിയാഗോ തീർത്ഥാടകരെയും പോലെ വലിയ വികാരവിക്ഷോഭങ്ങൾക്ക് എന്നെയും ഞാൻ വിട്ടുകൊടുത്തു. ആരംഭിച്ചിട്ട് ഈ യാത്ര അവസാനിപ്പിക്കാൻ കഴിയാത്ത ഒരുപാട് തീർത്ഥാടകരുള്ളപ്പോൾ, അതിനുള്ള അനുഗ്രഹം ദൈവം എനിക്ക് നൽകിയതോർത്ത് എന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞുതുളുമ്പി.

കുറെ അകലെയായി മറ്റൊരു തീർത്ഥാടകൻ അവിടുത്തെ കൽത്തറയിൽ മുട്ടുകുത്തി കൈകളുയർത്തി പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടു. കണ്ണീർ തുടയ്ക്കാതെ തന്നെ, കിടന്നിടത്തു നിന്നും പതിയെ എഴുന്നേറ്റ് ആ പരുത്ത പ്രതലത്തിൽ ഞാനും മുട്ടുകുത്തി. എന്നെ അറിയുന്ന, ഞാൻ അറിയുന്ന ആരും തന്നെ അവിടെ ഇല്ലാതിരുന്നതിനാൽ അണിഞ്ഞിരുന്ന വേഷത്തിലോ, ചെയ്യുന്ന പ്രവർത്തികളിലോ എനിക്ക് അസ്വാഭാവികതയൊന്നും തോന്നിയില്ല. എന്റെ പ്രാർത്ഥനകൾക്ക് അൽപം കൂടി ആഴവും അർത്ഥവും കൈവന്നതായി ഒരു നിമിഷം എനിക്ക് തോന്നി. വേദനിച്ചു പ്രകടിപ്പിച്ച എന്റെ ദൈവസ്നേഹത്തിന്റെ പ്രതിഫലനമെന്നോണം യാക്കോബ് ശ്ലീഹായ്ക്കു പകരം അദ്ദേഹത്തിന്റെ ഗുരു തന്നെ ഇറങ്ങിവന്ന് ആലിംഗനം ചെയ്യുന്നതായി എന്റെ അന്തരംഗത്തിൽ എനിക്കനുഭവപ്പെട്ടു. എന്റെ തീർത്ഥാടന നിയോഗങ്ങളെല്ലാം ആ ഗുരുവിന്റെ പാദാന്തികത്തിൽ സമർപ്പിച്ച് അനുഗ്രഹം അപേക്ഷിച്ചു.

www.malankaralibrary.com

അനേക നൂറ്റാണ്ടുകൾ അവിടെ വന്നു പ്രാർത്ഥിച്ചു കടന്നു പോയ നിരവധി തീർത്ഥാടകർ അവശേഷിപ്പിച്ച വിശുദ്ധി യുടെ നിശ്വാസം എന്നിലേയ്ക്കും കടന്നുവന്നു. പകലത്തെ എരിയുന്ന സൂര്യകിരണങ്ങളേറ്റ് കരിഞ്ഞുപോയ ത്വക്കിനു ള്ളിലൂടെ കൃപയുടെ പ്രകാശം ദൈവം എന്നിലേയ്ക്ക് സന്നി വേശിപ്പിക്കുന്നതായി എനിക്ക് തോന്നി.

## മാസ്റ്റർ മത്തെയോ: പ്രഹരത്തിന്റെ വിശുദ്ധൻ

ഒരു തീർത്ഥാടകൻ അനുഷ്ഠിക്കേണ്ട ഒരുപാട് ആചാര ങ്ങൾ ഇനിയും അവശേഷിക്കുന്നതിനാൽ പുതുതായി ലഭിച്ച ഈ ആത്മീയോർജ്ജത്തിന്റെ ശക്തിയാൽ ഞാൻ അവിടെ നിന്നും എഴുന്നേറ്റു. പലവിധ കാരണങ്ങളാൽ ഭാണ്ഡക്കെട്ടു മായുള്ള യാത്ര പള്ളിയിൽ നിഷിദ്ധമായിരുന്നതിനാൽ അടു ത്തുള്ള താമസസ്ഥലം ലക്ഷ്യമാക്കി ഞാൻ നടന്നു.

സാന്റിയാഗോ ദെ കോമ്പസ്റ്റെല്ല അതിരൂപതയുടെ (Arch-diocese of Santiago de Compostela) പഴയ മൈനർ സെമിനാരി ഇപ്പോൾ സാന്റിയാഗോ തീർത്ഥാടകർക്കുള്ള താമസസ്ഥല മാക്കി രൂപപ്പെടുത്തിയിട്ടുണ്ട്. അവിടുത്തെ സത്രത്തിലെ കുളി, നദിയിലെ പുണ്യസ്നാനത്തിന് പകരമാവില്ലെങ്കിലും ആ ദിവ സത്തെ ശാരീരികശുദ്ധിക്ക് അത് പര്യാപ്തമായിരുന്നു. തീർ ത്ഥാടനത്തിന്റെ ആരംഭം മുതൽ കയ്യിലുണ്ടായിരുന്ന, അതു വരെയും ഉപയോഗിക്കാത്ത നല്ല വസ്ത്രമൊക്കെ ധരിച്ച് കണ്ണാടിയുടെ മുമ്പിൽ നിന്ന് മുടിയൊക്കെ ശരിയാക്കി ഞാൻ കത്തീഡ്രൽ ദൈവാലയത്തിലേയ്ക്ക് തിരികെ നടന്നു. ഒരു മാസത്തോളം അന്യമായിരുന്ന സൗന്ദര്യസങ്കൽപങ്ങളൊക്കെ എത്രപെട്ടെന്നാണ് എന്നിലേയ്ക്ക് മടങ്ങിയെത്തിയത്.

ഒരുപാട് കൊത്തുപണികളോടു കൂടിയ വലിയൊരു സ്തൂപ മാണ് കത്തീഡ്രലിൽ പ്രവേശിച്ചയുടൻ കാണാൻ കഴിയുക. ജെസ്സെയുടെ വൃക്ഷം (Tree of Jesse) എന്നറിയപ്പെടുന്ന ആ സ്തൂപത്തിന്റെ മുകളിലായി സ്നേഹാർദ്രഭാവങ്ങളോടെയി രിക്കുന്ന യാക്കോബ് ശ്ലീഹായെയും കാണാം. സാന്റിയാഗോ തീർത്ഥാടനം പൂർത്തിയാക്കി ദൈവാലയത്തിലെത്തുന്നവരെ സ്വീകരിക്കുന്നതിനാണ് ശ്ലീഹാ അവിടെയിരിക്കുന്നത്.

www.malankaralibrary.com

യാക്കോബ് ശ്ലീഹായുടെ ഒരു കയ്യിൽ തീർത്ഥാടകന്റെ വടിയും, മറുകയ്യിൽ "കർത്താവേ, എന്നെ അയയ്ക്കുക" എന്നെഴുതിയ ഒരു ചുരുളും ഇരിപ്പുണ്ട്. നൂറ്റാണ്ടുകളായി അതുവഴി കടന്നുപോയ തീർത്ഥാടകർ കൈകൾ വച്ചു പ്രാർത്ഥിച്ചതുവഴിയായി സ്തൂപത്തിന്റെ മധ്യത്തിൽ അഞ്ച് വിരലിന്റെ പാടുകളുള്ള ഒരു കുഴി രൂപപ്പെട്ടിട്ടുണ്ട്. ആ കൈപ്പാടുകൾക്കു മുകളിൽ എന്റെ കൈകളും വച്ച് ഞാനും പ്രാർത്ഥിച്ചു.

ആ സ്തൂപത്തിന്റെ മറുവശത്ത് അൾത്താരയെ നോക്കി വണങ്ങി നിൽക്കുന്ന ഒരു ചെറുപ്പക്കാരന്റെ രൂപവും കൊത്തിവച്ചിട്ടുണ്ട്. ഈ ദേവാലയത്തിന്റെ പ്രധാന ശിൽപികളിലൊരാളായ മാസ്റ്റർ മത്തേയോയുടെ (1150–1217) രൂപമാണത്. വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിലും 'പ്രഹരത്തിന്റെ വിശുദ്ധൻ' (Saint of Bumps) എന്ന അപരനാമത്തിലും അദ്ദേഹം അറിയപ്പെടുന്നു.

ഇത്രയും മനോഹരങ്ങളായ ശിൽപങ്ങൾ ഉണ്ടാക്കിയ മത്തേയോ, വലിയ ജ്ഞാനിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ അറിവും, ഉൾക്കാഴ്ചയും, കഴിവുകളും ലഭിക്കുന്നതിനു വേണ്ടി മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങളുടെ തല മത്തേയോയുടെ തലയോട് ചേർത്തുവച്ച് പ്രാർത്ഥിക്കുമായിരുന്നു. സാന്റിയാഗോ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ പരീക്ഷയ്ക്കു മുമ്പ് അവിടെ വന്ന് ബുദ്ധിവികാസത്തിനു വേണ്ടി പ്രാർത്ഥിക്കുന്ന പാരമ്പര്യവുമുണ്ടായിരുന്നു. അങ്ങനെ സാന്റിയാഗോ തീർത്ഥാടകരും ഈ പാരമ്പര്യത്തെ അനുകരിക്കുന്നവരായി മാറി.

അങ്ങനെ, മാസ്റ്റർ മത്തേയോയുടെ തലയ്ക്ക് ഒരുപാട് പ്രഹരം ഏൽക്കേണ്ടി വന്നതിനാൽ 2009 മുതൽ കത്തീഡ്രൽ അധികാരികൾ ഈ ആചാരത്തിന് വിലക്കേർപ്പെടുത്തി. ഇക്കാരണത്താൽ പാവപ്പെട്ട എനിക്ക് കൈയ്യിലുള്ള ബുദ്ധി കളയാതെ സൂക്ഷിക്കാനേ നിവൃത്തിയുണ്ടായിരുന്നുള്ളു.

## സാക്രിസ്റ്റിയിലെ കുമ്പസാരം

വൈകുന്നേരത്തെ കുർബാനയ്ക്ക് സംബന്ധിക്കുവാൻ പറ്റുമോ എന്നറിയാനായി പള്ളിയുടെ സാക്രിസ്റ്റിയിൽ പോയി

www.malankaralibrary.com
അന്വേഷിക്കാമെന്നു വിചാരിച്ചു. കുർബാനയ്ക്ക് ഇനിയും സമയം ഉണ്ടായിരുന്നുവെങ്കിലും സാക്രിസ്റ്റിയുടെ ചുമതല യുണ്ടായിരുന്ന ഒരു സിസ്റ്റർ, കുർബാനയ്ക്കുള്ള ഒരുക്കങ്ങൾ നടത്തുന്നതിന്റെ തിരക്കിലായിരുന്നു. വളരെ ഭവ്യതയോ ടെയും ഭക്തിയോടെയും അവിടെ നിന്ന എന്നെ നോക്കി സിസ്റ്റർ കാര്യം തിരക്കി. കത്തീഡ്രലിലേയ്ക്ക് വരാനുള്ള തിരക്കിനി ടയിൽ അവിടെ, ആവശ്യം വന്നാൽ കാണിക്കേണ്ടിയിരുന്ന 'ചെലബ്രതു' (Celebret) എടുക്കാൻ ഞാൻ മറന്നുപോയി രുന്നു. 'ചെലബ്രതു' എന്ന ലത്തീൻ വാക്കിന്റെ അർത്ഥം 'അവൻ (കുർബാന) ചൊല്ലട്ടെ' (May he celebrate) എന്നാണ്.

ഇത് ഒരു വൈദികന് രൂപതാദ്ധ്യക്ഷൻ നൽകുന്ന സാക്ഷ്യ പത്രമാണ്. ഈ രേഖയുണ്ടെങ്കിൽ കത്തോലിക്കാ സഭയുടെ ലോകത്തെവിടെയുമുള്ള ആരാധാനാലയത്തിൽ കുർബാന അർപ്പിക്കുന്നതിന് കാനോനികമായ തടസ്സമില്ല. ഇത് ഇല്ലെ ങ്കിലും, അനുവാദം കൊടുക്കേണ്ടയാളിന് ഇദ്ദേഹം വൈദിക നാണെന്ന് പൂർണ്ണബോധ്യമുണ്ടെങ്കിൽ അനുവദിക്കാവുന്ന താണ്.

ഒരു പരിഹാരമെന്നവണ്ണം ഈ അടുത്തകാലത്ത് ഞാൻ കുർബാന ചൊല്ലിയ ഫോട്ടോ കാണിച്ചാലും മതിയെന്ന് സിസ്റ്റർ പറഞ്ഞു. എന്റെ മൊബൈൽ ഫോണിലുണ്ടായിരുന്ന മാർപ്പാ പ്പയുടെ കൈ മുത്തുന്നതുൾപ്പെടെയുള്ള ചിത്രങ്ങൾ കാണിച്ച് ഞാൻ അനുവാദം നേടിയെടുത്തു. അമേരിക്കക്കാരനായ, സ്പാനിഷ് ഭാഷ സംസാരിക്കുന്ന ഒരു വൈദികനാണ് സിസ്റ്റ റുമായി സംവദിക്കുന്നതിന് എന്നെ സഹായിച്ചത്. ആ ചുരു ങ്ങിയ സമയത്തെ പരിചയം മുതലാക്കാൻ തന്നെ ഞാനും തീരുമാനിച്ചു. അങ്ങനെ ആ സാക്രിസ്റ്റിയിൽ വച്ചു തന്നെ എന്റെ തീർത്ഥാടനത്തിന്റെ അന്ത്യത്തിൽ നടത്തേണ്ടിയിരുന്ന വി. കുമ്പസാരം എന്ന കൂദാശയ്ക്കായും ഞാൻ അദ്ദേഹത്തെ സമീ പിച്ചു.

നദിയിലിറങ്ങി കുളിച്ച് ശരീരം വെടിപ്പാക്കി ദൈവാലയത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എത്രയോ പ്രധാനപ്പെട്ടതാണ് പാപ ങ്ങൾ കഴുകിക്കളഞ്ഞ് ആത്മശുദ്ധി വരുത്തുന്നത്. തീർത്ഥാ ടകരായി വന്ന രണ്ട് വൈദികർ കൂടി അദ്ദേഹത്തിന്റെയടുത്ത് എനിക്കു ശേഷം കുമ്പസാരിച്ചു.

www.malankaralibrary.com

## യാക്കോബ് ശ്ലീഹായെ ആലിംഗനം ചെയ്യുന്നു

പിറ്റേദിവസം ഞായറാഴ്ചയായിരുന്നു. പതിവിലും താമസിച്ചാണ് അന്ന് ഞാൻ ഉറക്കമുണർന്നത്. നടത്തത്തിന്റെ ആകുലതകളൊന്നുമില്ലാതെ ഒരുപാട് നാളുകൾക്കുശേഷം ഉറക്കമുണർന്ന ദിവസം. എല്ലാം ഓടിനടന്നു കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നുവെങ്കിലും തീർത്ഥാടകന്റെ ബാക്കിവച്ച ചുമതലകൾ നിറവേറ്റുന്നതിനായിരുന്നു എന്റെ പ്രഥമശ്രദ്ധ.

രാവിലെ തന്നെ ദേവാലയത്തിലെത്തി യാക്കോബ് ശ്ലീഹായുടെ കബറിടത്തിലേയ്ക്ക് കയറാനായി നിൽക്കുന്ന തീർത്ഥാടകരുടെ നിരയിൽ ഞാനും സ്ഥാനം പിടിച്ചു. അൾത്താരയുടെ പിന്നിലായി പടികൾ കയറിചെല്ലുന്നത് മധ്യകാലയുഗത്തിൽ നിർമ്മിച്ച യാക്കോബ് ശ്ലീഹായുടെ, അൾത്താരയ്ക്ക് അഭിമുഖമായി കസേരയിലിരിക്കുന്ന ഒരു രൂപത്തിനടുത്തേയ്ക്കാണ്. പിറകിൽ നിന്ന് ശ്ലീഹായെ ആലിംഗനം ചെയ്യുന്നത് തീർത്ഥാടകന്റെ അവകാശമാണ്. ആയിരക്കണക്കിന് ആളുകളുടെ ആലിംഗനം യാതൊരു ഭാവഭേദവുമില്ലാതെ അനുദിനം ശ്ലീഹാ ഏറ്റുവാങ്ങുന്നു. ഞാൻ ആലിംഗനം ചെയ്തുകൊണ്ട് അൽപനേരം അവിടെ നിന്നപ്പോൾ ഒരു കള്ളച്ചിരിയോടെ എന്നെ ഒന്നു തിരിഞ്ഞുനോക്കിയെന്ന് എനിക്ക് സംശയം തോന്നാതിരുന്നില്ല!

ഇവിടെ നിന്നും പടികളിറങ്ങിച്ചെല്ലുന്നത് ഇത്രനാളും ലക്ഷക്കണക്കിനാളുകൾ കാണാനാഗ്രഹിച്ച് മാസങ്ങളോളം പ്രാർത്ഥിച്ച് ലക്ഷ്യം വച്ചുനടന്ന സ്ഥലമാണെന്നു വിശ്വസിക്കുവാൻ പ്രയാസം തോന്നി. സാന്റിയാഗോ കത്തീഡ്രലും, സാന്റിയാഗോ നഗരവും ഈ കബറിടം കേന്ദ്രമാക്കിയാണ് നിർമ്മിച്ചെടുത്തിരിക്കുന്നത്. ജറുസലേമും, റോമും കഴിഞ്ഞാൽ ക്രിസ്ത്യാനികൾക്ക് ഏറ്റവും പ്രിയപ്പെട്ട സ്ഥലമാണ് സാന്റിയാഗോ.

വെള്ളി കൊണ്ടു മൂടിയ ഒരു ചെറിയ പെട്ടിയിൽ കത്തീഡ്രലിലെ പ്രധാന അൾത്താരയുടെ അടിയിലാണ് യാക്കോബ് ശ്ലീഹായുടെ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്നത്. അനേകായിരങ്ങൾ അത്ഭുതകരമായി രോഗസൗഖ്യങ്ങൾ പ്രാപിച്ചിരിക്കുന്ന സ്ഥലമാണിത്. ഈ സാന്നിധ്യമാണ് സ്പെയിനിനെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന മുസ്ലിം അധിനിവേശത്തിൽ നിന്നും രക്ഷിച്ചത്. ഇന്ന് യൂറോപ്പിൽ നിന്നും പതുക്കെ മറയാൻ

www.malankaralibrary.com

ശ്രമിക്കുന്ന ക്രിസ്ത്യൻ സംസ്കാരത്തെ പിടിച്ചുനിർത്താൻ സഹായിക്കുന്ന അത്ഭുതകരമായ ഒരു സാന്നിധ്യമാണ് ഇവിടെ നിലനിൽക്കുന്നത്. അവിടെയുണ്ടായിരുന്ന ഒരു ചെറിയ കമ്പി വേലിക്കു മുമ്പിൽ മുട്ടുകുത്തി, ദൈവാനുഗ്രഹത്തിനായി ഞാനും പ്രാർത്ഥിച്ചു. യാക്കോബ് ശ്ലീഹായെപ്പോലെ എനിക്കും യേശുവുമായുള്ള ആഴമായ വ്യക്തിബന്ധത്തിൽ വളരുന്നതിനു വേണ്ടിയായിരുന്നു എന്റെ പ്രാർത്ഥന.

തീർത്ഥാടകരുടെ ബാഹുല്യം നിമിത്തം അധികസമയം അവിടെ പ്രാർത്ഥിച്ചു നിൽക്കാൻ സാധിക്കുമായിരുന്നില്ല. അവിടെ നിന്നും സാവധാനം അടുത്ത ഒരു ചെറിയ ചാപ്പലിലേയ്ക്ക് ഞാൻ കയറി. ഇത്തരത്തിലുള്ള 19 ചെറിയ ചാപ്പലുകൾ കത്തീഡ്രൽ ദൈവാലയത്തിലുണ്ട്. അവയിൽ ചിലതൊക്കെ ഇപ്പോഴത്തെ കത്തീഡ്രൽ പണിയുന്നതിനും മുമ്പേ അവിടെ നിലനിന്നിരുന്നതാണ്. ഞാൻ കയറിയ ചാപ്പൽ 8-ാം നൂറ്റാണ്ടിൽ പണികഴിപ്പിച്ചതാണ്. ഇവിടെയുള്ള ഗദ്സമേൻ തോട്ടത്തിലിരുന്നു പ്രാർത്ഥിക്കുന്ന യേശുവിന്റെ മുമ്പിൽ പ്രാർത്ഥനാ നിയോഗങ്ങൾ എഴുതിയിടാനുള്ള ഒരു ബക്കറ്റ് വച്ചിട്ടുണ്ട്. മറ്റാരും വായിക്കാതെ, യേശുവിനു മാത്രം വായിക്കാനായി മലയാളത്തിൽ ചില പ്രാർത്ഥനാ നിയോഗങ്ങൾ ഞാനും എഴുതിയിട്ടു.

## ലോകത്തിലെ ഏറ്റവും വലിയ ധൂപക്കുറ്റി

രാവിലത്തെ പത്തു മണിയുടെ, തീർത്ഥാടകർക്കു വേണ്ടിയുള്ള പ്രത്യേക കുർബാനയ്ക്ക് പള്ളി നിറഞ്ഞുകവിഞ്ഞ് ആളുകളുണ്ടായിരുന്നു. ശനിയാഴ്ച വൈകുന്നേരത്തെ കുർബാനയിലെപ്പോലെ ഇംഗ്ലീഷിലുള്ള പ്രാർത്ഥനകളെല്ലാം എനിക്ക് ലഭിക്കുകയും പ്രധാന കാർമ്മികന്റെ അടുത്ത് അൾത്താരയിൽ നിന്ന് കുർബാന ചൊല്ലാനുള്ള ഭാഗ്യവും എനിക്കുണ്ടായി. അന്നത്തെ കുർബാനയുടെ ഏറ്റവും വലിയ പ്രത്യേകത സാന്റിയാഗോ കത്തീഡ്രലിൽ മാത്രമുള്ള പ്രത്യേക ധൂപാർപ്പണമായിരുന്നു. 'ധൂപം വയ്ക്കുക' എന്നർത്ഥം വരുന്ന 'ബോത്താ ഫ്യൂമേറോ' (Botafumeiro - smoke expeller) എന്നാണ് അത് അറിയപ്പെടുന്നത്.

80 കിലോ തൂക്കം വരുന്ന ഈ ധൂപക്കുറ്റിയുടെ ഉയരം 1.60

www.malankaralibrary.com

മീറ്ററാണ്. വലിയ മൺവെട്ടി പോലുള്ള കോരി ഉപയോഗിച്ച് ഏകദേശം 40 കിലോ കരി അതിലിട്ട് ഉപയോഗിക്കുന്നു. ചുവപ്പ് വസ്ത്രം ധരിച്ച പ്രത്യേക പരിശീലനം ലഭിച്ച 8 ശുശ്രൂഷക രാണ് കത്തീഡ്രൽ ദേവാലയത്തിന്റെ മധ്യഭാഗത്തായി മുക ളിൽ നിന്നു തൂക്കിയിട്ടിരിക്കുന്ന കയർ വലിച്ച് അത് ചലിപ്പി ക്കുന്നത്. 'ധൂപക്കുറ്റിവാഹകർ' (Tiraboleiro) എന്നറിയപ്പെടുന്ന ഇവർ ദേവാലയത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ എത്തുന്ന രീതിയിൽ മധ്യഭാഗത്തു നിന്നും ഇതു വലിക്കുന്നു. അത് പൂർ ണ്ണവേഗതയിൽ എത്തുമ്പോൾ ഏകദേശം 80 സെക്കന്റുകൾ കൊണ്ട് 68 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കുന്നു.

അൽപം ഭയത്തോടും അതിനേക്കാൾ ഭക്തിയോടുമാണ് അൾത്താരയുടെ പിന്നിലിരുന്നു കൊണ്ട് ഞാൻ അത് വീക്ഷി ച്ചത്. മധ്യകാല യുഗത്തിൽ തീർത്ഥാടകരുടെ ശരീരത്തിൽ നിന്നും വസ്ത്രങ്ങളിൽ നിന്നുമൊക്കെ വമിച്ചിരുന്ന രൂക്ഷ മായ ഗന്ധത്തെ പ്രതിരോധിക്കാനുള്ള ഒരു മാർഗ്ഗമായിരുന്നു ഇത്. പിന്നീട് അത് പാരമ്പര്യമായിത്തീർന്നതാണ്. ഈ അടു ത്തകാലത്ത് സുരക്ഷിതത്വ കാരണങ്ങളാൽ സാന്റിയാഗോ നഗരസഭയുമായി ചില പ്രശ്നങ്ങൾ ഉണ്ടായതായി പറയപ്പെ ടുന്നു. (Botafumeiro എന്ന് Youtube-ൽ നോക്കിയാൽ ഇത് നേരിട്ട് കാണാവുന്നതാണ്). സഭാ കലണ്ടറിലെ പ്രധാന തിരു നാളുകളിലും സാന്റിയാഗോയിലെ വിശേഷദിവസങ്ങളിലും മാത്രമാണ് സാധാരണഗതിയിൽ ഈ ധൂപക്കുറ്റി ഇപ്പോൾ വീശുന്നത്. ഇതിന്റെ ചിലവിലേയ്ക്കായി 450 യൂറോ അടച്ച് വിശ്വാസികൾ ആരെങ്കിലും ആവശ്യപ്പെടുന്ന സമയത്തും ഇത് കാണാനുള്ള ഭാഗ്യം മറ്റുള്ളവർക്ക് ലഭിക്കുന്നു.

ദിവസങ്ങളോളം കൂടെ നടക്കുകയും വഴിയിൽ വച്ച് കണ്ടു മുട്ടുകയും ചെയ്ത പല തീർത്ഥാടകർക്കും ഞാൻ അവിടെ കുർബാന ചൊല്ലുന്നതു കണ്ടപ്പോൾ വലിയ സന്തോഷമാ യിരുന്നു. ചിലരൊക്കെ തലയിൽ കൈ വച്ചു പ്രാർത്ഥിക്കാൻ എന്നോടാവശ്യപ്പെടുകയും ചെയ്തു. അവിടെ നിന്നും ഞാൻ നേരെ പോയത് തീർത്ഥാടകരുടെ ഓഫീസിലേയ്ക്കാണ്. അപ്പോൾ തന്നെ അവിടെ നീണ്ട നിര രൂപപ്പെട്ടിരുന്നു. യാത്ര യുടെ ആരംഭം മുതൽ അവസാനം വരെയുള്ള താമസസ്ഥങ്ങ ളിൽ നിന്നുള്ള സീൽ പതിപ്പിച്ച 'തീർത്ഥാടന പാസ്പോർട്ട്'

www.malankaralibrary.com

കാണിക്കുമ്പോൾ ഒരു തീർത്ഥാടന രേഖ (Certificate) നമുക്ക് തരുന്നു. ആയിരം വർഷമായി നൽകിവരുന്ന ഈ രേഖ, ലത്തീൻ ഭാഷയിലാണ് എഴുതിയിരിക്കുന്നത്. മൂന്ന് യൂറോ കൊടുത്താൽ ഇംഗ്ലീഷ് ഭാഷയിലും മറ്റൊരു തീർത്ഥാടന രേഖ തരും. യാത്ര തുടങ്ങിയ സ്ഥലവും നടന്ന ദൂരവും അതിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. കുറഞ്ഞത് നൂറ് കിലോമീറ്റർ എങ്കിലും നടക്കുന്നവർക്കേ ഇത്തരത്തിലുള്ള രേഖയ്ക്ക് അവകാശമുണ്ടായിരുന്നുള്ളു.

## എളിമയ്ക്കായുള്ള എന്റെ പ്രാർത്ഥന

ഒരു തീർത്ഥാടകനുണ്ടായിരിക്കേണ്ട ഏറ്റം വലിയ പുണ്യങ്ങളിലൊന്നാണ് എളിമ. തീർത്ഥാടനത്തിന്റെ അവസാനം 'വലിയൊരു തീർത്ഥാടനം' നടത്തി എന്ന അഹംഭാവം ഉണ്ടാവാം. അതിനെ തീർത്ഥാടന പുസ്തകങ്ങളിൽ 'തീർത്ഥാടകന്റെ ഗർവ്വ്' (Pilgrim's Pride) എന്നാണ് വിളിക്കുന്നത്. തീർത്ഥാടന ഓഫീസിൽ നിന്നും കത്തീഡ്രൽ ദൈവാലയത്തിന്റെ മുമ്പിലെത്തി എളിമ എന്ന പുണ്യത്തിനായി ഞാൻ പ്രാർത്ഥിച്ചു.

ദൈവമേ, ഞാനങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു. അങ്ങയെക്കുറിച്ചുള്ള ചിന്തകളിൽ ഞാൻ അലിയട്ടെ. എന്റെ ശ്വാസ-നിശ്വാസങ്ങളിൽ അവിടുന്ന് നിറയട്ടെ. അഹങ്കാരത്തിന്റെ അംശങ്ങൾ എന്നിൽ നിന്നകലട്ടെ. എളിമയിൽ അന്യരെ ഞാൻ കരുതട്ടെ. കരുണയും സ്നേഹവും വിശുദ്ധിയും എന്നിൽ നിറയാനും എന്റെ തുടർ ജീവിത-തീർത്ഥാടനങ്ങളിൽ അവിടുത്തെ കരം ഗ്രസിച്ച് അഹങ്കാരത്തിന്റെ അംശങ്ങളില്ലാതെ എളിമയോടെ, ദൈവസ്നേഹത്തോടെ വ്യാപരിക്കുന്നതിന് അവിടുത്തെ അനുഗ്രഹം എന്നും എനിക്കുണ്ടാകേണമേ. ആമ്മേൻ.

www.malankaralibrary.com

11

# തീർത്ഥാടനം ഭൂമിയുടെ അതിർത്തിയിൽ അവസാനിക്കുന്നു

മദ്ധ്യകാലയുഗത്തിലെ സാന്റിയാഗോ തീർത്ഥാടനങ്ങളിൽ മൂന്നിലൊന്നും ഫിനിസ്തേർ (Finisterra) എന്ന ചെറുപട്ടണത്തിലാണ് അവസാനിച്ചിരുന്നത്. അന്റ്ലാന്റിക് സമുദ്രത്തോട് ചേർന്നു കിടക്കുന്ന ഈ ഭൂപ്രദേശമാണ് ലോകത്തിന്റെ അതിർത്തി എന്ന് അക്കാലത്ത് ജനങ്ങൾ വിശ്വസിച്ചിരുന്നതിനാൽ സാന്റിയാഗോ തീർത്ഥാടനം ലോകത്തിന്റെ അതിർത്തിയിൽ വരെ എത്തിയെങ്കിലേ പൂർണ്ണമാവൂ എന്ന് പല തീർത്ഥാടകരും കരുതിയിരുന്നു. ഫിനിസ്തേർ (*finis terrae*) എന്ന വാക്കിന്റെ അർത്ഥം തന്നെ 'ഭൂമിയുടെ അതിർത്തി' (End of the Earth) എന്നാണ്. തിരയും തീരവും നിത്യവും ആലിംഗനത്തിലായിരിക്കുന്ന ഇവിടെയാണ് ഭൂമി അവസാനിക്കുന്നതും സമുദ്രം ആരംഭിക്കുന്നതും. അതിന്റെ കാണാമറയത്താണ് സൂര്യൻ എന്നും അസ്തമിക്കുന്നതും.

കത്തീഡ്രൽ ദൈവാലയത്തിലെ പുണ്യകർമ്മങ്ങളെല്ലാം അനുഷ്ഠിച്ചതിനു ശേഷം, രണ്ടാം തീർത്ഥാടനത്തിന്റെ അന്ത്യത്തിൽ ലഭിച്ച അധിക ദിവസ

www.malankaralibrary.com

ങ്ങൾ ഫിനിസ്തേറിൽ ചിലവഴിക്കാൻ ഞാൻ തീരുമാനിച്ചു. എന്റെ ഇറ്റലിക്കാരനായ തീർത്ഥാടന സുഹൃത്ത് ജാംപൗളോ, ഭാര്യയുടെ പെട്ടെന്നുള്ള മരണം മൂലം തിരികെ പോയപ്പോൾ പുതുതായി രണ്ട് സുഹൃത്തുക്കളെ എനിക്ക് ലഭിച്ചു. ലിത്വാനിയായിൽ (Lithuania) നിന്നുള്ള ഡൊമിനി ക്കാസും അദ്ദേഹത്തിന്റെ ഭാര്യ കമില്ലയും. ഡൊമിനിക്കാസ് സൈന്യത്തിലെ മേജറും, കമില്ല അവിടെയൊരു യൂണിവേഴ്സിറ്റിയിലെ സൈക്യാട്രി പ്രൊഫസറുമാണ്. അവരെ പരിചയപ്പെട്ടത് സൗഹൃദത്തോടൊപ്പം ആ രാജ്യത്തിന്റെ ചില നല്ല സാംസ്കാരിക പൈതൃകങ്ങൾ പഠിക്കുന്നതിനും എന്നെ സഹായിച്ചു. ഞങ്ങൾ മൂന്നു പേരും സാന്റിയാഗോയിൽ നിന്ന് ബസിലാണ് ഫിനിസേ്തറിൽ എത്തിയത്. ഏകദേശം 90 കിലോമീറ്റർ ദൈർഘ്യമുള്ള ഈ യാത്രയ്ക്ക് രണ്ട് മണിക്കൂർ സമയമെടുത്തു.

ഞങ്ങൾ താമസിച്ചിരുന്ന, സത്രത്തിൽ നിന്നും അഞ്ച് കിലോമീറ്റർ ദൂരത്തിലുള്ള മുനമ്പിലേയ്ക്ക് സമുദ്രതീരത്തു കൂടിയുള്ള നടത്തം ആയാസരഹിതവും എന്നാൽ ആനന്ദപ്രദവുമായിരുന്നു. മലകളാൽ ചുറ്റപ്പെട്ട ആ പ്രദേശത്തെ കാഴ്ചകൾ വന്യവും നാടകീയവുമായിരുന്നു. കടൽത്തീരത്തോടു ചേർന്നു നിൽക്കുന്ന മലയിടുക്കുകളിൽ ഇടതൂർന്നു വളരുന്ന യൂക്കാലിയുടെയും പൈൻമരങ്ങളുടെയും മനംമയക്കുന്ന ഗന്ധം, കടയിൽ നിന്നും വലിയ വിലകൊടുത്തു വാങ്ങുന്ന സുഗന്ധ ദ്രവ്യങ്ങളെക്കാൾ സൗരഭ്യമുള്ളതായിരുന്നു. കടലിൽ നിന്നു വന്ന തണുത്ത കാറ്റും  മലയിൽ നിന്നും വന്ന സുഗന്ധ കാറ്റും ആ വഴിയിൽ നിന്നു കിന്നാരം പറഞ്ഞ് പിരിഞ്ഞുപോകുന്നതിന്റെ നേർത്ത സ്വരം ഞങ്ങളുടെ കാതുകളിലുമെത്തി.

സാന്റിയാഗോയിലെപ്പോലെ തന്നെ ഇവിടെയും തീർത്ഥാടകർ അനുഷ്ഠിച്ചിരുന്ന ഒരുപാട് കർമ്മങ്ങളുണ്ടായിരുന്നു. ഫിനിസ്റ്റേർ കടൽത്തീരത്തുള്ള പാറക്കൂട്ടങ്ങളിൽ തീ കൂട്ടി തീർത്ഥാടനത്തിനുപയോഗിച്ച മുഷിഞ്ഞ വസ്ത്രങ്ങൾ കത്തിച്ചു കളയുന്ന പാരമ്പര്യം ഈ അടുത്ത കാലം വരെയും നിലനിന്നിരുന്നു. പ്രപഞ്ചത്തിലെ മൂലപദാർത്ഥങ്ങളായ ഭൂമിയും, ജലവും, വായുവും, അഗ്നിയും (ഇന്ത്യൻ ചിന്തയനുസരിച്ച് ആകാശവും) ഇവിടെ ഒന്നിക്കുന്നു. തീർത്ഥാടനത്തിന്റെ

www.malankaralibrary.com

അവസാനം തീർത്ഥാടകൻ തന്നിലുള്ള തിന്മയുടെ വാസനകളെല്ലാം കത്തിച്ചുകളഞ്ഞ് അഗ്നിയാൽ ശുദ്ധീകരിക്കപ്പെട്ട് തിരികെ പോകുന്നതിന്റെ അടയാളമായിട്ടാണ് ഈ ആചാരം അനുഷ്ഠിച്ചിരുന്നത്. ഈ ആചാരത്തിന് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ഇന്ന് പലരും, അവിടെ സ്ഥാപിച്ചിരിക്കുന്ന വലിയ തൂണുകളിൽ തങ്ങളുടെ വസ്ത്രങ്ങളും, ഷൂസുമൊക്കെ വച്ചിട്ട് പോകാറുണ്ട്. ഏതോ മലയടിവാരത്തിൽ നിന്നുമെടുത്ത് പോക്കറ്റിലിട്ട, കളയാൻ മറന്നുപോയ ചെറിയ പാറക്ഷണം ഒരു നേർച്ചയായി അവിടെയുണ്ടായിരുന്ന കുരിശിൻ ചുവട്ടിൽ ഞാൻ നിക്ഷേപിച്ചു. അതുവരെ കൊണ്ടുനടന്ന ദുഃഖങ്ങളും വേദനകളുമൊക്കെ അതോടൊപ്പം പോകട്ടെയെന്ന് ഞാനും പ്രാർത്ഥിച്ചു.

തീർത്ഥാടന യാത്രയുടെ ആരംഭത്തിൽ പറഞ്ഞ 'വഴി' (The Way) എന്ന സിനിമയിലെ പ്രധാന കഥാപാത്രമായ മാർട്ടിൻ ഷീൻ, തന്റെ മകന്റെ ചിതാഭസ്മം ഇവിടെ കൊണ്ടുവന്നാണ് കടലിലൊഴുക്കി പ്രാർത്ഥിച്ചു മടങ്ങിയത്. ഇങ്ങനെ ചെയ്യുന്ന മറ്റനേകം തീർത്ഥാടകരെയും ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. എന്റെ പാപങ്ങളും, ദുഷ്തഴക്കങ്ങളും കത്തിച്ച് കടലിൽ ഉപേക്ഷിച്ച് ശുദ്ധീകരിക്കപ്പെട്ടവനായി മടങ്ങിപ്പോകാൻ ഞാനും ആഗ്രഹിച്ചു.

തിരമാലകളൊന്നുമില്ലാതെ ശാന്തമായി ഉറങ്ങുന്ന ആ കടൽത്തീരത്തെ പാറക്കല്ലിൽ കയറി അനന്തതയിൽ കണ്ണുംനട്ട് ഞാനവിടെ കുറേനേരം വെറുതെയിരുന്നു. അസ്തമയ സൂര്യൻ സമുദ്രനിരപ്പിൽ മനോഹരചിത്രങ്ങൾ വരയ്ക്കുന്ന തിരക്കിലായിരുന്നു. ചിത്രകലയുടെ ദേവതയായ അഥീന (Athena), ആകാശം തന്റെ ക്യാൻവാസാക്കി മാറ്റി മനുഷ്യർക്കു വേണ്ടി സ്വർഗ്ഗത്തിലെ ദൃശ്യങ്ങൾ വരയ്ക്കുന്നു. ആ ദേവതയോട് മത്സരിക്കാനെന്നവണ്ണം പാറക്കൂട്ടത്തിലെ ചെടികൾക്കിടയിൽ ചാടിക്കളിക്കുന്ന ചിലന്തിയും ചെറിയ വലകൾ കെട്ടി ചിത്രങ്ങൾ വരച്ചുകൊണ്ടേയിരുന്നു.

## തീർത്ഥാടനം: ഒരു വിലയിരുത്തൽ

പകർത്താൻ പറ്റാത്തവിധം അലൗകികാനുഭൂതി നിറഞ്ഞ ആ അന്തരീക്ഷത്തിൽ ആ പാറക്കൂട്ടങ്ങൾക്കിടയിലെ കൽക്കു

www.malankaralibrary.com

രിശിന്റെ മുമ്പിലിരുന്ന് ഒരു തീർത്ഥാടകന്റെ ജീവിതത്തിൽ നിന്നും സാധാരണ ജീവിതത്തിലേയ്ക്കുള്ള മടക്കത്തിന് തയ്യാറെടുത്തു കൊണ്ട് ഞാൻ എന്റെ തീർത്ഥാടനത്തെ വിശ കലന വിധേയമാക്കി. ക്രിസ്തീയ തീർത്ഥാടനത്തിന്റെ ആഴവും അർത്ഥവുമടങ്ങിയിരിക്കുന്നത് ഭൂമിശാസ്ത്രത്തിലല്ല, ദൈവ ശാസ്ത്രത്തിലാണ്. ഏതെങ്കിലുമൊരു വഴിയിലൂടെ നടക്കുക എന്നതിനേക്കാൾ എന്റെ തീർത്ഥാടനം യാക്കോബിന്റെ വഴി യിലൂടെ യേശുവിനോടൊത്ത്, യേശുവിലായിരുന്നു. എന്റെ വഴിയും, യാക്കോബിന്റെ വഴിയും യേശുവാകുന്ന വഴിയിൽ ഒരിക്കൽക്കൂടി കണ്ടുമുട്ടുന്ന അനുഭവം.

ഗ്രീക്ക് ദേവനായ അപ്പോളോയുടെ അൾത്താരയിൽ പ്രാർ ത്ഥിച്ച്, ഭാവി അറിയാനായി ചെല്ലുന്നവരെ കാത്തിരിക്കുന്ന വചനമായിരുന്നു ‘സ്വയം അറിയുക’ (Know Thyself) എന്നത്. എന്റെ തീർത്ഥാടനത്തിലൂടെ ദൈവത്തെ കൂടുതൽ അറി യാൻ ശ്രമിക്കുന്തോറും എന്നെത്തന്നെ ഞാൻ അറിയുകയാ യിരുന്നു. യാക്കോബ് ശ്ലീഹായുടെ കബറിലെത്തുമ്പോൾ ശ്ലീഹാ, എനിക്കു വേണ്ടി എന്തെങ്കിലുമൊക്കെ അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്നു കരുതി യാത്ര ആരംഭിച്ച എന്റെ തീർ ത്ഥാടന പാത തന്നെ അത്ഭുതങ്ങളുടെ അനുഭവമാക്കി മാറ്റു കയാണ് ശ്ലീഹ ചെയ്തത്. കാരണം, യാത്രയുടെ അന്ത്യത്തിൽ, ആരംഭിച്ചതിൽ നിന്നും വ്യത്യസ്തനായ ഒരു മനുഷ്യനായി ഞാൻ മാറിക്കഴിഞ്ഞിരുന്നു. ഓരോ ദിവസവും എഴുന്നേറ്റു നട ക്കുക എന്ന അത്ഭുതത്തോടൊപ്പം, ഞാൻ നടന്ന വഴി തന്നെ എന്നെ രൂപപ്പെടുത്തിക്കൊണ്ടിരുന്നു.

എന്റെ ജീവിതത്തിൽ വലിയ ശാന്തത അനുഭവപ്പെട്ട ദിന ങ്ങളായിരുന്നു സാന്റിയാഗോ തീർത്ഥാടനം. നടന്നുപോയ ചില കാടകങ്ങളും, കാനനപാതകളും, കടൽത്തീരവും എന്നിൽ വലിയ പ്രശാന്തത നിറച്ചു. അവിടയൊക്കെ ഞാൻ പലപ്പോഴും കേട്ട ഒരേയൊരു ശബ്ദം എന്റെ ചവിട്ടടികളുടേതു മാത്രമാ യിരുന്നു. മണിക്കൂറുകളോളം നീണ്ട നിശബ്ദത എന്റെ ചിന്ത കളെ ആഴപ്പെടുത്താനും, പ്രാർത്ഥനകളെ പാകപ്പെടുത്താനും എന്നെ സഹായിച്ചു. ദൈവം ശാന്തതയുടെ സ്നേഹിതനാ ണെന്നും, ഞാൻ എന്റെ മനസ്സിനെ ശാന്തമാക്കിയപ്പോഴാണ് ദൈവം എന്നോട് സംസാരിക്കുന്നുണ്ടെന്നും ഞാൻ തിരിച്ച

www.malankaralibrary.com

റിഞ്ഞത്. നിശബ്ദതയിൽ വളരുന്ന മരങ്ങളും, പൂക്കളും, പുൽച്ചെടികളും നിരന്തരമായി എന്നോട് സംസാരിച്ചു കൊണ്ടേയിരുന്നു.

ഒരു തീർത്ഥാടകൻ, വഴിയിലൂടെ ഏകാകിയായി നടക്കുക മാത്രമല്ല, ആ വഴിയെ തന്റെ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുവാൻ അനുവദിക്കുക കൂടി ചെയ്യുന്നവനാണ്. റോമൻ ചക്രവർത്തിമാരായിരുന്ന സീസറും, ഷാർളമൈനും, ഫ്രഞ്ച് ചക്രവർത്തിയായിരുന്ന നെപ്പോളിയനും യുദ്ധം ചെയ്യാനായി നടന്ന വഴിയാണിത്. അതുപോലെ തന്നെ നൂറ്റാണ്ടുകളായി സെന്റ് ഫ്രാൻസിസ് അസീസ്സി ഉൾപ്പെടെയുള്ള വിശുദ്ധർ നടന്ന വഴിയും. എല്ലാ തീർത്ഥാടനങ്ങളും കണ്ടുപിടുത്തങ്ങളുടെയും അതിനേക്കാളുപരിയായി കണ്ടെത്തലുകളുടെയും സമയമാണ്.

ഒരുവന് തന്റെ ശരീരത്തെക്കുറിച്ചും അതിന്റെ ബലഹീനതകളെക്കുറിച്ചും പഠിക്കുവാനുള്ള സമയമാണ് തീർത്ഥാടനം. തീർത്ഥാടനം ഒരിക്കലും ഒരു സാഹസികയാത്രയല്ല, അതിലെ വേദനയും സഹനവുമൊക്കെ ആത്മീയാനുഭവങ്ങളാണ്. ബലഹീനമായ ശരീരം നമ്മൾ അറിയുന്നതിലുമധികമായി ശക്തി പ്രാപിക്കുന്ന അവസ്ഥയിലേയ്ക്ക് തീർത്ഥാടനത്തിന്റെ അന്ത്യത്തിൽ എത്തിച്ചേരുന്നു. മനസ്സിന്റെ മാത്രമല്ല, ശരീരത്തിലെ ദുർമേദസ്സും തീർത്ഥാടനം എടുത്തുമാറ്റും. എന്റെ വേദനകളെ കർത്താവിന്റെ കുരിശിനോട് ചേർത്തുവച്ച് ആത്മീയസൗഖ്യത്തിന്റെ ആനന്ദം അനുഭവിക്കാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്.

ലാളിത്യത്തിന്റെ ഒരുപാട് പാഠങ്ങൾ പഠിപ്പിക്കുന്ന സ്കൂളാണ് തീർത്ഥാടനം. ഒരു ജോഡി വസ്ത്രം കൊണ്ട് ഒരു മാസം ജീവിക്കുന്നത് തീർത്ഥാടനത്തിൽ മാത്രം നടക്കുന്ന കാര്യമാണ്. കൂടുതലായി കരുതുന്നതെന്തും യാത്രയെ ദുഷ്ക്കരമാക്കാനേ ഉപകരിക്കൂ. ഒരുപാട് ഉണ്ടായിരുന്നതിനേക്കാൾ ശ്രേഷ്ഠമാണ് അധികമൊന്നും ഇല്ലാത്തവനായി ജീവിച്ച് എല്ലാം ഉള്ളവനായ ദൈവത്തെ പ്രാപിക്കുകയെന്നത്.

താമസിക്കേണ്ട സത്രങ്ങ ളിൽ മുൻക്കൂട്ടി ബുക്ക് ചെയ്യാതെയായിരുന്നു ഞങ്ങളുടെ യാത്ര. എന്നാൽ, ഒരിക്കൽ മാത്രമേ ഞങ്ങൾ താമസിക്കാൻ ആഗ്രഹിച്ച ഗ്രാമത്തിലെ സത്രത്തിൽ

www.malankaralibrary.com
സ്ഥലം തികയാതെ അടുത്ത ഗ്രാമത്തിലേയ്ക്ക് നടക്കേണ്ടതായി വന്നിട്ടുള്ളൂ. തീർത്ഥാടകൻ ദാരിദ്ര്യം അഭ്യസിച്ച് ആത്മീയ പുണ്യം സമ്പാദിക്കേണ്ടവനാണ്. പണ്ടുകാലങ്ങളിൽ സമ്പന്നരായ തീർത്ഥാടകർ തങ്ങളുടെ സ്വത്തുക്കൾ പാവങ്ങൾക്ക് ദാനം ചെയ്തിട്ടാണ് തീർത്ഥാടനത്തിനു ഇറങ്ങിത്തിരിച്ചിരുന്നത്. ഉള്ളതുകൊണ്ട് സംതൃപ്തിയോടെ ജീവിക്കുവാനും, ദൈവത്തിൽ സമ്പന്നനാകാനും തീർത്ഥാടകന് കഴിയണം.

പ്രകൃതിസൗന്ദര്യം ആവോളം ആസ്വദിക്കാൻ ലഭിച്ച അസുലഭ നിമിഷങ്ങളായിരുന്നു എന്റെ തീർത്ഥാടനം. ഉദയാസ്തമയ സൂര്യനെ എല്ലാ ദിവസവും ഞാൻ കണ്ടിരുന്നു. ഉദയസൂര്യപ്രഭയുടെ സുവർണ്ണകാന്തി കാണാൻ കൺതുറക്കുന്ന പൂക്കളും, നവോദയത്തിലെ പഞ്ചവർണ്ണക്കിളികളുടെ മധുരനാദവും എന്റെ യാത്രയിലെ നിത്യാനന്ദങ്ങളായി. തീർത്ഥാടനപാതയിലെ കൊച്ചുഗ്രാമങ്ങളിലെ പള്ളിമണികൾ, വലുതായ ദൈവസാന്നിധ്യബോധം എന്നിൽ ഉളവാക്കി. പിരനീസ് പർവ്വതനിരകളിലൂടെ നടന്നപ്പോൾ കൈയ്യെത്തും ദൂരത്ത് മുകളിൽ മേഘങ്ങളും, താഴെയുള്ള മനോഹര സമതലങ്ങളും ദൈവം വരച്ച ചിത്രം പോലെ തേജസുള്ളതായി തോന്നി.

മലമുകളിൽ കൂട്ടമായി നടന്നുനീങ്ങിയ ആട്ടിൻകൂട്ടത്തിന്റെ കഴുത്തിൽ കെട്ടിയിരുന്ന കുഞ്ഞുമണികളുടെ സംഗീതം ഇപ്പോഴും എന്റെ കാതിൽ മുഴങ്ങുന്നുണ്ട്. വനത്തിൽ മന്ദമായി ഒഴുകുന്ന അരുവിയുടെ സൗന്ദര്യം ആസ്വദിച്ച് അവിടുത്തെ കല്ലിലിരുന്ന് ധ്യാനിച്ചപ്പോൾ മുമ്പേ നടന്നുപോയ വിശുദ്ധ തീർത്ഥാടകരുടെ നന്മകൾ എന്നിലേയ്ക്കും പകരണമേ എന്നു ഞാൻ പ്രാർത്ഥിച്ചു. ഒന്നിനും സമയം തികയുന്നില്ലെന്ന് പരാതി പറഞ്ഞു നടന്നിരുന്ന എനിക്ക് തീർത്ഥാടനകാലത്ത് ഒരുപാട് സമയം വെറുതെ ലഭിച്ചു. അങ്ങനെ ഓരോ ദിവസവും എന്റെ കൺമുമ്പിൽ ദൈവം പുതിയ വഴികൾ തുറന്നു കൊണ്ടേയിരുന്നു. ഞാനറിയാത്ത, ഇതുവരെ നടന്നിട്ടില്ലാത്ത വഴികളിലൂടെ ആദ്യമായി നടക്കുമ്പോൾ എനിക്ക് ചിലപ്പോഴൊക്കെ വലിയ ഭയം തോന്നിയിരുന്നു. എന്നാൽ പ്രകൃതിയെ, ആയിരിക്കുന്ന അവസ്ഥയിൽ പ്രണയിക്കാൻ ശ്രമിച്ചപ്പോൾ ഭയം ആത്മധൈര്യത്തിനു വഴിമാറി. ശുദ്ധമായ വായുവും, നയനാനന്ദകരമായ കാഴ്ചകളും എനിക്ക് പുതിയ ഊർജ്ജം പ്രദാനം ചെയ്തുകൊണ്ടിരുന്നു.

www.malankaralibrary.com

എന്റെ തീർത്ഥാടനജീവിതത്തെ സമ്പന്നമാക്കിയത് തീർത്ഥാടനപാതയിൽ കണ്ടുമുട്ടിയ സാധാരണക്കാരായ മനുഷ്യരാണ്. എനിക്കറിയാത്ത ഭാഷകൾ കേൾക്കാനും, ഭാഷയൊന്നുമില്ലാതെ മറ്റുള്ളവരുമായി സംവദിക്കാനും തീർത്ഥാടനം എന്നെ പഠിപ്പിച്ചു. പല തീർത്ഥാടകരും തങ്ങളുടെ 'ജീവിതഭാരം' കൈകാര്യം ചെയ്യുന്നത് എങ്ങനെയെന്ന് എന്നോട് പങ്കുവച്ചു.

മറ്റു പല രാജ്യങ്ങളുടെയും സംസ്ക്കാരവും, ചരിത്രവും മാത്രമല്ല തീർത്ഥാടനപാതയിലെ ഗ്രാമങ്ങളിൽ നിന്നുള്ള കഥകളും, കടങ്കഥകളും ഞാൻ കേട്ടു. തീർത്ഥാടനം എന്റെ അറിവിന്റെ ചക്രവാളം വികസിപ്പിക്കുന്നതിനുള്ള അവസരമായിരുന്നു. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നു വരുന്ന തീർത്ഥാടകർ, തങ്ങളുടെ വഴികൾ കണ്ടെത്തുന്നത് വ്യത്യസ്തങ്ങളായ രീതികളിലായിരുന്നു. എന്റെ മുമ്പിൽ മറ്റുള്ളവരിലൂടെ തുറക്കപ്പെട്ട അറിവിന്റെയും തിരിച്ചറിവിന്റെയും വാതായനങ്ങൾ എന്നെയും മാറ്റങ്ങൾക്ക് വിധേയനാക്കി.

തീർത്ഥാടനത്തിലായിരിക്കുന്നവരെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെയാണ് പരസ്പരം പെരുമാറിയിരുന്നത്. ജീവിതത്തിൽ പലരും തങ്ങളുടെ ആത്മാർത്ഥസുഹൃത്തുക്കളെ കണ്ടെത്തുന്ന വേദിയാണ് തീർത്ഥാടനം. യൂറോപ്പിലെ ദൈവാലയങ്ങളൊക്കെ ശൂന്യമായിക്കൊണ്ടിരിക്കുമ്പോഴും, തീർത്ഥാടനപാതകളൊക്കെ ആളുകളെക്കൊണ്ട് നിറയുകയാണ്. തീർത്ഥാടനം ചിലർക്ക് ദൈവത്തെ കണ്ടെത്താനുള്ള പരിശ്രമമാണ്. മറ്റുചിലർക്ക് സഹജീവികളെ തിരിച്ചറിയാനുള്ള അന്വേഷണമാണ്. വേറെ ചിലർക്ക് സ്വയം കണ്ടെത്തുന്നതിനുള്ള ഗവേഷണമാണ്.

എല്ലാറ്റിലുമുപരി തീർത്ഥാടനം എന്നെ സംബന്ധിച്ച് ഒരു യോഗാത്മദർശന (Mystical) അനുഭവമായിരുന്നു. ഈ യാത്രയിൽ നിന്ന് എന്തെല്ലാം ആത്മീയാനുഭവങ്ങൾ ഉണ്ടാകുന്നുവോ അത് സ്വീകരിക്കുവാൻ ഞാൻ ഒരുക്കമായിരുന്നു. ഞാൻ കൊണ്ടുനടന്ന ചില ജീവിതഭാണ്ഡങ്ങളൊക്കെ തീർത്ഥാടനാനന്തരം ഇറക്കിവയ്ക്കുവാൻ ഞാൻ ശ്രമിച്ചു.

www.malankaralibrary.com

പ്രാർത്ഥന ചൊല്ലി, പ്രാർത്ഥന ശ്വസിച്ച്, പ്രാർത്ഥനയാകാനുള്ള ബോധപൂർവ്വകമായ ഒരു പരിശ്രമവും. ആത്മീയതയിൽ ആഴപ്പെടാനുള്ള ഒരു അവസരവും തീർത്ഥാടനത്തിലൂടെ എനിക്ക് ലഭ്യമായി. മുടങ്ങിപ്പോയതും, മറന്നുപോയതും, ചൊല്ലാതെ പോയതുമായ പ്രാർത്ഥനകൾക്ക് ഈ ദിവസങ്ങളിൽ കൂടുതൽ പ്രാർത്ഥിച്ച് പരിഹാരം ചെയ്തു. പുതിയ പ്രാർത്ഥനകൾ കണ്ടെത്താനുള്ള പരിശ്രമത്തോടൊപ്പം പ്രാർത്ഥിക്കാമെന്ന് പലരോടും വാഗ്ദാനം ചെയ്തിട്ട് പ്രാർത്ഥിക്കാതെ പോയ നിമിഷങ്ങൾക്കും ഞാൻ പ്രതിവിധി ചെയ്തു. അങ്ങനെ എന്നെ ഒരുപാട് സ്നേഹിക്കുന്ന ദൈവത്തിന്, എന്റെ ജീവിതത്തെ മാറ്റിമറിക്കാൻ ഞാൻ വിട്ടുകൊടുത്തു.

തീർത്ഥാടനം ആത്മീയവും ശാരീരികവുമായ രോഗങ്ങൾക്കുള്ള മരുന്ന് കൂടിയാണ്. യാക്കോബിന്റെ കബറിടം ലക്ഷ്യമാക്കിയുള്ള യാത്രയിൽ അനേകം വിശുദ്ധരെ കണ്ടെത്താൻ സാധിക്കും. ദൈവാനുഭവങ്ങളിലേയ്ക്ക് നമ്മെ നയിക്കുന്ന അനേകം അനുഭങ്ങളുണ്ടാകും. മുമ്പോട്ടുള്ള യാത്രയിൽ എന്ത് സംഭവിക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ ഓരോ ദിവസവും അനിശ്ചിതത്തെ ആലിംഗനം ചെയ്യുന്ന തീർത്ഥാടകൻ, തീർത്ഥാടനാനന്തരം ജീവിതയാത്രയിലുണ്ടാവുന്ന സഹനങ്ങളെ സഹിഷ്ണുതയോടെ ഏറ്റെടുക്കാൻ പഠിക്കും.

എന്റെ തീർത്ഥാടനലക്ഷ്യങ്ങളിലൊന്നായിരുന്നു ആത്മപ്രശംസയുടെ അംശങ്ങളില്ലാതെ തീർത്ഥാടനാനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നത്. തീർത്ഥാടനം പോലെ തന്നെ വേദനയുടെ അംശങ്ങൾ, എഴുതുന്നതിലും ഉണ്ടായിട്ടുണ്ട്. തീർത്ഥാടനം നടത്തിയതിന്റെ യഥാർത്ഥ പ്രയോജനം, അതിനുശേഷം തീർത്ഥാടകന്റെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുമ്പോഴാണ്. ഈ തീർത്ഥാടനങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ കർമ്മങ്ങളായിരുന്നു. ജീവിതത്തിലെ ഏതു കാര്യം പോലെയും, ആരംഭിക്കാൻ പ്രയാസമുള്ളതും എന്നാൽ, ഒരിക്കൽ തുടങ്ങിയാൽ 'one step in front of another' എന്ന രീതിയിൽ പോകുന്നതാണ് എല്ലാ തീർത്ഥാടനവും. ഈ യാത്രയിൽ നിന്നു ലഭിക്കാവുന്ന നന്മകളൊക്കെയും ഞാൻ ഇരു കൈകളും നീട്ടി സ്വീകരിച്ചു. അങ്ങനെ

www.malankaralibrary.com

എന്റെ ശൂന്യതകളിലൊക്കെയും എന്റെ ദൈവം വന്നു നിറയണമെന്ന് ഞാൻ ആഗ്രഹിച്ചു, പ്രാർത്ഥിച്ചു.

ഈ ചെറിയ പ്രാർത്ഥനയോടു കൂടി ഈ നീണ്ട തീർത്ഥാടന വിവരണം അവസാനിപ്പിക്കുന്നു.

## നിത്യയാത്ര

എന്നുടെ പാതയിൽ മിന്നും വെളിച്ചമായ്
എന്നും ഉദിച്ചിടും യേശുവാം ദൈവമേ,
ഒരുപാടു നടന്നിട്ടും എങ്ങുമെത്താത്ത
എന്നുടെ പാതയെ സ്വർഗ്ഗത്തിലെത്തിക്ക

എൻ കാൽചുവട്ടിലെ പൊടിപടലങ്ങളും
എൻ പാത മൂടുന്ന മുള്ളിൻ ചെടികളും
മാറിമറയുന്ന ഇന്ദ്രിയ സുഖങ്ങളും
കവിളിലൂടൊഴുകുന്ന കണ്ണീർക്കണങ്ങളും
ഏറ്റെടുത്തെന്നെ നീ അനുഗ്രഹിച്ചാലും.

വഴിമാറി നടന്നിടും മനുഷ്യജന്മങ്ങളെ
നേരായ പാതയിലെത്തിക്കുമല്ലോ നീ
കരം നീട്ടിത്തന്നെന്നെ ഇടറാതെ കാക്കണേ
വീഴുന്നനേരത്തു കോരിയെടുക്കണേ

ഭൂമിയിലുള്ളയെൻ പ്രവാസ നാളെല്ലാം
നിൻ കാലടികൾ എൻ മാതൃകയാവട്ടെ
നീയാം വഴിയിലൂടായ് മാത്രം ഞാൻ ചരിക്കട്ടെ
അവസാന കാഹളനാദം കാതിൽ മുഴങ്ങുമ്പോൾ
എൻ പാത സ്വർഗ്ഗത്തിനുള്ളിൽ പ്രവേശിക്കട്ടെ.

കാഴ്ചയും ഉൾക്കാഴ്ചയുമായെന്റെ കണ്ണുതുറക്കട്ടെ
എന്നിലെ രൂപത്തിലേശു നിറയട്ടെ
സുകൃതത്തിൻ പാതയിൽ
നിത്യം ഞാൻ ചരിക്കട്ടെ

ഒരു കൊച്ചു മെഴുതിരി നാളമായ് ജ്വലിക്കട്ടെ
തളരുന്ന സഹയാത്രികർക്കെൻ കരം നൽകട്ടെ
തമസിൻ വഴികളിൽ ഞാൻ അകപ്പെടും നേരത്ത്
സ്വർഗ്ഗത്തിൻ വെളിച്ചമെൻ പാതയിൽ പതിയട്ടെ.

www.malankaralibrary.com

ഇന്നിന്റെ വൈഷമ്യം പാതിയാക്കീടണേ
നാളത്തെ സന്തോഷം വർദ്ധിതമാക്കണേ
തളരുന്ന പാതയിൽ നീ തണൽ മരമാകണേ
സന്തപ്തനാകുമ്പോൾ സാന്ത്വനമേകണേ

കാവൽ മാലാഖതൻ കരുതലുണ്ടാകണേ
എന്റെ കാലൊച്ച നിലയ്ക്കുന്ന നേരത്ത്
സ്വർഗ്ഗത്തിൻ വാതിലെനിക്കായ് തുറക്കണേ!

www.malankaralibrary.com


1. 'മൂർ സംഹാരകനായ'
യാക്കോബ് ശ്ലീഹാ



2a. തീർത്ഥാടകന്റെ പ്രാർത്ഥന:
വഴിയരികിൽ വിവിധ ഭാഷകളിൽ
എഴുതിവച്ചിരിക്കുന്നു



1a. സാന്റിയാഗോ കത്തീഡ്രലിലേയ്ക്കുള്ള
വഴി കാണിക്കുന്ന വിവിധ അടയാളങ്ങൾ

www.malankaralibrary.com



2b. തീർത്ഥാടനത്തിൽ മരിച്ച മകന്റെ ചിതാഭസ്മവുമായി സാന്റിയാഗോ തീർത്ഥാടനം നടത്തുന്ന മാർട്ടിൻ ഷീൻ (The Way എന്ന ചിത്രത്തിലെ ഒരു ദൃശ്യം)




3. സാന്റിയാഗോയിലേയ്ക്കുള്ള അടയാള സൂചിക

www.malankaralibrary.com




3a. തീർത്ഥാടനത്തിന് ആവശ്യമായ സാധനങ്ങൾ വിൽക്കുന്ന വഴിയരികിലെ ഒരു കട



4. സഹയാത്രികനായ ജാംപൗളോയോടൊപ്പം – മഴയുള്ള ഒരു ദിവസത്തെ തീർത്ഥാടന നടത്തം

www.malankaralibrary.com



4a. സ്പെയിനിലെ സേവില്ലിൽ
നിന്നുള്ള പെദ്രോ



5. റോൻസസ്സ്‌വാലസ് പള്ളിയിലെ തീർത്ഥാടകർക്കായുള്ള കുർബാന

www.malankaralibrary.com



5a. ‘‘ക്ഷമിക്കുന്ന മല’’യിൽ പണിതുവച്ചിരിക്കുന്ന തീർത്ഥാടന പ്രതീകങ്ങൾ




6. ടോസാന്റോസിലെ ഫ്രാൻസിസ്കൻ ആശ്രമത്തിന്റെ പുറത്തുള്ള സൈൻ



6a. ബുർഗോസ് കത്തീഡ്രൽ

www.malankaralibrary.com





7. ഫ്രഞ്ച് വഴി (French Camino)





7a. വടക്കൻ തീർത്ഥാടന വഴി (Camino del Nord)

www.malankaralibrary.com



8. സാൻജീൻ പിയേദി പോർട്ടിലെ കവാടം



8a. തീർത്ഥാടന പാതയിൽ തീർത്ഥാടകർക്കുള്ള വെള്ളം തരുന്ന പൈപ്പുകൾ എവിടെയും കാണാം

www.malankaralibrary.com




9. താഴ്‌വാരത്തു നിന്നും തീർത്ഥാടകർ കൊണ്ടുവന്ന കല്ലുകൾ കൊണ്ടുണ്ടാക്കിയ ചെറിയ മല



9a. എന്നെ ഭയപ്പെടുത്തിയ വഴിയുടെ തുടക്കം

www.malankaralibrary.com



10. സാന്റിയാഗോ കത്തീഡ്രലിനു മുമ്പിൽ ജാംപൗളോയോടൊപ്പം



10a. യാക്കോബിന്റെ കബറിനു മുമ്പിൽ - പ്രധാന അൾത്താരയ്ക്കു താഴെയാണ് യാക്കോബിനെ അടക്കം ചെയ്തിരിക്കുന്നത്



10b. സാന്റിയാഗോ കത്തീഡ്രലിലെ 80 കിലോ തൂക്കം വരുന്ന ധൂപക്കുറ്റി

www.malankaralibrary.com



11. ലോകത്തിന്റെ അതിർത്തി - ഫിനിസ്റ്ററിൽ തീർത്ഥാടനം അവസാനിക്കുന്നു



12. ഫിനിസ്റ്റർ (ലോകത്തിന്റെ അതിർത്തി)



13. തീർത്ഥാടകരുടെ പാസ്പോർട്ട് (ഓരോ സത്രത്തിലെയും താമസത്തിനായി ഈ പാസ്പോർട്ട് കാണിക്കണം. യാത്രയുടെ അവസാനം തീർത്ഥാടന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ഇത് ആവശ്യമാണ്).

www.malankaralibrary.com

www.malankaralibrary.com



Omnes dies et noctes quasi sub una sollempnitate continuato gaudio ad Domini et apostoli decus ibi excoluntur. Valve eiusdem basilice minime clauduntur die noctuque, et nullatenus nox in ea fas est haberi atra (cf. Ap 21, 25) quia candelarum et cereorum splendida luce ut meridies fulget". (Códice Calixtino)

El Cabildo de la Santa Apostólica Metropolitana Catedral de Santiago de Compostela sita en la región occidental de las Españas, a todos los que vieren esta carta de certificación de visita, hace saber que:

Fr. Mathew Charthacuzhiyil

ha visitado la Basilica donde desde tiempo inmemoral los cristianos veneran el cuerpo del Beato Apóstol Santiago.

Con tal ocasión, el Cabildo llevado del deber de caridad, al tiempo que con gozo, le dan al peregrino el saludo del Señor y piden -por intercesión del Apóstol- que el Padre se digne concederle las riquezas espirituales de la peregrinación, así como los bienes materiales. Bendígalo Santiago y sea bendito.

Dada en Compostela, Meta del Camino de Santiago, el día 30 del mes Junio del año 2017

Despues de realizar 815 Kms. Desde Irún
donde comenzó el 05 de Junio del 2017 por la ruta del Camino del Norte

Segundo L. Pérez López
Deán de la S.A.M.I. Catedral de Santiago

14. സാന്റിയാഗോ കത്തീഡ്രലിൽ നിന്നും യാത്രയുടെ അവസാനം ലഭിക്കുന്ന സർട്ടിഫിക്കറ്റ്




15. യാത്രയിലെ ചില ദൃശ്യങ്ങൾ




16.വഴിയിൽ ഒരു മ്യൂസിയത്തിന്റെ മുൻവശത്ത് ഒരു ഫ്രാൻസിസ്കൻ തീർത്ഥാടകന്റെ രൂപത്തിനു പിന്നിൽ

www.malankaralibrary.com



17. വഴിയിൽ നിരവധി തീർത്ഥാടകർ



18. യാത്രയുടെ അവസാനം വഴിയിൽ കണ്ടുമുട്ടിയ
തീർത്ഥാടകർക്കൊപ്പം ഒരു അത്താഴം

www.malankaralibrary.com



19. യാത്രയിലെ ചില ദൃശ്യങ്ങൾ




20. യാത്രയിലെ ചില ദൃശ്യങ്ങൾ

www.malankaralibrary.com




21. സാന്റിയാഗോ നഗരത്തിന്റെ പ്രവേശന കവാടത്തിൽ ബൈലോറഷ്യൻ സുഹൃത്തുക്കളോടൊപ്പം



22. യാത്രയിലെ ചില ദൃശ്യങ്ങൾ

www.malankaralibrary.com




23. വഴിയിലെ മനോഹരദൃശ്യം –
പശ്ചാത്തലത്തിൽ സാൻ സെബാസ്റ്റ്യൻ നഗരം



24. ജീവിതത്തിലെ ഒരു തീർത്ഥാടനം
അവസാനിക്കുമ്പോൾ മറ്റൊന്ന് ആരംഭിക്കുന്നു;
സ്വർഗ്ഗത്തിലെത്തും വരെ നമ്മുടെ
തീർത്ഥാടനം തുടരുന്നു.

www.malankaralibrary.com

www.malankaralibrary.com



മലങ്കര സുറിയാനി കത്തോലിക്കാ സഭ എല്ലാ വർഷവും ജൂലൈ മാസത്തിൽ പുണ്യപിതാവായ ദൈവദാസൻ, മാർ ഈവാനിയോസിന്റെ കബറിങ്കലേയ്ക്ക് പ്രാർത്ഥനാപൂർവ്വം ഒരാഴ്ച നീണ്ടു നിൽക്കുന്ന പദയാത്ര നടത്താറുണ്ട്. വലിയ ആത്മീയാനുഗ്രഹത്തിന്റെയും ദൈവീക കൃപയുടെയും അവസരമാണ് ഇതെന്ന് വ്യക്തിപരമായ അനുഭവത്തിൽ നിന്നും എനിക്ക് പറയുവാൻ സാധിക്കും. ക്രിസ്തീയചിന്ത അനുസരിച്ച്, ഭൂമിയിൽ ഹ്രസ്വകാലത്തെ തീർത്ഥാടനത്തിന് എത്തിയിരിക്കുന്നവരാണ് നമ്മൾ. സ്വർഗ്ഗത്തിലെത്തുമ്പോഴാണ് ഈ തീർത്ഥാടനപാത പൂർണ്ണത കൈവരിക്കുന്നത്. വി. ലൂക്കൊസിന്റെ അപ്പസ്തോല പ്രവർത്തനങ്ങളിൽ ആദിമക്രൈസ്തവരെ "പുതിയ വഴിയിലൂടെ സഞ്ചരിക്കുന്നവർ" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

വി. യാക്കോബ് ശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന സ്പെയിനിലെ സാന്റിയാഗോ, സഭയിലെ പുണ്യസ്ഥലങ്ങളിൽ പ്രധാനപ്പെട്ടതാണ്. ആയിരത്തിലധികം വർഷം പഴക്കമുള്ള സാന്റിയാഗോ തീർത്ഥാടനത്തിൽ ഇന്ന് ലക്ഷക്കണക്കിന് ആളുകളാണ് ഭക്തിനിർഭരമായി സംബന്ധിക്കുന്നത്. ബഹു. മാത്യു ചാർത്താക്കുഴിയിലച്ചൻ 2014-ലും 2017-ലും ഓരോ മാസമെടുത്താണ് ഈ തീർത്ഥാടനം പൂർത്തിയാക്കിയത്. 1,600 കിലോമീറ്ററുകൾ പ്രാർത്ഥനാപൂർവ്വം നടന്ന അനുഭവങ്ങളാണ് "യാക്കോബിന്റെ വഴി: തീർത്ഥാടന കുറിപ്പുകൾ" എന്ന ഗ്രന്ഥത്തിലൂടെ അദ്ദേഹം വിവരിക്കുന്നത്.

ഫ്രാൻസിലെയും സ്പെയിനിലെയും തീർത്ഥാടനപാതകൾ മലയാളികൾക്ക് പരിചയപ്പെടുത്തുന്നതോടൊപ്പം വഴിയിൽ കണ്ടുമുട്ടിയ മറ്റ് തീർത്ഥാടകരുടെ ജീവിതാനുഭവങ്ങളും ബഹു. അച്ചൻ ഈ ഗ്രന്ഥത്തിലൂടെ വായനക്കാരോടു പറയുന്നു. വലിയ അറിവും, ആത്മീയാനുഭവവും അനുവാചകർക്ക് പകർന്നു നൽകുന്ന രചനാശൈലിയാണ് ബഹു. അച്ചന്റേത്. ക്രൈസ്തവ കാഹളം മാസികയിലെ സ്ഥിരം എഴുത്തുകാരനായ അച്ചന്റെ തൂലികയിൽ നിന്നും ഇത്തരത്തിൽ അനേകം നല്ല കൃതികൾ ഇനിയുമുണ്ടാകട്ടെ എന്ന് ഞാൻ ഹൃദയപൂർവ്വം ആശംസിക്കുന്നു. എന്റെ എല്ലാ വിധമായ അനുഗ്രഹങ്ങളും അഭിനന്ദനങ്ങളും നേരുന്നു.

**+ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കോസ്

*available online:* www.lifeday.in

Lifeday Books, Kottayam - 4
Ph : +91 - 8078805649
www.lifeday.in

₹ 000/-